032:3N007:11 J2:1 VAIRAMALA EZUTHACHAN.

032:3N007:11
J2;1

N007:11
J2;1
5
hans

MUL
165525

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or befo
the date last marked below.

18 NOV 1959

23 MAR 1960

31 DEC 1960

26 JAN 1963

11 MAR 1967

O. 61

Vairamala

# വൈരമാല

UNIVERSITY LIBRARY
2 DEC 1955
MADRAS

Ezhuthachan (K.S.)

ഗ്രന്ഥകർത്താ:

വിദ്വാൻ, കുറുവാൻതൊടി ശങ്കരനെഴുത്തച്ഛൻ.

Prakasa Kaumudi Press Kozhikode

പ്രസാധകന്മാർ:

പ്രകാശകൌമുദി അച്ചുക്കൂടം, കോഴിക്കോട്ട്

1952] [വില 1—4—0

First Edition

*Copy right to publishers*

(പകർപ്പവകാശം പ്രസാധകന്മാർക്കുള്ളതാകുന്നു.)

PUBLISHERS:
Prakasakaumudi Printing Works, Calicut.

Registered Publishers. Regd. No. 402

165525
38453
O 32;3 N007:11

PRINTED AT
THE PRAKASAKAUMUDI PRINTING WORKS, CALICUT

# കഥകൾ


1. തിരിച്ചടി .... .... 1
2 ഒരാൾക്കെത്ര ഭൂമിവേണം .... 31
3. വൈരമാല .... .... 68
4. നമ്മക്കു കിട്ടിയ ശിക്ഷ .... .... 90
5. കർത്തവ്യം .... .... 106
6. ഭിക്ഷക്കാരൻ .... .... 117

# വൈരമാല

## തിരിച്ചടി *

['പ്രേമചന്ദി'ന്റെ 'മന്ത്ര'മെന്ന കഥയുടെ വിവർത്തനമാണിതു്. 'ഉപന്യാസ സമ്രാട്ടു്' (നോവലെഴുത്തുകാരുടെ ചക്രവർത്തി) എന്നാണദ്ദേഹത്തെ വിളിച്ചുവരുന്നു. 'പ്രേമചന്ദു്' എന്നതു ഒരു തൂലികാനാമധേയമാണു്. അദ്ദേഹത്തിന്റെ ശരിയായ നാമധേയം 'ധനപതിറോയി ശ്രീവാസ്തവ' എന്നാണു്. 1901-ൽ അദ്ദേഹം മരിച്ചു. വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലായിരുന്നു ഉദ്യോഗം ഭരിച്ചിരുന്നതു്. ഹിന്ദുസ്ഥാനികഥയെഴുത്തുകാരിൽ പ്രേമചന്ദു് അദ്വിതീയനായി നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ വകയായി 'സപ്തസരോജ്' 'പ്രേമപഞ്ചമി' എന്നതുടങ്ങി അനേകം കഥാസമാഹാരങ്ങളുണ്ടു്. കുറേ വലിയ നോവലുകളും അദ്ദേഹം എഴുതീട്ടുണ്ടു്. ദേശാഭിമാനോത്തേജകമാണദ്ദേഹത്തിന്റെ സാഹിത്യം. 1901-ൽ ഡിസ്ട്രിക്ടു് കമീഷണർ രാജ്യദ്രോഹത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ ഒരു പുസ്തകം പരസ്യമായി ചുട്ടുകളയുകയുണ്ടായി. മഹാത്മജിയുടെ സ്വാധീനശക്തിയിൽപ്പെട്ടിരുന്ന ഈ അനുഗൃഹീതസാഹിത്യകാരൻ തരുണഭാരതത്തിന്റെ രൂപവല്ക്കരണത്തിൽ വളരെയധികം പരിശ്രമിച്ചിട്ടുണ്ടു്. ഇന്ത്യയിലെ യുവസാഹിത്യകാരന്മാരുടെ ഇടയിൽ പ്രേമചന്ദിന്നു് അസൂയാവഹമായ പ്രേരണാശക്തി ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ടു്. അജയ്യനായ ഒരു കലാകാരനേയും ധാർമ്മികപ്രചോദനം ചെയ്യുന്ന ഒരാചാര്യനേയും ഒരുമിച്ചു് പ്രേമചന്ദിൽ കാണുന്നതാൻ സാധിയ്ക്കും. ഇംഗ്ലീഷ് മുതലായ ഭാഷകളിലേയ്ക്കു് അദ്ദേഹത്തിന്റെ കൃതികൾ തർജ്ജമ ചെയ്തിട്ടുണ്ടു്; ഈ കഥ 'മാനസരോവര'ത്തിലുള്ളതാണു്.]

---

* പ്രേമചന്ദു്

# I

സമയം വൈകുന്നേരമായി. ഡാക്ടർ കൃഷ്ണദാസ് 'ഗോൾഫ്' കളിപ്പാനായി പുറത്തുപോവാൻ തുടങ്ങുകയാണു്. കാർ ഗയിററിന്നടുത്തെത്തി. അപ്പോൾ ഒരു കുട്ടിയേയും എടുത്തു് ഒരു മഞ്ചൽ വന്നെത്തി. മഞ്ചലിൻെറ പിന്നിൽ ഒരൂന്നുവടിയുടെ സഹായത്തോടുകൂടി നടന്നിരുന്ന ഒരു വൃദ്ധനും ഉണ്ടായിരുന്നു. മഞ്ചൽ ആസ്പത്രിയുടെ മുമ്പിൽ നിൎത്തി, ആ വയസ്സൻ മെല്ലെ ഗയിററു കടന്നു ചെന്നു് കട്ടൻ ഒന്നു നീക്കി അകത്തേയ്ക്കെത്തിനോക്കി. അയാൾക്കു് തൻെറ കാൽ അകത്തേയ്ക്കുവെപ്പാൻ ഭയമായി! വളരെ വൃത്തിയായിട്ടുള്ള ആ സ്ഥലത്തെങ്ങാനും താൻ ചവിട്ടിയാൽ ആരെങ്കിലും വന്നു് ആക്ഷേപിച്ചാലൊ എന്നായിരുന്നു പേടി. ഡാക്ടർ ആ മേശയ്ക്കരികത്തിരിയ്ക്കുന്നതു് ആ വയസ്സൻ കണ്ടിരുന്നുവെങ്കിലും അദ്ദേഹത്തോടെന്തെങ്കിലും പറവാൻ ആ വൃദ്ധനു ധൈൎയ്യമുണ്ടായിരുന്നില്ല.

ഡോക്ടർ ഉറക്കെച്ചോദിച്ചു:–'താനാരാണു്? എന്തു വേണം?'

കൂപ്പുകയ്യുകളോടുകൂടി ആ വൃദ്ധൻ മറുപടി പറഞ്ഞു:–"എജമാൻനേ, ഞാൻ വളരെ സാധുവാണു്. കുറേക്കാലമായി എൻെറ കുട്ടി......

ഡാക്ടർ ഒരു സിഗററെററടുത്തു പിടിപ്പിച്ചു് ഇങ്ങിനെ പറഞ്ഞു:–"നാളെ രാവിലെ വരു; ഈ സമയത്തു ഞാൻ രോഗികളെ നോക്കാറില്ല."

ആ വയസ്സൻ മുട്ടുകുത്തി നമസ്കരിച്ചുകൊണ്ടു്:–'എജമാൻനേ, ഞാനവിടുത്തോടപേക്ഷിയ്ക്കുന്നു; കുട്ടി മരിച്ചു പോകും! നാലുദിവസമായിട്ടവൻെറ കണ്ണു്......"

ഡോക്ടർ തൻെറ റിസ്റ്റ്വാച്ചു നോക്കി; പത്തു മിനിററു കഴിയുമ്പോഴയ്ക്കു് അദ്ദേഹത്തിന്നു് ക്ലബ്ബിൽ എത്തേണ്ടതുണ്ടായിരുന്നു. ആണിയിൽനിന്നു് ഗോൾഫ് വടിയെടുത്തു് അദ്ദേഹം പറഞ്ഞു:–"നാളെ വരു; ഇതു് ഞങ്ങൾക്കു കളിയ്ക്കുവാനുള്ള സമയമാണു്."

വയസ്സൻ തൻെറ തലേക്കെട്ടെടുത്തു് ഉമ്മറപ്പടിമേൽ വെച്ചു് തേങ്ങിക്കരഞ്ഞുകൊണ്ടുപറഞ്ഞു:–"എജമാൻനേ, ഇപ്പോൾതന്നെ ഇതാ ഒരു നോക്കു് എൻെറ കുട്ടിയെ നോക്കണേ! ഒന്നു നോക്കിയാൽമതി. എൻെറ ഏഴു കുട്ടികളിൽ എനിയ്ക്കു ബാക്കി കിട്ടീട്ടുള്ളതാണു് അതു്. അവൻെറ സ്ഥിതി മോശമാണു്; അവനെന്തെങ്കിലും വന്നുവെങ്കിൽ ഭാൎയ്യയും ഞാനും ആ സങ്കടംകൊണ്ടു മരിയ്ക്കും. അവിടുത്തെ ദൈവം അനുഗ്രഹിയ്ക്കും!"

ദിനംപ്രതി ഇങ്ങിനത്തെ വിഡ്ഢികളും ദുശ്ശാഠ്യക്കാരുമായ ഗ്രാമീണർ ഡോക്ടരെ കാണ്മാൻ വന്നിരുന്നു; അദ്ദേഹത്തിന്നവരുടെ പ്രകൃതി നല്ലവണ്ണമറിയാം; അവർ പറഞ്ഞതുതന്നെ പറഞ്ഞുകൊണ്ടിരിയ്ക്കും. അങ്ങോട്ടു് പറഞ്ഞതൊന്നും ശ്രദ്ധിയ്ക്കുകയുമില്ല. ഡോക്ടർ മെല്ലെ പുറത്തേയ്ക്കു വന്നു്, കാറിൻെറ സമീപത്തേയ്ക്കുനടന്നു; ആ വൃദ്ധൻ അദ്ദേഹത്തിൻെറ പിന്നാലെ വിളിച്ചുപറഞ്ഞു

കൊണ്ടുചെന്നു:-"എജമാൻനേ, ഞാൻ പ്രാൎത്ഥിയ്ക്കുന്നു; ദയയുണ്ടാകണേ! ഞാൻ വളരെ പാവമാണു്. യാതൊരു സുഖവുമില്ല. ബാബുജി, എനിയ്ക്കീലോകത്തിലാരുമില്ല."

എന്നാൽ ഡോക്ടർ അയാളെ തിരിഞ്ഞുനോക്കിയ തേയില്ല. "നാളെ രാവിലെ വരു" എന്നും പറഞ്ഞു് അദ്ദേഹം കാറിൽച്ചെന്നുകയറി.

കാറു ദൂരത്തിലായിക്കഴിഞ്ഞു; വയസ്സൻ കുറച്ചുദൂരം അവിടെത്തന്നെ ഒരു കൽപ്രതിമപോലെ നിലകൊണ്ടു. ഒരു സഹജീവിയുടെ പ്രാണനേക്കാൾ തങ്ങളുടെ ആനന്ദ ത്തെ വിലമതിക്കുന്ന ചില ആളുകളും ഈ ലോകത്തിലു ണ്ടായിരിക്കുമെന്നു് ഒരു പക്ഷെ ആ സാധുവൃദ്ധന്നു് വിശ്വ സിപ്പാൻ കഴിഞ്ഞിരിക്കയില്ല. ഹൃദയം പിളൎക്കുന്ന ഇത്തരം ഒരനുഭവം അയാൾക്കിതുവരെ ഒരിയ്ക്കലും ഉണ്ടാ യിട്ടില്ല. പഠിപ്പും പരിഷ്കാരവുമൊക്കെയുള്ള ആളുകളുടെ ഇടയിൽ ഇത്തരം ദയയില്ലാത്ത ക്രൂരന്മാരുണ്ടാകുമെന്നു് അയാൾ വിചാരിച്ചിരിയ്ക്കയില്ല. അയാളൊരു പഴയ സമ്പ്രദായക്കാരനായിരുന്നു: എപ്പോഴും അയാൾ പ്രതി ഫലമൊന്നുമില്ലാതെ അന്യന്മാരെ സഹായിച്ചുകൊണ്ടി രുന്നു. വല്ലേടത്തും തീപിടിച്ചിട്ടുണ്ടെങ്കിൽ അതു തല്ലുകെ ട്ടുവാൻ അയാളവിടെയെത്തും. ശവം എടുത്തുകൊണ്ടു പോവാൻ ആളില്ലാതെ ഞെരുക്കം വന്നാൽ അയാൾ സഹാ യിയ്ക്കും. പുരയുടെ വല്ലഭാഗവും കേടുവരുന്നുണ്ടെങ്കിൽ അതു നേരെയാക്കുവാനും അയാളുണ്ടു്. വല്ലേത്തും ആളു

കാറ്റത്തമ്മിൽ ശണ്ടക്കൂടുന്നുണ്ടെങ്കിൽ അതു സമാധാനമാക്കു വാനും ആ വൃദ്ധൻ എത്താതിരിയ്ക്കയില്ല. കാർ കണ്ണിൽ നിന്നു മറയുന്നതുവരെ കിഴവൻ അതിൻെറനേരെ നോക്കി കൊണ്ടുനിന്നു. ഒരുപക്ഷെ ഡാക്ടർ വരുമെന്നായിരിക്കാം ആ സാധു വിചാരിച്ചിട്ടുള്ളതു്. അവസാനം മുഞ്ചെല്ലെ ടുത്തു് വീട്ടിലേയ്ക്കു മടങ്ങിപ്പോവാൻ അയാാം മഞ്ചൽക്കാ രോടു് പറഞ്ഞു; സർവ്വ ആശകളും നശിച്ചശേഷമാണു് അങ്ങിനെചെയ്തതു്. ഡോക്ടരെപ്പററി ആളുകഠം വളരെ യൊക്കെ പുകഴ്ത്തിപ്പറയുന്നതു് അയാാം കേട്ടിട്ടുണ്ടായി രുന്നു. ഇവിടേനിന്നിങ്ങിനെ നിരാശവന്നപ്പോഠം പിന്നെ അയാാം എവിടേയും പോയില്ല. അയാാം സ്വന്തം വിധി യെ ശപിയ്ക്കുകമാത്രം ചെയ്തു.

അതേരാത്രിതന്നെ ഏഴുവയസ്സായ ആ കുട്ടി ഒന്നു പുഞ്ചിരിയിടുകയും കളിയ്ക്കുകയും ചെയ്തശേഷം, ഈ ലോ കത്തിലെ തൻെറ ചെറിയജീവിതം അവസാനിപ്പിച്ചു. ആ മാതാപിതാക്കന്മാരുടെ എല്ലാ ആശകളുടേയും ഒരു കേന്ദ്രം ആ കുട്ടിയായിരുന്നു. അവൻെറ മുഖമായിരുന്നു അവരു ടെ ജീവിതത്തിൽ ആകെയുണ്ടായിരുന്ന ഒരാനന്ദവസ്തു. അവൻെറ ജീവിതത്തിൻെറ വെളിച്ചം കെട്ടുകഴിഞ്ഞപ്പോഠം അവരുടെ ജീവിതത്തിൻെറ നേരെ ക്രൂരിരുഠം തുറിച്ചുനോ ക്കുവാൻ തുടങ്ങി. വാൽക്യത്തിലെ ഗാഢമായ സ്നേഹം അവരുടെ ഹൃദയത്തിൽ തിരയടിച്ചുകൊണ്ടിരുന്നു. അവർ രാത്രിതോറും ദയനീയമായി തേങ്ങിക്കരഞ്ഞുകൊണ്ടു് കഴി ച്ചുകൂട്ടി.

## II

വളരെ കൊല്ലങ്ങൾ കഴിഞ്ഞു. ഡാക്ടർ കൃഷ്ണദാസ് ധാരാളം യശസ്സും ധനവും സമ്പാദിച്ചുകഴിഞ്ഞു; എങ്കിലും അദ്ദേഹത്തിൻെറ ആരോഗ്യം നല്ലനിലയിൽ ഇന്നും നില നിന്നിരുന്നു. ഇത് സാധാരണമാണല്ലൊ. നിയമിതജീവിതം അദ്ദേഹത്തെ അനുഗ്രഹിച്ചു. അൻപതുവയസ്സിൽ ചുറുചുറുക്കുകൊണ്ടും ദേഹശക്തികൊണ്ടും അദ്ദേഹം യുവാക്കന്മാരെ ലജ്ജിപ്പിച്ചു. ഓരോ പ്രവൃത്തി ചെയ്യാനും അദ്ദേഹത്തിന്നോരോ കൃത്യസമയമുണ്ടായിരുന്നു. അതിൽ നിന്നൊരിയ്ക്കലും ഒരണുപോലും തെററിയിരുന്നില്ല. സാധാരണയായി ആളുകൾ ദീനത്തിൽപ്പെട്ടുമ്പോൾ മാത്രമാണു് ആരോഗ്യത്തിൻെറ നിയമങ്ങൾ അനുസരിച്ചു നടക്കാറുള്ളതു്; എന്നാൽ ദീനം ഉണ്ടായശേഷം അതിന്നു ചികിത്സിയ്ക്കുന്നതിനേക്കാൾ നല്ലതു് അതുണ്ടാവാതിരിപ്പാൻ നോക്കുന്നതാണെന്നു് ഡോക്ടൎക്കറിയാമായിരുന്നു.

രണ്ടുകുട്ടികളെ ഡോക്ടൎക്കുണ്ടായിരുന്നുള്ളു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും മൂന്നാമതൊന്നുണ്ടായിരുന്നില്ല. പെൺകുട്ടിയെ കല്യാണം കഴിച്ചുകൊടുത്തിരുന്നു. ആൺകുട്ടി കോളേജിലും ആയിരുന്നു. അവനാണു് മാതാപിതാക്കന്മാരുടെ മുഖ്യമായ ആധാരം. കുട്ടി വളരെ മൎയ്യാദക്കാരനും, പാകതയുള്ളവനും, ചുറുചുറുക്കുള്ളവനും, ഉദാരനുമായിരുന്നു. അവൻെറ അനേകം നന്മകൾ അവനെ കോളേജിൻെറ ഒരഭിമാനഭാജനവും, യുവാക്കന്മാരുടെ ഇടയിൽ ഒരാ

ഭരണവുമാക്കിത്തീൎത്തു. അയാളുടെ മുഖം പ്രകാശംകൊണ്ടു് വെട്ടിത്തിളങ്ങി. ഇന്നയാളുടെ ഇരുപതാമത്തെ പിറന്നാളാണു്.

വൈകുന്നേരമായി. പച്ചപ്പുല്ലുകൊണ്ടു പരവതാനി വിരിച്ച വിശാലമായ മുററത്തു് കസേരകൾ വരിവരിയായി ഇട്ടിരിക്കുന്നു. ഒരററത്തു് ഉദ്യോഗസ്ഥന്മാരും നാട്ടുപ്രമാണികളും മറേറ അററത്തു് കേളേജുവിദ്യാൎത്ഥികളും ഭക്ഷണത്തിന്നിരിക്കുകയാണു്. വിദ്യുദ്ദീപങ്ങളാൽ അവിടമെങ്ങും പ്രശോഭിതമായിരുന്നു. വിവിധവിനോദങ്ങൾക്കുള്ള ഏൎപ്പാടുകൾ ചെയ്തിരുന്നു. അഭിനയിക്കേണ്ടതിലേക്കു് ഒരു പ്രഹസനം നിൎമ്മിച്ചിരുന്നു. കൈലാസനാഥൻതന്നെയായിരുന്നു അതിൻെറ കൎത്താവു്. പ്രധാനനടനും അയാൾതന്നെയായിരുന്നു. കൈലാസൻ തൻെറ സ്നേഹിതന്മാരെ സല്ക്കരിക്കുന്നതിൽ മുഴുകിയിരിക്കുകയാണു്. അയാളവരെ നാലുഭാഗത്തുനിന്നും വിളിച്ചു് ഓരോ നേരംപോക്കുകൾ പറഞ്ഞുകൊണ്ടിരുന്നു. ഒരു നിമിഷംപോലും അവന്നൊരൊഴിവു കിട്ടിയിരുന്നില്ല. അപ്പോൾ ഒരു ചെറുപ്പക്കാരിയായ യുവതി അവൻെറ അടുത്തേക്കു ചെന്നു പറഞ്ഞു:– "കൈലാസു്, താങ്കളുടെ പാമ്പുകളെവിടെ? ദയ ചെയ്തു് എനിക്കവയെ ഒന്നു കാണിച്ചുതരൂ."

കൈലാസു് മറുപടി പറഞ്ഞു:– "മൃണാളിനി, മാപ്പു്! ഞാനവയെ നാളെക്കാണിക്കാം."

മൃണാളിനി അവനെ നിൎബ്ബന്ധിക്കാൻ തുടങ്ങി. "അല്ല, ഇപ്പോൾത്തന്നെ കാണിച്ചേ കഴിയൂ. ഞാൻ നിങ്ങളെ

വീട്ടവാൻ പോകുന്നില്ല. എല്ലാദിവസവും 'നാളെക്കാണി ക്കാ'മെന്നു വാഗ്ദത്തം ചെയ്കയാണു പതിവു്."

മൃണാളിനിയും കൈലാസനും ക്ലാസ്മെറേറുകൾ (സബ്രഹ്മചാരികൾ) ആയിരുന്നു. അവർ പരസ്പരം അനു രക്തരുമത്രെ. കൈലാസനു് പാമ്പുകളെ പോററുന്ന തിലും അവയെ കളിപ്പിക്കുന്നതിലും ആട്ടിക്കുന്നതിലുമെല്ലാം വലിയ ആനന്ദമായിരുന്നു. പല വര്ഗ്ഗത്തിലുംപെട്ട കുറേ പാമ്പുകൾ അയാളുടെ കൈവശത്തിലുണ്ടായിരുന്നു. കുറച്ചു ദിവസംമുമ്പു് അയാൾ പാമ്പുകളെക്കുറിച്ചു ഏററവും രസ കരമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി; എന്നുമാത്രമല്ല പാമ്പുകളെ ആട്ടിച്ചുകാണിക്കുകയും ചെയ്തു. പ്രാണിശാ സ്ത്രത്തിൽ വലിയ വിദ്വാന്മാരായ പ്രഫസർമാർകൂടി ആ പ്രസംഗംകേട്ടത്ഭുതപ്പെട്ടു. സര്പ്പങ്ങളെ ഇണക്കി സ്വാധീ നമാക്കുന്നതിന്നുള്ള കലകൂടി ഒരു വൃദ്ധനായ പാമ്പാട്ടിയിൽ നിന്നയാൾ പഠിച്ചിരുന്നു. വിഷമിറക്കുവാനുള്ള ഒററമൂലി കകൾ സമ്പാദിക്കുന്നതും വിഷമിറക്കുന്നതും എല്ലാം അയാ ൾക്കു വലിയ വിനോദമായിരുന്നു. മൃണാളിനി പലസന്ദര്ഭ ങ്ങളിലും അവിടെ വരികയുണ്ടായിട്ടുണ്ടു്; എന്നാൽ ഒരി ക്കലും അവൾ പാമ്പുകളെ കാണുന്നതിൽ ഇത്രയധികം ഔത്സുക്യം ഇതിന്നുമുമ്പു് കാണിച്ചിട്ടില്ല. ഒരുപക്ഷെ പാമ്പുകളെ കാണുവാനായിരിക്കയില്ല, തനിയ്ക്കു കൈലാ സനിൽ എത്രമാത്രം സ്വാധീനശക്തിയുണ്ടെന്നു് കാണിപ്പാ നായിരിയ്ക്കാം അവളാഗ്രഹിച്ചിരുന്നതു്; പക്ഷെ അതു് ആ്നവസരത്തിലായിപ്പോയി: അവിടെയുണ്ടായിരുന്ന ആ

ജനക്കൂട്ടത്തെക്കാണുമ്പോൾ പാമ്പുകൾക്ക് കോപംവരുമെന്നും രാത്രി അവയെ ഇങ്ങിനെ കോപിപ്പിക്കുന്നതു് അപകടമാണെന്നും അവൾക്കു അറിവുണ്ടായിരുന്നില്ല.

കൈലാസൻ പറഞ്ഞു:- "ദയവുചെയ്തു നാളെവരെ ക്ഷമിക്കുക; അവയെ ആക്കിയിട്ടുള്ള മുറിയിൽ സ്ഥലംപോര. ഈ ആളുകളൊക്കെ ഇപ്പോൾ അങ്ങോട്ടുവരും,"

അപ്പോൾ അയാളുടെ സ്നേഹിതന്മാരിലൊരുത്തൻ പരിഹാസമായിച്ചോദിച്ചു:- "ഇപ്പോൾത്തന്നെ ഒന്നു കാണിച്ചാലെന്താ? ഈ ചെറിയൊരു കാര്യത്തിന്നാണോ ഇത്ര പണി? മിസ് ഗോവിൻഡ്, അയാൾക്കു വഴിപ്പെടേണ്ട. നിങ്ങൾ പറയുന്നതയാൾ ചെയ്യുമോ എന്നു് ഞങ്ങളൊന്നു കാണട്ടെ."

കൈലാസനോട്ട് വേറൊരാൾ പറഞ്ഞു:- "മിസ് ഗോവിൻഡ് അത്രയ്ക്കും സാധുവാണ്. അതാണ് താങ്കളിങ്ങിനെ കാഠിന്യം കാണിക്കുന്നതു്. വേറൊരു ചെറുപ്പക്കാരിയായിരുന്നുവെങ്കിൽ നിങ്ങളോട്ട് കോപിയ്ക്കുമായിരുന്നു."

മൂന്നാമതൊരു സ്നേഹിതൻ പരിഹാസസ്വരത്തിൽ പറഞ്ഞു:- "അവരിനി താങ്കളോടു സംസാരിയ്ക്കുകയില്ല. ഇതൊരു ചെറിയ കാര്യം മാത്രമാണു്; എന്നിട്ടും തന്റെ ജീവിതംകൂടി മൃണാളിനിയ്ക്കുവേണ്ടി സമർപ്പിക്കുമെന്നു് അവകാശപ്പെടുവാൻ ധൈര്യപ്പെട്ടുന്നുവല്ലോ."

മൃണാളിനിയുടെ അസുഖകരമായ മുഖഭാവം കണ്ടു് താൻെറ നിരാകരണം അവളുടെ ഹൃദയത്തെ വാസ്തവമായും മുറിപ്പെടുത്തിയിരിയ്ക്കുന്നുവെന്നു് കൈലാസന്നു മനസ്സിലായി. സദ്യകഴിഞ്ഞു് സംഗീതം ആരംഭിച്ചപ്പോൾ കൈലാസ് മൃണാളിനിയേയും മററു സ്നേഹിതന്മാരേയുംകൂട്ടി പാമ്പുകളെ ആക്കിയ കൂട്ടിൻെറ അടുത്തുചെന്നു് കുഴലെടുത്തു വിളിയ്ക്കുവാൻ തുടങ്ങി. അവൻ പല മുറികളും തുറന്നു് പാമ്പുകളെ ഓരോന്നിനെയായി പുറത്തെടുത്തു. ഹാ! അതെന്തൊരത്ഭുതമായിരുന്നു! ആ ജീവികൾ അവൻെറ ഓരോവിചാരവും വാക്കും മനസ്സിലാക്കുന്നതുപോലെ കാണപ്പെട്ടു. അവൻ ഒന്നിനെപിടിച്ചു പൊന്തിച്ചുനിർത്തി. മറെറാന്നിനെ കഴുത്തിൽചുററി. വേറൊന്നിനെ കയ്യിന്മേൽ ചുററി. മൃണാളിനിക്കു് താൻ ഇതിന്നുവേണ്ടി ശാഠ്യംപിടിച്ചതു നന്നായില്ലെന്നും തോന്നി. അവൾ വീണ്ടും വീണ്ടും കൈലാസനെ കളിയിൽനിന്നു് വിരമിപ്പിക്കുവാൻ ശ്രമിച്ചു. പാമ്പുകളുടെ ആട്ടം കാണേണമെന്നായിരുന്നു അവൾ ആഗ്രഹിച്ചിരുന്നതു്. പാമ്പുകൾ കൈലാസൻെറ കഴുത്തിൽ ചുററുന്നതു കണ്ടപ്പോൾ അവൾക്കവളുടെ പ്രാണൻ പോകുന്നതുപോലെതോന്നി. പക്ഷെ കൈലാസ് അവളുടെ വാക്കുകൾ ശ്രദ്ധിച്ചില്ല. തൻെറ പ്രേമഭാജനത്തിൻെറ മുമ്പിൽവെച്ചു് സാമർത്ഥ്യം കാണിപ്പാനുള്ള ഒരു സന്ദർഭത്തെ അയാൾ ഒഴിവാക്കിക്കളവാൻ തയ്യാറില്ലായിരുന്നു.

അയാളെ ശ്രുണ്ടിപിടിപ്പിക്കാൻ തക്കവണ്ണം ഒരു സുഹൃത്തുപറഞ്ഞു:— "ഒരുപക്ഷെ താങ്കൾ അവയുടെ പല്ലുകൾ പറിച്ചെട്ടത്തിട്ടുണ്ടായിരിക്കും."

ചിരിച്ചുകൊണ്ട് കൈലാസ് പറഞ്ഞു: 'പാമ്പാട്ടികളാണ് അതുചെയ്യുക; ഞാനിവയിൽ ഒന്നിൻെറയും പല്ലുകളഞ്ഞിട്ടില്ല.' ഇങ്ങിനെ പറഞ്ഞ് കൈലാസ് ഒരു കൃഷ്ണസർപ്പത്തെ പിടിച്ചുകൊണ്ട്: "ഇതാ ഇതിലുമധികം വലുതോ വിഷമുള്ളതോ ആയ ഒരു സർപ്പം എൻെറ വശമില്ല. ഇതാരെയെങ്കിലും കടിയ്ക്കുകയാണെങ്കിൽ മരണം നിശ്ചയമാണ്. മന്ത്രംകൊണ്ട് പരിഹാരം ഒന്നും ഉണ്ടാവില്ല. ഞാൻ അതിൻെറ പല്ല് കാണിച്ചുതരാം. നോക്കു" എന്നായി.

മൃണാളിനി അയാളുടെ കൈ മുറുക്കിപ്പിടിച്ചുകൊണ്ട് പറഞ്ഞു: "അരുത്; അരുത് കൈലാസ്; ഈശ്വരനെ വിചാരിച്ച് അതിനെ തനിയേ വിടു. ഞാൻ നിങ്ങളുടെ കാക്കൽ വീണപേക്ഷിയ്ക്കുന്നു."

അപ്പോൾ ഒരു ദേസ്സഹിതൻ പറഞ്ഞു:- 'എൻെറ സംശയം തീൻവെന്ന് പറഞ്ഞുകൂട; പക്ഷെ ഞാൻ നിങ്ങളുടെ വാക്കുവിശ്വസിയ്ക്കുന്നു."

കൈലാസ് സർപ്പത്തിൻെറ കഴുത്തിൽപ്പിടിച്ചുകൊണ്ട് പറയുകയാണ്:- 'അരുത് സേർ, എന്നെ വിശ്വസിയ്ക്കരുത്. നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടശേഷമേ വിശ്വസിക്കാവൂ. പല്ലെടുത്തു

കളഞ്ഞതശേഷമാണ് ഞാനിതിനെ ഇണക്കിയിരിയ്ക്കുന്ന തെങ്കിൽ അതിലെന്താണിത്രയൊക്കെ അഭിമാനിപ്പാനുള്ളത്? സപ്പങ്ങൾ വളരെ സമത്ഥന്മാരാണ്. അങ്ങോട്ടുപദ്രവിയ്ക്കയില്ലെന്നു വിശ്വാസമുള്ളവരെ ഒരിയ്ക്കലും അവ കടിയ്ക്കുകയില്ല.”

കൈലാസ് ഭ്രാന്തുപിടിച്ച ഒരാളെപ്പോലെയാണ് പെരുമാറുന്നതെന്നും, ഈ തമാശ നിത്തേണ്ടതാണെന്നും മൃണാളിനിയ്ക്കു തോന്നി; അവൾ പറഞ്ഞു :- ‘ഞങ്ങൾ പോകുന്നു; നോക്കു, അവിടെ കച്ചേരി തുടങ്ങിയിരിയ്ക്കുന്നു. ഇന്നു ഞാനും ഒന്നുപാടുന്നുണ്ട്.” പിന്നെ അവൾ തന്റെ കൈ കൈലാസിന്റെ ചുമലിൽവെച്ചുകൊണ്ടു് ആ രംഗം അവസാനിപ്പിക്കുവാനായി വാദിച്ചു. അവൾ അവിടേനിന്നു പോവുകയും ചെയ്തു. പക്ഷെ കൈലാസ് തന്റെ വിമർശകന്മാരെ കീഴടക്കിയല്ലാതെ ഒരടിപോലും അവിടെനിന്ന് നീങ്ങുവാൻ തയ്യാറുണ്ടായിരുന്നില്ല. അയാൾ പാമ്പിന്റെ കഴുത്തിൽപ്പിടിച്ച് ഉയരക്കോടെ ഞെക്കി; അതിന്റെ മുഖം ചുവന്നു, അതു കിടന്നുപിടഞ്ഞു. ഇതിലിടയ്ക്കു കൈലാസൻ അതിനോടിങ്ങനെ പെരുമാറുകയുണ്ടായിട്ടില്ല. കൈലാസന്റെ ഉദ്ദേശമെന്താണെന്ന് സപ്പത്തിനു മനസ്സിലായിരുന്നില്ല. അവൻ തന്നെകൊല്ലുവാൻ തുടങ്ങുകയാണെന്നായിരുന്നു പാമ്പിന്റെ വിചാരം. അതുകൊണ്ടതു് ആത്മരക്ഷയ്ക്കു വേണ്ടതുചെയ്യാൻ തയ്യാറായി.

കഠിനമായി കഴുത്തുപിടിച്ചമത്തപ്പോൾ സപ്പം വായ് തുറന്നു; അതിന്റെ വിഷപ്പല്ലുകൾ കാണിച്ചുകൊടുത്തു

കൊണ്ടു് അവൻ പറഞ്ഞു :- 'സംശയമുള്ളവർക്കു വന്നു നോക്കാം. നിങ്ങരം തൃപ്തിപ്പെട്ടുവോ? അതൊ ഇനിയും നിങ്ങരംക്കെന്തെങ്കിലും സംശയമുണ്ടോ?

സ്നേഹിതന്മാരടുത്തുചെന്നു് അതിൻെറ പല്ലുകരം നോക്കിക്കണ്ടു. അവക്കത്ഭുതം തോന്നി! സംശയം നീങ്ങി യപ്പോരം അതിനെ നിലത്തുവെപ്പാനായി കൈലാസ് കഴുത്തിൽനിന്നു് പിടുത്തം ഒന്നയച്ചു; പക്ഷെ ആ സപ്പം കോപംകൊണ്ടു് ഭ്രാന്തനായിക്കഴിഞ്ഞിരുന്നു. കഴുത്തിൽ നിന്നു് പിടുത്തം വിട്ടുവെന്നു കണ്ടപ്പോരം സപ്പം തലയുയ ത്തി കൈലാസൻെറ കൈവിരലിൽ ഭയങ്കരമായി ഊതി ക്കൊണ്ടു കൊത്തിക്കഴിഞ്ഞു! ചോരയൊഴുകിത്തുടങ്ങി. അവൻ വിരലുമമത്തിപ്പിടിച്ചുകൊണ്ടു് ഒററ മൂലികകരം വെച്ചിട്ടുള്ള മുറിയിലേയ്ക്കോടി. ഏതു വിഷവും ആ മൂലി കകരം ശരിയ്ക്കുപയോഗിച്ചിട്ടുണ്ടെങ്കിൽ ഇറങ്ങുമെന്നാ യിരുന്നു വിശ്വസിയ്ക്കപ്പെട്ടിരുന്നതു്. കൈലാസൻെറ സ്നേഹിതന്മാർ അങ്ങേ അററത്തോളം കുഴപ്പത്തിലായി. വത്തമാനം പാട്ടുകച്ചേരി നടക്കുന്നിടത്തു് എത്തി. ഡോ ക്ടർ പരിഭ്രമിച്ചു; അദ്ദേഹം കൈലാസൻെറ അടുത്തേയ്ക്കു് ഓടിയെത്തി. അപ്പോഴയ്ക്കു് വിരലിൻെറ അടിഭാഗം ഒരു ചരടുകൊണ്ടു് മുറുക്കെ കെട്ടിയിരുന്നു. ഈ മൂലികകളി ലൊന്നും ഡോക്ടർക്കു വിശ്വാസമുണ്ടായിരുന്നില്ല. വിരൽ മുറിച്ചുകളയുന്നതിലേയ്ക്കനുകൂലമായിരുന്നു അദ്ദേഹത്തി ൻെറ അഭിപ്രായം; പക്ഷെ കൈലാസിന്നു് ഒററ മൂലിക കളിൽ പൂണ്ണവിശ്വാസമുണ്ടായിരുന്നു. പിയാനോ വായി

ച്ചിരുന്ന മൃണാളിനി വത്തമാനം കേട്ട് കൈലാസൻെറ അടുത്തേയ്ക്കോടിവന്നു. കൈലാസൻെറ കയ്യിൽനിന്നൊഴുകിയിരുന്ന ചോര തൻെറ ടവ്വൽകൊണ്ടു തുടച്ചു. കുറച്ചു നിമിഷംകൊണ്ടു് കൈലാസ് തൻെറ കണ്ണടയ്ക്കുവാൻ തുടങ്ങി. അവൻെറ ചുണ്ടുകൾ മഞ്ഞനിറമായി നില്ക്കുവാൻ വിഷമമായിത്തുടങ്ങി. അവൻ നിലത്തിരുന്നു. അതിഥികളെല്ലാം ആ മുറിയെലെത്തിച്ചേൎന്നു. ഓരോരുത്തരും ഓരോ പരിഹാരങ്ങൾ പറഞ്ഞുതുടങ്ങി; അപ്പോഴേയ്ക്ക് മൂലികയെത്തി. മൃണാളിനി അതു വിരലിന്മേൽ ഉപയോഗപ്പെടുത്തി. ഒരു മിനിട്ടുകൂടികഴിഞ്ഞു. കൈലാസ് നിലത്തു കുഴഞ്ഞുവീണു. അവൻ ചൂണ്ടിക്കാട്ടിയതനുസരിച്ച് ബട്ടനമത്തി; ടേബിൾഫാൻ (വിദ്യുച്ഛക്തികൊണ്ടു പ്രവത്തിയ്ക്കുന്ന വിശറി) വീശുവാൻ തുടങ്ങി. അവസാനം വത്തമാനം അറിഞ്ഞതു് കൈലാസിൻെറ അമ്മയായിരുന്നു. അവരും ഓടിയെത്തി; അവർ കൈലാസിൻെറ അടുത്തു വന്നിരുന്നു് തല മടിയിൽ എടുത്തുവെച്ചു.

ഡോക്ടർ മുട്ടുകുത്തി ചെവിയിൽ ചോദിച്ചു:-"കൈലാസ് എങ്ങിനെയിരിയ്ക്കുന്നു?" കൈലാസ് സാവധാനത്തിൽ തൻെറ കയ്യെടുത്തുവെച്ചു. പക്ഷെ അവനു സംസാരിപ്പാൻ കഴിഞ്ഞില്ല. മൃണാളിനി ദയനീയമായി പിറുപിറുത്തുകൊണ്ടിരുന്നു. "മൂലിക ഫലിയ്ക്കുകയില്ലേ?" ഡോക്ടർ അവൻെറ തലതാങ്ങിക്കൊടുത്തുകൊണ്ടു് പറഞ്ഞു:-"എന്താണു് പറയേണ്ടതു്? ഞാൻ അവൻെറ വിശ്വാസത്തിൽ കുടുങ്ങിപ്പോയി! ഇനി വിരൽ മുറിച്ചു

കളയുന്നതുകൊണ്ടുകൂടി ഫലമുണ്ടാകുമെന്നു തോന്നു ന്നില്ല."

അരമണിക്കൂർ കൈലാസ് ഈ നിലയിൽത്തന്നെ കിടന്നു. പിന്നെ സ്ഥിതി അധികമധികം മോശമാകുവാൻ തുടങ്ങി. ദൃഷ്ടി ഉറച്ചുനിന്നു. കയ്യും കാലും തണുത്തു. മുഖം വിളർത്തു. നാഡിമിടിപ്പില്ലാതെയായി. മരണത്തി ന്റെ എല്ലാ ലക്ഷണവും ആയിക്കഴിഞ്ഞു. ആ വീട്ടിലെ ല്ലാം വിലാപം മുഴങ്ങി. മൃണാളിനി തലയ്ക്കടിച്ചു. കൈലാ സന്റെ അമ്മ മോഹാലസ്യപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നു. ഡോക്ടർ തന്നെത്താൻ കഴുത്തുമുറിച്ചുമരിയ്ക്കുന്നതിൽനിന്ന ദ്ദേഹത്തിന്റെ സുഹൃത്തുക്കൾ തടഞ്ഞിരിയ്ക്കുകയാണ്.

അവിടെ കൂടിയവരിൽ ഒരാൾ പറഞ്ഞു: ഒരു മന്ത്ര വാദിയെ കിട്ടിയെങ്കിൽ ഇനിയും ആശയ്ക്കു വഴിയുണ്ടായി രുന്നു.

ഒരു മുസ്ലീം സ്നേഹിതൻ ഈ അഭിപ്രായത്തെ പിൻ താങ്ങി:-ശവക്കല്ലറയിൽ ആയിട്ടുള്ള ശവങ്ങളെക്കൂടി ജീവി പ്പിച്ചിട്ടുണ്ട്. അങ്ങിനത്തെ അത്ഭുതങ്ങൾ കാണിപ്പാൻ കഴിഞ്ഞിട്ടുള്ളവർ ഇല്ലായ്കയില്ല."

ഡോക്ടർപറഞ്ഞു:- "ഞാൻ ഒരു വിഡ്ഢിയായതു് കൊണ്ടു് കൈലാസനെ അവന്റെ വഴിക്കു വിട്ടു. വിരലെ പ്പോൾതന്നെ മുറിച്ചുകളഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ ഇതു് സംഭവിക്കുമായിരുന്നില്ല. പാമ്പുകളെക്കൊണ്ടുള്ള കളി നിർത്തുവാൻ ഞാനവനെ പലപ്പോഴും ഉപദേശിച്ചിട്ടുണ്ടായി

രുന്നു; പക്ഷെ അവനതു ചെവിക്കൊണ്ടില്ല. ശരി, കഴി യുമെങ്കിൽ ഒരു മന്ത്രവാദിയെ കൊണ്ടുവരു. എനിയ്ക്കുള്ള തെല്ലാം അയാളുടെ കാല്ക്കൽ സമപ്പിച്ചു് ഒരു തോൎത്തുമ ണ്ടുടുത്തു് ഈ വീട്ടിൽനിന്നിറങ്ങിപ്പോകാൻ ഞാൻ ഒരുക്ക മാണു്. എനിയ്ക്കെൻെറ കുട്ടി, ഓമനയായ കൈലാസ്, എഴുന്നീററുകണ്ടാൽ മതി. ദൈവത്തെ വിചാരിച്ചു് ഒരു മന്ത്രവാദിയെ കൂട്ടിക്കൊണ്ടുവരിക."

അതിഥികളിൽ മന്ത്രവാദിയെ പരിചയമുള്ള ഒരാൾ ഓടി; അയാളെ കൂട്ടിക്കൊണ്ടുവന്നു; പക്ഷെ കൈലാസി ൻെറ സ്ഥിതികൾ കണ്ടപ്പോൾ അയാൾക്കു പിന്നെ തൻെറ സാമത്ഥ്യം ഒന്നു പരീക്ഷിച്ചുനോക്കണമെന്നുണ്ടാ യില്ല. "ഇനി എന്താണു് ചെയ്യേണ്ടതു്?" അയാൾ ചോ ദിച്ചു. "സംഭവിക്കേണ്ടതു സംഭവിച്ചുകഴിഞ്ഞു."

ഡോക്ടർ തിരിച്ചടിച്ചു. "വിഡ്ഢി, താനെന്താണു് 'ആവേണ്ടതു ആയിക്കഴിഞ്ഞിട്ടില്ല' എന്നു പറയാത്തതു്? സംഭവിക്കേണ്ടതു് സംഭവിച്ചുകഴിഞ്ഞിട്ടില്ലെല്ലോ. അവ ൻെറ മാതാപിതാക്കന്മാരവനെ ഒരു വരനായി കണ്ടുകഴി ഞ്ഞിട്ടില്ല. മൃണാളിനിയുടെ ആശാതരു വളന്നു് വേണ്ടതു പോലെ താരും തളിരുമണിഞ്ഞിട്ടില്ല. ജീവിതത്തെ ആന ന്ദത്തിൻെറ ഒരരുവിയാക്കിത്തീക്കുന്ന മനസ്സിൻെറ സുവ ൎണ്ണസ്വപ്നം അനുഭവപ്പെട്ടുകഴിഞ്ഞിട്ടില്ല. ജീവിതസമുദ്ര ത്തിൽ പെട്ടെന്നു ഞങ്ങളുടെ ആനന്ദനൌക മുങ്ങിപ്പോവു കയാണുണ്ടായതു്. എന്താണു് സംഭവിക്കേണ്ടാത്തതു് അതു സംഭവിച്ചുകഴിഞ്ഞു."

അതേ പച്ചവിരിച്ച മററം. ഒരു നിശ്ശബ്ദസംഗീതം പോലെ ലോകത്തെ മുഴവൻ കനകരശ്മികളിൽ ആറാടി ച്ചിരുന്ന അതേ സുവർണ്ണചന്ദ്രൻ. അതേ സുഹൃത്തുക്കളുടെ കൂട്ടം. അതേ വിനോദങ്ങളുടെ ഏപ്പാടുകൾ! പക്ഷെ പൊട്ടിച്ചിരികളല്ല, അവയ്ക്കുപകരം ഇപ്പോളവിടെ ദയനീയങ്ങളായ വിലാപങ്ങളും കണ്ണീരൊഴുക്കമാണുള്ളതു്.

# III

പട്ടണത്തിൽനിന്നു കുറച്ചുനാഴിക അകലെയുള്ള ഒരു ചെറിയവീട്ടിൽ, ആ ശീതളമായ രാത്രിയിൽ ഒരു വൃദ്ധനും വൃദ്ധയും തീയിന്നടുത്തിരിയ്ക്കുകയാണ്. വൃദ്ധൻ തന്റെ ഹുക്ക വലിച്ചുംകൊണ്ടിരിയ്ക്കുന്നു. ഇടയ്ക്കിടയ്ക്ക് കുരയ്ക്കുന്നുമുണ്ടു്. ആ കിഴവി തന്റെ കൈമുട്ടുകൾക്കിടയിൽ തല വെച്ചുകിടന്നു്, തീകത്തുന്നതു് നോക്കിക്കൊണ്ടു് വിശ്രമിയ്ക്കുകയാണു്. ചുമരിന്മേലുള്ള ഒരാണിയിൽ ഒരു ചെറിയ മണ്ണെണ്ണ വിളക്കു് കത്തുന്നുണ്ടു്. അതാവീട്ടിൽ ആകെയുള്ള ഒരു മുറിയായിരുന്നു. അതു കിടപ്പുമുറിയും അടുക്കളയുമായി ഉപയോഗിയ്ക്കുന്നു. ആ മുറിയുടെ ഒരു മൂലയിൽ കുറെ വയ്ക്കോൽ കിടക്കുന്നുണ്ടു്. മറെറാരു മൂലയിൽ അടുപ്പാണു്. ഭത്താവു് ചൂടിയുണ്ടാക്കി അങ്ങാടിയിലേയ്ക്കു കൊണ്ടുപോയി വില്ക്കും. ഭാര്യ ചാണകവും ഉണങ്ങിയ ചുള്ളിക്കൊമ്പുകളും പെറുക്കിയുണ്ടാക്കും. ദേഹം നിലനിർത്തുന്നതിന്നുവേണ്ടി അവരെപ്പോഴും പ്രവൃത്തിയെടു

ക്കേണ്ടിവന്നു. അവർ ചിരിയ്ക്കുന്നതോ കരയുന്നതോ ഒരാളും കണ്ടിട്ടില്ല; കാരണം അവക്കതിന്നു സമയമുണ്ടായിരുന്നില്ല.

ആ കിഴവി ഭത്താവിനോട് പറഞ്ഞു:-"നാളേയ്ക്കു ചകരിയില്ല; എന്താ നാളെ ചെയ്യുക?"

"ഞാൻ ജാഗ്ഗഷായുടെ അടുത്തുപോയി പത്തു നാളികേരത്തിന്റെ ചകരി കടം വാങ്ങും." അയാൾ മറുപടി പറഞ്ഞു.

"നിങ്ങൾ പഴയകടം വീട്ടീട്ടില്ലല്ലൊ; പിന്നേയും അയാൾ കടം തരുമോ?"

"അതു സാരമില്ല; ഇപ്പോൾ പുല്ലിന്നു ക്ഷാമമില്ലല്ലൊ. ഉച്ചയാകുമ്പോഴയ്ക്ക് രണ്ടണയ്ക്ക് പുല്ലരിയുവാൻ എനിയ്ക്കു കഴികയില്ലേ"?

ഈ സമയത്ത് വീട്ടിൽ ഒരാൾ വന്നുവിളിച്ചു: "കാരണവരേ, ഉറങ്ങുകയാണോ? വാതിലൊന്നു തുറക്കണേ!" വന്ന ആൾ അകത്തേയ്ക്കു കടന്നിട്ടുപറഞ്ഞു:-"വത്തമാനങ്ങൾ കേട്ടുവോ? ഡോക്ടർ ബാബുവിന്റെ മകനെ പാമ്പു കടിച്ചു."

കിഴവൻ അത്ഭുതപ്പെട്ടു:-"കൃഷ്ണദാസ് ബാബുവിന്റെ മകനേയോ! പട്ടാളക്യാമ്പിന്റെ അടുത്തു താമസിയ്ക്കുന്ന ആ അളല്ലേ കൃഷ്ണദാസ് ബാബു?"

"അതെ, അതെ; അദ്ദേഹം തന്നെ. പട്ടണത്തിലിന്ന് വലിയ തിരക്കാണ്. നിങ്ങളെന്റെ ഒരുമിച്ച് അദ്ദേ

ഹത്തിൻെറ വീട്ടിലേയ്ക്കു് വരുമോ? എന്നാൽ നിങ്ങഠം ചെയ്യുന്നതു് ഒരു വലിയ ഉപകാരമായിരിയ്ക്കും.''

ഒരു രൂക്ഷമായ ഭാവത്തോടുകൂടി വൃദ്ധൻ നിഷേധഭാവത്തിൽ തലയാട്ടി· 'ഞാൻ വരില്ല. അദ്ദേഹത്തെ എനിയ്ക്കു നല്ലവണ്ണം പരിചയമുണ്ടു്. എനിയ്ക്കതൊന്നും വിലയില്ല. എൻെറ കുട്ടിയെ ഒരിയ്ക്കൽ അവിടെ കൊണ്ടു പോവുകയുണ്ടായി. ഡോക്ടർ പുറത്തേയ്ക്കു കളിപ്പാൻ പോവുകയായിരുന്നു. കുട്ടിയെ ഒന്നു നോക്കുവാൻ ഞാനയാളുടെ കാല്ക്കൽ വീണപേക്ഷിച്ചു; എന്നാൽ മര്യാദയ്ക്കുള്ള ഒരു മറുപടിപോലും അദ്ദേഹം എന്നോടു പറഞ്ഞില്ല. ഇതു ദൈവത്തിൽനിന്നുവന്ന ശിക്ഷയാണു്. ഒരു കുട്ടി മരിയ്ക്കുകയെന്നുവെച്ചാലെന്താണെന്നു് ഇപ്പോഠം നല്ലിവണ്ണം മനസ്സിലാവും. അദ്ദേഹത്തിന്നധികം കുട്ടികളുണ്ടോ?'

'ഇല്ല; ഇതദ്ദേഹത്തിന്നാകപ്പാടെയുള്ള കുട്ടിയായിരുന്നു; എല്ലാ ആശയും കഴിഞ്ഞുവെന്നാണു് ഞാൻ കേട്ടതു്'.

'ദൈവം മഹാനാണ്'; അന്നുഞാൻ കണ്ണീർവീഴ്ത്തിക്കൊണ്ടപേക്ഷിച്ചു. കൃഷ്ണദാസ്സിന്നു് ഒരു ലേശമെങ്കിലും ദയ എൻെറ പേരിലുണ്ടായില്ല; ഞാൻ അയാളുടെ വീട്ടിന്നടുത്തുണ്ടായിരുന്നാൽകൂടി ഇക്കാര്യത്തിൽ യാതൊരു താല്പര്യവും കാണിയ്ക്കുമായിരുന്നില്ല.'

'അപ്പോഠം നിങ്ങഠം വരില്ല? ഞാൻ കേട്ടതെന്തോ അതു നിങ്ങളോടു പറഞ്ഞു'.

'ശരി, അതുകേട്ടു എൻെറ ഹൃദയം സന്തോഷിയ്ക്കുന്നു; ആ കുട്ടി ഇപ്പോറം മരിച്ചിട്ടുണ്ടാകും. നിങ്ങറം പൊയ്ക്കോളൂ. ഇന്നെനിയ്ക്കു നല്ലവണ്ണം ഉറക്കംവരും. (ഭാൎയ്യയോട്) കുറച്ചു പുകലകൊണ്ടുവരു. എനിയ്ക്കൊരു പുകക്കൂടി വലിയ്ക്കണം. (തന്നെത്താൻ) ഇപ്പോറം ആ മനുഷ്യൻ മനസ്സിലാക്കും! എൻെറ മകൻെറ മരണംകൊണ്ട് എനിയ്ക്കു ഒരു രാജ്യമൊന്നും നഷ്ടമായിട്ടില്ല. മുമ്പെ ആറുകുട്ടികറം മരിച്ചുപോയപോലെ അവനും പോയി! എന്നാൽ ബാബുവിൻെറ മുഴുവൻ ലോകവും തരിശായിക്കഴിഞ്ഞു! ഈ ഒരു മകനുവേണ്ടിയാണയാറം വളരെ ജനങ്ങളിൽനിന്ന് പണം പിഴിഞ്ഞെടുത്തു കൂട്ടിവെച്ചിട്ടുള്ളതു്. അയാളിനിയെന്തുചെയ്യും! ഞാനയാളെ കാണാനൊരിയ്ക്കൽ പോകും. കുറച്ചുദിവസം കഴിഞ്ഞിട്ടേ ഉള്ളൂ. അയാളുടെ യോഗക്ഷേമങ്ങളെല്ലാം ഒന്നന്വേഷിയ്ക്കണമല്ലോ.

ആഗതൻ മടങ്ങിപ്പോയി. വയസ്സൻ വാതിലടച്ചിരുന്നു തൻെറ ഹുക്കയെടുത്തു വലിപ്പാൻ തുടങ്ങി.

അയാളുടെ ഭാൎയ്യ പറഞ്ഞു :- 'ആരാണീ തണുപ്പിലും മഞ്ഞിലും രാത്രി ഇത്രവൈകിയ സമയത്തു് പുറത്തിറങ്ങി സഞ്ചരിയ്ക്കുക!'

'ഓ! അതു നട്ടുച്ചയ്ക്കാണുണ്ടായതെങ്കിൽക്കൂടി ഞാൻ പോവുകയില്ല. വല്ല വാഹനവും അയച്ചാലുമില്ല. ഞാൻ കഴിഞ്ഞതൊന്നും മറന്നിട്ടില്ല. എൻെറ പ്രിയപ്പെട്ട കുട്ടിയുടെ മുഖം ഇപ്പോഴും എൻെറ സ്മരണയെ വേദനിപ്പിച്ചു

കൊണ്ടിരിയ്ക്കുന്നു. അയാൾക്കെൻെറ കുട്ടിയെ രക്ഷിപ്പാൻ കഴിഞ്ഞിരുന്നുവോ എന്നൊന്നും എനിയ്ക്കറിഞ്ഞുകൂട; പക്ഷെ ഇതെനിയ്ക്കു നല്ലവണ്ണമറിയാം:- അയാളുടെ ഒരു നോക്കു് മരിച്ചവനെ ജീവിപ്പിക്കത്തക്കവണ്ണം അയാളൊരു ദൈവമൊന്നുമായിരുന്നില്ല. ഇല്ല, മനസ്സമാധാനത്തിന്നു വേണ്ടിയാണു് ഞാനങ്ങോട്ടോടിയതു്. കുറച്ചുദിവസങ്ങൾ കൂടികഴിയട്ടെ; അയാളുടെ വത്തമാനങ്ങളന്വേഷിയ്ക്കുവാൻ ഞാൻ അങ്ങോട്ടൊന്നുകൂടിപ്പോകും. ഞാനൊരു ചെറുമനുഷ്യനാണു്. ചെറുമനുഷ്യന്മാക്കു് അവരുടെ എല്ലാത്തരത്തിലുമുള്ള കുററങ്ങളും കുറവുകളും ഉണ്ടായിരിയ്ക്കും. അതുകൊണ്ടു് ലോകം എന്നെപ്പററി ദൂഷിച്ചു പറകയാണെങ്കിൽ എനിയ്ക്കതുകൊണ്ടു് ഒന്നുമില്ല. വലിയവരൊക്കെത്തികഞ്ഞവരാണു്, അവർ ദേവദൂതന്മാരാണു്".

ഇങ്ങിനത്തെ വത്തമാനങ്ങൾ കേട്ടിട്ടു് പുറത്തേയ്ക്കിറങ്ങാതെയിരിയ്ക്കുന്നതു് അയാളുടെ എമ്പതു വയസ്സിൽ ഇതാദ്യത്തെ പ്രാവശ്യമാണു്. മഞ്ഞുകാലത്തെ ഏററവും തണുപ്പുള്ള രാത്രികളിലും, വേനല്ക്കാലത്തെ ഏററവും ചൂടുള്ള രാത്രികളിലും, വഷക്കാലത്തു പുഴകളും തോടുകളും നിറഞ്ഞൊഴുകിക്കൊണ്ടിരിയ്ക്കുമ്പോഴും അയാൾ ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി വീട്ടിൽനിന്നു് പുറത്തേയ്ക്കു പോകാറുണ്ടു്. ഒരിയ്ക്കലും ധനത്തിലുള്ള ആഗ്രഹം കൊണ്ടല്ല അങ്ങിനെ ചെയ്തിരുന്നതു്. ഇതൊരു പുണ്യസംബന്ധമായ പ്രവൃത്തിയായിരുന്നു അയാൾക്കു്. മന്ത്രംകൊണ്ടദ്ദേഹം എല്ലാ ആശകളും നശിച്ച നൂറുകണക്കിലുള്ള ആളു

കളെ മൃത്യുവക്ത്രത്തിൽനിന്നു രക്ഷിച്ചിട്ടുണ്ട്; ഇന്നാ മനുഷ്യൻ വീട്ടിൽനിന്നു പുറത്തിറങ്ങുവാൻ ഭാവമില്ല; അയാൾ ഉറങ്ങുവാൻ പോകയാണു്.

തീയിന്റെ അടുത്തായി പുകലയിരിയ്ക്കുന്നുണ്ടെന്നു് ഓർമ്മപ്പെടുത്തി കിഴവി ഉറങ്ങാൻ കിടന്നു. മണ്ണെണ്ണ വിളക്കു കെടുത്തിയശേഷം അയാളും കിന്നു; പക്ഷേ ആ കേട്ട വർത്തമാനം അയാളുടെ ഹൃദയത്തിന്നു് ഘനമുണ്ടാക്കി ക്കൊണ്ടിരുന്നു. ഉറക്കം വന്നതേയില്ല. അയാൾക്കു് എന്തോ ഒന്നു നഷ്ടപ്പെട്ടുപോയപോലെയും, അയാളുടെ വസ്ത്രം നന ഞ്ഞുപോയതുപോലെയും, കാലിൽ ചളിയായതുപോലെയും, ഏതോ ഒരന്തരിന്ദ്രിയം അയാളെ പുറത്തേയ്ക്കിറക്കുന്നതു പോലെയും തോന്നി. കുറച്ചു നിമിഷങ്ങൾകൊണ്ടു് ആ കിഴവി കൂർക്കം വലിയ്ക്കുവാൻ തുടങ്ങി. വയസ്സനെഴുന്നേററു് തന്റെ വടിയെടുത്തു് പതുക്കെ വാതിൽ തുറന്നു.

എങ്ങോട്ടാണു് പോകുന്നതെന്നു് ഭാര്യ അയാളോടു് ചോദിച്ചു. സാധാരണ എല്ലാ വയസ്സായ ആളുകളേയും പോലെ ആ സ്ത്രീയും ഉറക്കത്തിന്നിടയിൽ സംസാരിയ്ക്കുക യും, ഒരു ചെറിയ ശബ്ദം കേട്ടാൽക്കൂടിയും ഉണരുകയും ചെയ്തിരുന്നു.

“ഞാനെവിടേയും പോകുന്നില്ല. സമയം എന്തായി യെന്നു് നോക്കുകയായിരുന്നു.”

“നല്ല നിശ്ശബ്ദമായ രാത്രിയാണു്; കിടന്നു് ഉറങ്ങി ക്കോളു.”

"എനിയ്ക്കുറക്കം വരുന്നില്ല."

"നിങ്ങളുടെ മനസ്സ് ഡോക്ടറുടെ വീട്ടിലാകുമ്പോൾ നിങ്ങളെങ്ങിനെയാണുറങ്ങുക?"

"ഡോക്ടരുടെ എന്നോടുള്ള പെരുമാററം എനിയ്ക്കു യാളുടെ വീട്ടിലേക്കു പോകുവാനുള്ള യാതൊരു ബാദ്ധ്യത യും ഉണ്ടാക്കീട്ടില്ല. അയാളെൻെറ അടുത്തുവന്നു് കാല്ക്കൽ വീണാൽക്കൂടി ഞാൻ പോവുകയില്ല."

"എന്നാൽപ്പിന്നെ നിങ്ങൾ എന്തിന്നെഴുന്നീററു പുറത്തേയ്ക്കു പോയി?"

"ഇല്ലില്ല. എൻെറ വഴിയിലെല്ലാം കൂർത്തുമൂത്ത മുള്ളുകൾ വിതറിയ ഒരുവൻെറ വഴിയിൽ പുഷ്പങ്ങൾ വിരിയ്ക്കുവാൻ ഞാനത്രയ്ക്കു ഭ്രാന്തനൊന്നുമല്ല."

വൃദ്ധ വീണ്ടും ഉറക്കത്തിലായി. അയാൾ വാതിലടച്ചു താഴെ ഇരുന്നു. പ്രതികാരേച്ഛ അയാളെ പുറത്തേയ്ക്കു പോകാതിരിപ്പാൻ നിർബ്ബന്ധിച്ചു. എന്നാൽ അയാളുടെ ഹൃദയം മരണത്തിൻെറ പിടിയിൽപ്പെട്ട ആ നിർഭാഗ്യവാനായ യുവാവിൻെറ അടുത്തായിരുന്നു. ഓരോ നിമിഷം താമസിയ്ക്കുന്നതും അവൻെറ ആയുസ്സിനെസ്സംബന്ധിച്ചിടത്തോളം അപകടമാകുമെന്നയാൾക്കു തോന്നി.

മാതാവു ഉണരാതിരിയ്ക്കത്തക്കവണ്ണം ശബ്ദമില്ലാതെ അയാൾ മെല്ലെ വാതിൽ തുറന്നു. അയാൾ പുറത്തു വന്നപ്പോൾ റോന്തുചുററുന്ന പോലീസുകാരൻ അയാളെ കണ്ടു; "ഇന്നു വളരെ തണുപ്പുള്ള ദിവസമാണല്ലൊ;

എന്തിനാണിങ്ങിനെ പുറത്തിറങ്ങി നടക്കുന്നതു്?" എന്നയാൾ ചോദിച്ചു.

വയസ്സൻ മറുപടി പറഞ്ഞു :- 'ഞാനിപ്പോൾ തന്നെ സമയം നോക്കുകയായിരുന്നു, ഇപ്പോളെന്തായി സമയം?'

'ഒരുമണിയായി.' പോലീസ്സുകാരൻ പറഞ്ഞു. ഞാൻ പോലീസ് സ്റ്റേഷനിലേക്കുവരുമ്പോൾ ഡോക്ടരുടെ ബങ്കളാവിൽ ഒരു വലിയ ജനക്കൂട്ടത്തെകണ്ടു. അദ്ദേഹത്തിൻെറ മകൻെറ സ്ഥിതിയെപ്പററി നിങ്ങളും കേട്ടിരിയ്ക്കാം, ഒരു പക്ഷെ ഈ സമയംകൊണ്ടു് കുട്ടി മരിച്ചുകഴിഞ്ഞിരിയ്ക്കും. നിങ്ങൾ അങ്ങോട്ടുപോയിട്ടുണ്ടെങ്കിൽ ആ കുട്ടി രക്ഷപ്പെട്ടേയ്ക്കാം. ഡോക്ടർ പതിനായിരം ഉറപ്പിക കൊടുപ്പാൻ ഒരുക്കമാണെന്നാണ് ഞാൻ കേട്ടതു്.'

വയസ്സൻ മറുപടി പറഞ്ഞു :- 'അയാളെനിയ്ക്കു പത്തുലക്ഷം തരികയാണെങ്കിലും ഞാൻ പോവുകയില്ല. പതിനായിരംകൊണ്ടോ പത്തുലക്ഷംകൊണ്ടോ ഞാനെന്താണ് ചെയ്യാൻ പോകുന്നതു്? എൻെറ ദിവസങ്ങളിനി എണ്ണിക്കണക്കാക്കാം. ഈ ധനം അനുഭവിപ്പാൻ എൻെറ രക്തത്തിലുള്ളവരാരാണ് എനിയ്ക്കുള്ളതു്".

പോലീസുകാരൻ നടന്നു, വയസ്സനും മുമ്പോട്ടുതന്നെ അടിവെച്ചുതുടങ്ങി. ഒരിടത്തു കാലുവെയ്ക്കുമ്പോൾ അതു മററൊരിടത്തേയ്ക്കു പോകുന്ന ഒരു കുടിയനെപ്പോലെയായിരുന്നു അയാളുടെ സ്ഥിതി. ഒന്നു പറവാൻ തുടങ്ങുമ്പോൾ

അയാളുടെ വായിൽ വന്നിരുന്നതു് വേറൊന്നാണു്. ആ വയസ്സന്നു് അയാളുടെ മനസ്സിൽ പ്രതികാരത്തിൻെറയും അഹംഭാവത്തിൻേറയും വികാരങ്ങൾ ഉണ്ടായിരുന്നു; പക്ഷെ അയാളുടെ പ്രവൃത്തി മനസ്സിൻെറ ആജ്ഞയെയ്ക്കനുസരിച്ചതായിരുന്നില്ല.

വടികൊണ്ടു് നിലത്തുകുത്തി ശബ്ദമുണ്ടാക്കിക്കൊണ്ടു് വൃദ്ധൻ മുമ്പോട്ടുനടന്നു. അയാളുടെ മനഃസാക്ഷി അയാളെ മുന്നോക്കം പോകുവാനുപദേശിച്ചു. പക്ഷെ അയാളിലുള്ള അബോധശക്തി അയാളെ മുന്നോട്ടു മുന്നോട്ടു തള്ളിവിട്ടു.

പകുതിവഴിയോളമെത്തി; അയാൾ പെട്ടെന്നുനിന്നു; ഹിംസ പിന്നേയും പടംവിരുത്തി; "ഞാനിത്രദൂരംവന്നതു വെറുതെയായി. എന്തിനാണു് ഞാനവശ്യമില്ലാതെ ഈ തണുപ്പിൽ തന്നെത്താൻ കൊല്ലുന്നതു്? എന്തുകൊണ്ടെനിക്കു വീട്ടിൽകിടന്നു് സുഖമായി ഉറങ്ങിക്കൂടാ? ഉറക്കം വരുന്നില്ലെങ്കിൽ വല്ല ഭജനകീർത്തനങ്ങളും പാടാമല്ലൊ. ഡോക്ടരുടെ കുട്ടി മരിച്ചുവോ ജീവിച്ചുവോ എന്നു ഞാനെന്തിനു ശ്രദ്ധിയ്ക്കണം? ഞാനയാൾക്കുവേണ്ടി മരിയ്ക്കണമെന്ന നിലയിലല്ല അയാൾ എന്നോടു പെരുമാറിയതു്. ഈ ലോകത്തിൽ ആയിരക്കണക്കിൽ ആളുകൾ മരിയ്ക്കുന്നു; ആയിരക്കണക്കിൽ ജീവിയ്ക്കുന്നു. ആരെങ്കിലും മരിയ്ക്കട്ടെ; അല്ലെങ്കിൽ ജീവിയ്ക്കട്ടെ. എനിയ്ക്കെന്തുവേണം?"

ഇപ്പോൾ അയാളിലുള്ള അബോധശക്തി ഹിംസയോടടുത്ത ഒരാകൃതിയാണു് കയ്ക്കൊണ്ടതു്; അതായാളോടു്

പിറുപിറുത്തു:- "താനിപ്പോഠം പോകുന്നതു് മന്ത്രവാദത്തിന്നുവേണ്ടിയല്ല; അവരൊക്കെ ഇപ്പോഴെന്താണു് ചെയ്യുന്നതെന്നു് നിനക്കു കാണണം. ഡോക്ടർ എങ്ങിനെയാണു് തേങ്ങിക്കരയുന്നതു്? വിലപിയ്ക്കുന്നതെങ്ങിനെയാണു്? അയാഠം തലയ്ക്കു തല്ലുന്നതും മോഹാലസ്യപ്പെടുന്നതും ഒക്കെ എങ്ങിനെയാണു്? വലിയ വലിയ ആളുകഠം തേങ്ങിക്കരയുമോ? അവരെല്ലാം നല്ലവണ്ണം പഠിച്ചവരാണല്ലൊ. ധീരതയോടുകൂടി വ്യസനം ഒതുക്കുവാനവക്കു കഴിഞ്ഞേയ്ക്കാം." ഇങ്ങിനെ ഹിംസാബുദ്ധിയുടെ പ്രോത്സാഹനത്തോടുകൂടി അയാഠം മുമ്പോട്ടുനടന്നു. അപ്പോഠം അയാഠംക്കെതിരായി രണ്ടുപേർ വരുന്നുണ്ടായിരുന്നു. അവർ ഇങ്ങിനെ പറയുന്നതു് വൃദ്ധൻ കേട്ടു:- "കൃഷ്ണദാസ് ബാബുവിൻെറ ഗൃഹം നശിച്ചുകഴിഞ്ഞു. ഇതദ്ദേഹത്തിന്നുണ്ടായിരുന്ന ഒരേഒരു പുത്രനായിരുന്നു." ഇതു കേട്ടപ്പോഠം വയസ്സൻ കാലുകഠം നീട്ടിനീട്ടിവെച്ചു. വളരെ ക്ഷീണിച്ചിരുന്നതുകൊണ്ടു് അയാഠംക്കു കാലടികഠം പൊന്തിയിരുന്നില്ല. അയാഠം നടക്കുമ്പോഠം മുമ്പോട്ടു കൂന്നിരുന്നതിനാൽ ഇപ്പോഠം വീഴുമെന്നു് കാണുന്നവക്കു തോന്നിയിരുന്നു. പത്തുമിനുട്ടു് കഴിഞ്ഞപ്പോഠം ഡോക്ടരുടെ ബങ്ക്ളാവു് കണ്ടുവാൻ തുടങ്ങി. വിദ്യുച്ഛക്തിവിളക്കുകഠം അപ്പോഴും കത്തുന്നുണ്ടു്. എന്നാൽ ഒരു വല്ലാത്ത നിശ്ശബ്ദത അവിടെയെല്ലാം വ്യാപിച്ചിരുന്നു. തേങ്ങലിൻെറയോ വിലാപങ്ങളുടേയൊ ശബ്ദംപോലും കേഠംപ്പാനുണ്ടായിരുന്നില്ല. വൃദ്ധൻെറ ഹൃദയം വേഗത്തിൽ അടിയ്ക്കുവാൻ തുടങ്ങി.

"ഒരുപക്ഷെ ഞാൻ വൈകിപ്പോയിരിയ്ക്കാം"; അയാറം ഓട്ടവാൻ തുടങ്ങി. അയാളിത്രവേഗം മുമ്പൊരിയ്ക്കലും ഓടീട്ടില്ല. മരണം വളരെ അടുത്തെത്തിപ്പോയെന്നു് അയാറംക്കു തോന്നി.

## IV

സമയം രാത്രി രണ്ടുമണിയായിരുന്നു. അതിഥികറം പോയിക്കഴിഞ്ഞു; ബാക്കിയുള്ളവർ ഇടയ്ക്കിടയ്ക്കു് ആകാശത്തിലേയ്ക്കു നോക്കുന്നുണ്ടായിരുന്നു. നേരം ഇനി എത്രയുണ്ടു്? പ്രഭാതമായിട്ടുവേണമല്ലൊ മൃതശരീരം ഗംഗയിലേയ്ക്കുകൊണ്ടുപോകാനെന്നായിരുന്നു അവരുടെ വിചാരം. വയസ്സൻ ഗെയിററിൽച്ചെന്നു വിളിച്ചു. ഏതെങ്കിലും രോഗിയായിരിയ്ക്കുമെന്നാണു് ഡോക്ടർ വിചാരിച്ചതു്. വേറെ ഏതെങ്കിലും ഒരു ദിവസമായിരുന്നുവെങ്കിൽ, ആ അസമയത്തുവന്നുപദ്രവിയ്ക്കുന്ന ആളോടു് അദ്ദേഹം കയർത്തമായിരുന്നു; എന്നാൽ ഇന്നദ്ദേഹം പുറത്തേയ്ക്കുവന്നു. കൂനുവളഞ്ഞു പല്ലില്ലാത്ത ഒരു വയസ്സനെയാണു് ഡാക്ടർ കണ്ടതു്. അയാളുടെ പുരികംകൂടി നരച്ചിരുന്നു. അയാറംക്കു വിറയ്ക്കുന്നുണ്ടു്. വടിയുടെ സഹായത്താൽ ഒരുവിധം നില്ക്കുകയാണു്. ഡോക്ടർ മര്യാദയോടുകൂടിപ്പറഞ്ഞു:- "എന്താണു് കാര്യം? ഞാനൊരു വലിയ ദുഃഖത്തിൽപ്പെട്ടിരിയ്ക്കയാണു്. ദയവുചെയ്തു് ഇനിയൊരുദിവസം വരിക".

വയസ്സൻ മറുപടി പറഞ്ഞു:- "അതെ, ഞാനതിനെപ്പററി കേറംക്കയുണ്ടായി; അതുനിമിത്തമാണു് ഞാൻ

വന്നതു്. കുട്ടിയെവിടെയാണു്? ഞാനവനെ ഒന്നു കാണട്ടെ. ദൈവം മഹാനാണു്. മരിച്ചവരെ വീണ്ടും ജീവിപ്പിപ്പാൻ അദ്ദേഹത്തിന്നു കഴിയും. ഒരു പക്ഷെ ഇനിയും അദ്ദേഹം ദയകാണിച്ചുകൂടെന്നില്ല."

വേദന തോന്നിയ്ക്കുന്ന ഒരു സ്വരത്തിൽ ഡോക്ടർ പറഞ്ഞു :- "അകത്തേയ്ക്കു വരു; പക്ഷെ ആപത്തു പററീട്ടു് മൂന്നോ നാലോ മണിക്കൂറു കഴിഞ്ഞുപോയി. സംഭവിക്കാവുന്നതു് സംഭവിച്ചുകഴിഞ്ഞു. വളരെ മന്ത്രവാദികരം അവനെ ഉപേക്ഷിച്ചുകഴിഞ്ഞിരിയ്ക്കുന്നു."

ഡോക്ടർക്കു് ആശയൊന്നുമുണ്ടായിരുന്നില്ല. വൃദ്ധന്റെ തീരുമാനത്തിന്നായി അയാളെ അകത്തേയ്ക്കു കൂട്ടികൊണ്ടുപോയി. വയസ്സൻ ഒരു നിമിഷം നേരം ശവത്തിന്റെ നേരെ നോക്കിക്കൊണ്ടുനിന്നശേഷം പുഞ്ചിരിയിട്ടുകൊണ്ടു പറയുകഃ- "ഇല്ല, വൈകീട്ടില്ല. ദൈവേച്ഛയുണ്ടെങ്കിൽ അരമണിക്കൂർകൊണ്ടു് കുട്ടി എഴുന്നേററിരിയ്ക്കും. നിങ്ങരം ആവശ്യമില്ലാതെ തന്നെത്താൻ വ്യസനിയ്ക്കുകയാണു്. വാലിയക്കാരോടു്പോയി വെള്ളം കോരിക്കൊണ്ടുവരുവാൻ പറയു."

ഭൃത്യന്മാർ കുട്ടിയുടെ മേൽ വെള്ളം കൊണ്ടുവന്നു് ഒഴിയ്ക്കുവാൻ തുടങ്ങി. പൈപ്പു ശരിയല്ലാത്തതുകൊണ്ടു് വളപ്പിന്നു പുറത്തുള്ള ഒരു കിണററിൽനിന്നാണു് വെള്ളം കൊണ്ടുവന്നിരുന്നതു്. മൃണാളിനി താൻതന്നെ ഒരു പാത്രത്തിൽ വെള്ളം ചുമന്നുകൊണ്ടുവരുന്നുതുടങ്ങി. കിഴവൻ

കുട്ടിയുടെ അടുക്കലായിനിന്നു് മന്ത്രം ഉരുക്കഴിച്ചുകൊണ്ടിരുന്നു. വിജയത്തിൽ ആശയുള്ളതുപോലെ ഇടയ്ക്കിടയ്ക്ക് പുഞ്ചിരിയിട്ടിരുന്നു. ഒരാവൎത്തി മന്ത്രജപം കഴിഞ്ഞാൽ അദ്ദേഹം ഒരൊററ മൂലിക കൈലാസിൻെറ മൂക്കിന്നു സമീപം പിടിയ്ക്കും. വളരെ കുടം വെള്ളം അവൻെറ തലയിൽ ഒഴിച്ചു. പല ആവൎത്തി മന്ത്രം ജപിച്ചുകഴിഞ്ഞു. ഒടുവിൽ ഉഷസ്സവളുടെ അരുണനേത്രം തുറന്നപ്പോൾ, കൈലാസനും തൻെറ അരുണ നേത്രങ്ങൾ തുറന്നു. ഒരു നിമിഷംകൊണ്ടവൻ കോട്ടുവായിട്ടുണന്നു് വെള്ളത്തിന്നാവശ്യപ്പെട്ടു. ഡോക്ടർ ഭാൎയ്യയുടെ അടുത്തേയ്ക്കോടി അവരെ അവാച്യമായ സന്തോഷത്തോടും കൃതജ്ഞതയോടുംകൂടി ആശ്ലേഷിച്ചു. അവർ ആ വൃദ്ധൻെറ കാല്ക്കൽ വിനീതമായ നന്ദിയോടുകൂടി ചെന്നു വീണു. നിറഞ്ഞ കണ്ണുകളോടുകൂടി കൈലാസൻെറ സമീപത്തിരുന്നു് "ഇപ്പോഴെങ്ങിനെ തോന്നുന്നു?" എന്നന്വേഷിയ്ക്കുന്നുണ്ടു്.

ഒരു നിമിഷം കൊണ്ടു് ഈ നല്ല വൎത്തമാനം നാടെല്ലാം പരന്നു. സ്നേഹിതന്മാർ അവരുടെ മേൽ അഭിനന്ദനങ്ങൾ വൎഷിപ്പാൻ തുടങ്ങി. ഓരോരുത്തരോടും ഡോക്ടർതന്നെ കിഴവൻെറ യോഗ്യതകളെ പുകഴ്ത്തിപ്പാടുകയായി. എല്ലാവൎക്കും അദ്ദേഹത്തെ കാണുവാൻ ബദ്ധപ്പാടായി. പക്ഷെ വീട്ടിൻെറ ഉള്ളിലൊരേടത്തും ആ വൃദ്ധനെ കാണാനില്ല. ഭൃത്യന്മാർ പറഞ്ഞു:- "ഹുക്ക വലിച്ചുകൊണ്ടിരിയ്ക്കുന്നതായിട്ടാണു് ഞങ്ങൾ അയാളെ ഒടുക്കം കണ്ടതു്. ഞങ്ങൾ പുകല കൊടുത്തു; പക്ഷെ

അയാൾ അതെടുത്തില്ല. തന്റെ സ്വന്തം പുകലയാണു് പൈപ്പിൽ നിറച്ചതു്."

അവരെല്ലാടവും അയാളെ അന്വേഷിച്ചു; പക്ഷെ അയാളിപ്പോൾ തന്റെ വീട്ടിലേയ്ക്കുള്ള വഴിയിൽ ആയിരിയ്ക്കും. അയാൾ വേഗം നടന്നു. ഭാൎയ്യ ഉണരുംമുമ്പു് അയാൾക്കു വീട്ടിലെത്തേണ്ടതുണ്ടായിരുന്നു.

എല്ലാ അതിഥികളും പിരിഞ്ഞപ്പോൾ ഡോക്ടർ തന്റെ ഭാൎയ്യയോടു പറഞ്ഞു:- "എവിടേയ്ക്കാണാവൃദ്ധൻ പോയതെന്നറിഞ്ഞുകൂട. നമ്മുടെ നന്ദി അറിയിപ്പാനായി ഒരു പൈപ്പു പുകയിലയെങ്കിലും അയാൾ സ്വീകരിച്ചില്ലല്ലൊ." "എനിയ്ക്കദ്ദേഹത്തിന്നു് തക്കതായ ഒരു പ്രതിഫലം കൊടുക്കേണമെന്നുണ്ടായിരുന്നു"വെന്നു് ഭാൎയ്യ മറുപടി പറഞ്ഞു.

ഡോക്ടർ:- "ഞാൻ രാത്രി അയാളെ ശരിയ്ക്കു കണ്ടില്ല. പ്രഭാതം ആയപ്പോൾ എനിയ്ക്കയാളെ നല്ലവണ്ണം മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരിയ്ക്കൽ തന്റെ ദീനം പിടിച്ച കുട്ടിയോടുകൂടി അയാളിവിടെ വരികയുണ്ടായി; ഞാൻ പുറത്തേയ്ക്കു കളിയ്ക്കുവാൻ പോകയായിരുന്നു. അപ്പോൾ രോഗിയെ നോക്കുവാൻ കൂട്ടാക്കിയില്ല. അന്നത്തെ ആ സംഭവത്തെപ്പററി ഞാനിപ്പോളെത്രയാണു് വ്യസനിയ്ക്കുന്നതെന്നു വിവരിപ്പാൻ വയ്യ! ഞാനദ്ദേഹത്തെ അന്വേഷിയ്ക്കും. കണ്ടെത്തിക്കഴിഞ്ഞാൽ കാല്ക്കൽ വീണു മാപ്പു ചോദിയ്ക്കും. അദ്ദേഹത്തിന്റെ ഗുണങ്ങൾ എന്റെ

മുമ്പിൽ ഒരാദൎശം കാണിച്ചുതന്നിട്ടുണ്ടു്. എന്റെ ജീവിതം മുഴുവൻ ഞാനതിനെ പിന്തുടരുന്നതാണു്.

## 2—ഒരാൾക്കെത്രഭൂമിവേണം *

[കൌണ്ടു് ലിയോ ടോൾസ്റ്റോയി (1828—1910) ഒരു റഷ്യൻ കവിയും കഥാകാരനും ആയിരുന്നു; ഇതിന്നു പുറമെ അദ്ദേഹം ഒരു മതഭക്തനും സമുദായപരിഷ്കാരിയുംകൂടിയായിരുന്നു. ഇന്നദ്ദേഹത്തിന്റെ പേരു് ലോകപ്രസിദ്ധമാണു്. മഹാത്മജി അദ്ദേഹത്തെ ഒരു ഗുരുവിനെപ്പോലെയാണു് ആദരിച്ചും ബഹുമാനിച്ചും വന്നതു്. റഷ്യക്കാർ മാത്രമല്ല മററു നാട്ടുകാരും അദ്ദേഹത്തെ ഒരു പ്രവാചകനെപ്പോലെ കരുതിവരുന്നുണ്ടു്. അനേകം ചെറുകഥകൾക്കു പുറമെ സാഹിത്യത്തിന്റെ നാനാതുറകളിലും അദ്ദേഹം വിജയകരമായി പ്രവൎത്തിച്ചിട്ടുണ്ടു്. 'അന്നാകരീനാ' 'വാർ ആൻറ് പീസ്' എന്നിവ അദ്ദേഹത്തിന്റെ ലോകപ്രസിദ്ധങ്ങളായ പുസ്തകങ്ങളാണു്. വലിയ ഈശ്വരഭക്തനായിരുന്ന അദ്ദേഹം തന്റെ സ്വത്തു മുഴുവൻ ഭാൎയ്യയ്ക്കു കൊടുത്തു് ഒരു സാധു കൃഷിക്കാരനെപ്പോലെ ജീവിച്ചു. 1910-ൽ വീടുവിട്ടു് സന്യാസിയായി ജീവിപ്പാൻ അദ്ദേഹം ശ്രമിച്ചുവെങ്കിലും ദീനംപിടിച്ചു മരിക്കുകയാണുണ്ടായതു്. അദ്ദേഹം ഒരു പ്രഭുകുടുംബത്തിൽ ജനിച്ച ആളായിരുന്നു.]

### I

ഒരു മൂത്തസഹോദരി നാട്ടിൻപുറത്തുള്ള തന്റെ ഇളയ സഹോദരിയെ കാണുവാൻചെന്നു. പട്ടണത്തിലുള്ള

---

* കൌണ്ടു് ലിയോ ടോൾസ്റ്റോയ്

ഒരു കച്ചവടക്കാരനായിരുന്നു മൂത്തവളെ വിഹാഹം ചെയ്തിരുന്നതു്. ഇളയവളെ നാട്ടിൻപുറത്തുള്ള ഒരു കൃഷിക്കാരനും. സഹോദരിമാർ ചായകുടിക്കുവാനിരിക്കുകയാണു്. ജ്യേഷ്ഠത്തി പട്ടണജീവിതത്തിലെ സുഖസൌകര്യങ്ങളെപ്പററി ഊററംപറയുവാൻ തുടങ്ങി: "അവരെത്ര നന്നായി ഉടുത്തൊരുങ്ങി നടക്കുന്നു; കുട്ടികൾ എത്ര വിശേഷപ്പെട്ട ഉടുപ്പുകളാണു് ഇടുന്നതു്; അവരുടെ ഭക്ഷണപാനീയങ്ങൾ എത്ര വിശേഷപ്പെട്ടവയാണു്. സിനിമയ്ക്കും ഉല്ലാസയാത്രയ്ക്കും മററു വിനോദങ്ങൾക്കും അവർ എങ്ങിനെയൊക്കെപ്പോകുന്നു." ഇങ്ങിനെ അവൾ വർണ്ണിച്ചു പറഞ്ഞുതുടങ്ങി.

ഇളയവൾക്കു് ഇതത്ര രസമായില്ല. അവൾ, കച്ചവടക്കാരൻെറ ജീവിതത്തേക്കാൾ നല്ലതൊരു കൃഷകൻെറ ജീവിതമാണെന്നു വാദിപ്പാൻ തുടങ്ങി. "ഞാൻ നിങ്ങളുടെ അഭിപ്രായം അനുസരിച്ചു് എൻെറ ജീവിതത്തിൽ മാററമൊന്നും വരുത്തുവാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങളുടെ ജീവിതം ഒരുവിധം പരുക്കനായിരിയ്ക്കാം; ആവട്ടെ, ഇപ്പോൾ ഞങ്ങൾക്കു ഉല്കണ്ഠയ്ക്കൊന്നും അവകാശമില്ലല്ലൊ. ഞങ്ങളേക്കാൾ സ്റ്റയിലിലാണു് നിങ്ങൾ ജീവിയ്ക്കുന്നതെന്നതു് ശരിതന്നെ; പക്ഷെ നമുക്കാവശ്യമുള്ളതിലധികം നിങ്ങൾ സമ്പാദിയ്ക്കുന്നു. ചിലപ്പോൾ ഒന്നായിട്ടങ്ങോട്ടു് പൊളിഞ്ഞുപോയെന്നും വരും. 'ലാഭവും നഷ്ടവും ഇരട്ടപെററ സന്താനങ്ങളാണെ'ന്ന പഴമൊഴി കേട്ടിട്ടില്ലേ? ഇന്നു സമ്പന്നനായിട്ടുള്ളവൻ നാളെ അവൻെറ ഭക്ഷണത്തിന്നുവേണ്ടി യാചിക്കേണ്ടിവരുന്നതു് അസാധാരണമല്ല.

ഞങ്ങളുടെ ജീവിതമാണു് കുറേക്കൂടി രക്ഷയുള്ളതു്. ഒരു കൃഷിക്കാരൻെറ ജീവിതം അത്ര തടിച്ചതൊന്നുമല്ലെങ്കിലും, അതു കുറേക്കൂടി നീണ്ടതാണു്. ഞങ്ങൾ ഒരിയ്ക്കലും പണക്കാർ ആകാറില്ല; എങ്കിലും ഞങ്ങൾക്കു ധാരാളമായി ഭക്ഷണത്തിന്നൊക്കെ ഉണ്ടാവാറുണ്ടു്.

ജ്യേഷ്ഠത്തി പരിഹാസമായി പറഞ്ഞു:- "ധാരാളമായി ഉണ്ടു്. ഈ പന്നികളുടേയും കന്നുകുട്ടികളുടേയും നടക്ക് ജീവിച്ചാലല്ലേ? നിങ്ങൾക്കു് പരിഷ്കൃതസമ്പ്രദായങ്ങൾ എന്തെങ്കിലും അറിയുമോ? എത്രതന്നെ പണിയെടുത്താലും ഈ ജീവിതത്തിന്നനുസരിച്ചുതന്നെ മരിച്ചുംപോകും. വല്ല വയ്ക്കോൽകുണ്ടുകളുടേയും നടുക്കുകിടന്നു്! നിങ്ങളുടെ കുട്ടികളും അതുപോലെത്തന്നെ!"

"ശരി, അതുകൊണ്ടൊക്കെ എന്താണു്?" അനുജത്തി ചോദിച്ചു. "ഞങ്ങളുടെ പ്രവൃത്തി അത്ര മൃദുവായിട്ടുള്ളതൊന്നുമല്ല; സമ്മതിച്ചു; എന്നാലും ഞങ്ങൾ അന്യൻെറ മുമ്പിൽ കുമ്പിടേണ്ട ആവശ്യം ഒന്നുമില്ല; അതു തീർച്ചയാണു്. എന്നാൽ പട്ടണത്തിലെ കഥയെന്താണു്? ചുററുപാടും പ്രലോഭനങ്ങളല്ലേ? ഇന്നൊക്കെ ശരിയായിരിക്കും; നാളേക്കു ചെകുത്താൻ നിൻെറ ഭർത്താവിനെ വഴിതെററിച്ചേയ്ക്കും. പക്ഷേങ്കിൽ ശീട്ടുകളി, അല്ലെങ്കിൽ മദ്യം, അല്ലെങ്കിൽ സ്ത്രീ. എല്ലാം നശിക്കുകയായി! ഇങ്ങിനത്തെ കാര്യങ്ങൾ പലപ്പോഴും സുലഭമായി സംഭവിച്ചിട്ടില്ലേ?"

ആ വീട്ടിലെ നാഥനായ പഹോം അടുപ്പിന്നടുത്തായി ക്കിടന്നു് സ്ത്രീകളുടെ സംഭാഷണം ശ്രദ്ധിച്ചിരുന്നു; അയാ ളിങ്ങിനെ പറഞ്ഞു :- "ശരിയാണതു്; നമ്മളെപ്പോലെ ബാല്യംമുതല്ക്കു് ഭൂമിയിൽ പണിയെടുത്തുവരുന്ന കൃഷിക്കാ ൎക്കു് ഇത്തരം കാൎയ്യങ്ങൾക്കൊന്നും തലയിൽ കടന്നുകൂടുവാൻ ഇടയില്ല. അതൊന്നുമല്ല ബുദ്ധിമുട്ടു്; ആവശ്യത്തിന്നുവേ ണ്ട ഭൂമിയില്ല. അതാണു് ഞങ്ങൾക്കുള്ള ഒരു ബുദ്ധിമുട്ടു്. എനിക്കു ധാരാളം ഭൂമിയുണ്ടെങ്കിൽപ്പിന്നെ ചെകുത്താനെ പ്പററിക്കൂടി പേടിയില്ല."

സ്ത്രീകളുടെ ചായകഴിഞ്ഞു; അവർ ഡ്രസ്സിനെപ്പററി ക്കൂടി കുറച്ചു സംസാരിച്ചിരുന്നശേഷം ചായപ്പാത്രങ്ങൾ മോറി വൃത്തിയാക്കി ഉറങ്ങുവാൻ കിടന്നു.

അടുപ്പിൻെറ പിന്നിലായി ചെകുത്താൻ ഇരുന്നി രുന്നു; അവൻ ആ പറഞ്ഞതെല്ലാം കേട്ടു. കൃഷിക്കാര ൻെറ ഭാൎയ്യ അയാളെ ആത്മപ്രശംസ ചെയ്യുവാൻ പ്രേരി പ്പിയ്ക്കുന്നതുകണ്ടു് അവന്നു രസംതോന്നി. ധാരാളം ഭൂമി യുണ്ടായിരുന്നെങ്കിൽ ഞാൻ പിന്നെ ചെകുത്താനെക്കൂടി ഭയപ്പെടുകയില്ലെന്നു് പറഞ്ഞതും അവനെ രസിപ്പിച്ചു. "ആവട്ടെ നമുക്കൊരു വടംവലി നോക്കണം. ഞാൻ നിനക്കു ധാരാളം ഭൂമിതരുവാൻ പോകുന്നു; ആ ഭൂമി വഴിയ്ക്കു് ഞാൻ നിന്നെ എൻെറ പിടിയിൽപ്പെടുത്തും".

## II

ആ ഗ്രാമത്തിൻെറ അടുത്തായി ഒരു മദാമ്മ താമസി ച്ചിരുന്നു; അവൾക്കു് താണ്ടൊരു മുന്നൂറേക്ര ഭൂമിയുമുണ്ടാ

യിരുന്നു. അവർ കുടിയാന്മാരോട് നല്ലനിലയിലാണ് പെരുമാറിയിരുന്നതു്. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഒരു വയസ്സനായ പട്ടാളക്കാരൻ അവരുടെ മാനേജരായിവന്നു; അപ്പോൾ ആ നിലയൊക്കെയൊന്നു മാറി. അയാൾ കുടിയാന്മാക്ക് ഇടയ്ക്കിടയ്ക്ക് നല്ല പിഴയിട്ടുപോന്നു. ഏതായാലും പഹോം കഴിയുന്നതും സൂക്ഷിച്ചിരിപ്പാൻ നോക്കി; പക്ഷെ ഫലമുണ്ടായില്ല. ഒരിയ്ക്കൽ 'ഓട്ട്' ചെടികളുടെ ഇടയിൽ അയാളുടെ കുതിര കടന്നു. ഒരിയ്ക്കൽ തോട്ടത്തിൽ അയാളുടെ പശു മേഞ്ഞിരുന്നു. വേറൊരിയ്ക്കൽ കന്നുകുട്ടികൾ വളത്തുപുല്ല് തിന്നു. ഇങ്ങിനെ ഇതിന്നെല്ലാം എപ്പോഴും അയാൾ പിഴയടക്കേണ്ടിവന്നു.

പഹോം പിഴയടച്ചു പോന്നുവെങ്കിലും അയാൾ അതിനെപ്പററി പിറുപിറുക്കാതിരുന്നില്ല. അയാൾ വീട്ടിൽചെന്നു. കുടുംബാംഗങ്ങളോടു തട്ടിക്കയറും. ഈ മാനേജർ നിമിത്തം വേനല്ക്കാലം മുഴുവൻ അയാൾ ബുദ്ധിമുട്ടു കളനുഭവിച്ചു. ശീതകാലമായപ്പോൾ സന്തോഷമായി. കന്നുകാലികളെ അന്നു തൊഴുത്തിൽ മുളച്ചിടാമല്ലൊ. പുല്ലുതീററുന്നതിന്ന് അയാൾക്കു കൊതിയില്ലാഞ്ഞിട്ടല്ല. അവയെപ്പററി ഉൾക്കണ്ഠയില്ലാതെ ഇരിയ്ക്കയെങ്കിലും ആകാമല്ലൊ എന്നേ അയാൾ വിചാരിച്ചുള്ളു. ആ ശീതകാലത്തു് നിലം ഉടമസ്ഥയായ മദാമ്മ അതു വില്ക്കുവാൻ പോകുന്നുവെന്നും 'ഹൈറോഡി'ലുള്ള സത്രംഉടമസ്ഥൻ അതു വാങ്ങുവാൻ ആലോചന നടത്തുന്നുവെന്നുമുള്ള വർത്തമാനം

കിട്ടി. കൃഷിക്കാർ പ്രസ്തുത വർത്തമാനംകേട്ടപ്പോഠം പരിബ്ഭ്രമത്തിലായി.

"നന്നായികാര്യം!" അവർ വിചാരിച്ചു. "സത്രമുടമസ്ഥൻ ഭൂമിയെടുത്താൽപിന്നെ പിഴയടയ്ക്കലല്ലാതെ വേറെയൊന്നും പണിയുണ്ടാവില്ല. അയാഠം ഈ മാനേജരേക്കാഠം മോശമാകാനേ വഴിയുള്ളു. ഈ എസ്റ്റേയ്റ്ററിനെ ആശ്രയിച്ചാണു് നാമൊക്കെക്കഴിഞ്ഞു കൂടുന്നതും".

ഏതായാലും കൃഷിക്കാർ അവരുടെ സംഘത്തിൻെറ പ്രതിനിധികളായി മദാമ്മയെ സമീപിച്ചു് സത്രം ഉടമസ്ഥന്നു് വസ്തു വില്ക്കാതിരിയ്ക്കുവാനപേക്ഷിച്ചു. അതിലധികം വില അവർ വെച്ചുകൊടുക്കാമെന്നും അറിയിച്ചു. മദാമ്മ അവരുടെ അപേക്ഷ സ്വീകരിച്ചു. അവരുടെ സംഘംവകയായി എസ്റ്റേയ്റ്ററ് മുഴുവൻ വാങ്ങാനാണു് ആദ്യം ആലോചിച്ചതു്; എന്നാൽ അതവരുടെ പൊതുസ്വത്താകുമല്ലോ. അവർ രണ്ടുപ്രാവശ്യം കാര്യങ്ങളാലോചിപ്പാനായി ഒരുമിച്ചുകൂടി; പക്ഷെ ഒന്നും തീർച്ചപ്പെട്ടില്ല. ചെകുത്താൻ അവരുടെ ഇടയിൽ കലഹത്തിൻെറ വിത്തുവിതച്ചിരുന്നതുകൊണ്ടു് അവക്കു യോജിപ്പാൻ കഴിഞ്ഞില്ല. അതുകൊണ്ടവർ ഭൂമി വേറെ വേറെയായി തങ്ങളുടെ പേരിൽ പ്രത്യേകം വാങ്ങുവാൻ തീർച്ചപ്പെടുത്തി. ഇതു് നിലം ഉടമസ്ഥയായ മദാമ്മ മറേറതു സമ്മതിച്ചതുപോലെ തന്നെ സമ്മതിക്കുകയും ചെയ്തു.

തൻെറ അയൽപക്കക്കാരൻ അമ്പതേക്ര വാങ്ങുവാൻ തീർച്ചപ്പെടുത്തിയിരിയ്ക്കുന്നുവെന്നും, തല്ക്കാലം പകുതി

സ്സംഖ്യകൊടുത്താൽ ബാക്കി സംഖ്യയ്ക്കു മദാമ്മ ഒരു കൊല്ലത്തേയ്ക്കു് ഇടകൊടുക്കാമെന്നു സമ്മിച്ചതിട്ടുണ്ടെന്നും പഹോം കേട്ടു; അയാൾക്കസൂയയായി.

"നോക്കട്ടെ ഒരു കഷ്ടം!" അയാൾ വിചാരിച്ചു. ഭൂമി മുഴുവൻ വിററുപോവുകയായി; എനിയ്ക്കതിൽ ഒന്നും കിട്ടുകയില്ല.

അയാൾ തന്റെ ഭാര്യയോടു പറഞ്ഞു:– "ബാക്കിയുള്ള ആളുകളൊക്കെ ഭൂമിവാങ്ങുന്നു. നമുക്കും ഒരിരുപതേക്രയെങ്കിലും വാങ്ങണം. ജീവിതം പിന്നെപ്പിന്നെ ബുദ്ധിമുട്ടായിട്ടാണു് വരുന്നതു്. ആ മാനേജർ നമ്മെ ഇട്ടങ്ങിനെ അരയ്ക്കുകയാണു്".

അങ്ങിനെ അവരാലോചന നടത്തി. ആ ഭൂമിയിൽ കുറേഭാഗം വാങ്ങുവാനെന്താണു് വഴിയെന്നവർ തീർച്ചപ്പെടുത്തി. നൂറു [റൂബൾസ് അവരുടെ കയ്യശം ഉണ്ടായിരുന്നു. ഒരു കുതിരക്കുട്ടിയെ വിററു. പിന്നെ ഒരു മകനെ ഒരിടത്തു പണിക്കാരനായിനിർത്തി. ഏതാനും സംഖ്യ അഡ്വാൻസുവാങ്ങി. പോരാത്തതു് ഒരളിയന്റെ കയ്യിൽനിന്നു് തല്ക്കാലം കടം മേടിച്ചു. ഇങ്ങിനെയെല്ലാം കൂടി നിലംവാങ്ങുവാൻ വേണ്ടതിന്റെ പകുതിസ്സംഖ്യ തപ്പിപ്പിടിച്ചു് ഒരുവിധം ഒപ്പിച്ചു.

പഹോം ഏതാണ്ടു് തന്നിയ്ക്കൊരു നാല്പതേക്ര സ്ഥലം കണ്ടുവെച്ചു. അതിന്റെ കാര്യങ്ങൾ തീർച്ചപ്പെടുത്തുവാനായി അയാൾ മദാമ്മയുടെ അടുത്തേയ്ക്കുപോയി. കാര്യ

ങ്ങൾ തീൎച്ചയാക്കി; പകുതിസ്സംഖ്യ അഡ്വാൻസായി അയാൾ ഡിപ്പോസിററു ചെയ്തു. പിന്നീടവർ പട്ടണത്തിൽപ്പോയി; ആധാരങ്ങൾ റജിസ്റ്റർചെയ്തു. ബാക്കിയുള്ള പകുതിസ്സംഖ്യ രണ്ടുകൊല്ലംകൊണ്ടു് കൊടുത്തുതീൎപ്പാനായിരുന്നു നിശ്ചയം.

ഇപ്പോൾ പഫോമിന്നു സ്വന്തം ഭൂമിയായി. താൻ വാങ്ങിട്ടുള്ള ഭൂമിയിലേയ്ക്കുയാൾ വിത്തു കടംവാങ്ങി വിതച്ചു. അക്കൊല്ലം വിള നന്നായി. ഒരു കൊല്ലംകൊണ്ടു് കടം കൊടുത്തു തീൎക്കുവാൻ അയാൾക്കു കഴിഞ്ഞു. അങ്ങിനെ അയാൾ ഉടമസ്ഥന്റേയും അളിയന്റേയും കടം വീട്ടി. ഇപ്പോൾ അയാൾ ഭൂമി ഉടമസ്ഥനായെന്നു പറയാം. സ്വന്തം ഭൂമിയിൽ ഉഴുതു; സ്വന്തം ഭൂമിയിൽനിന്നു് വയ്ക്കോൽ സമ്പാദിച്ചു; സ്വന്തം ഭൂമിയിൽനിന്നു് മരംമുറിച്ചെടുത്തു; സ്വന്തം സ്ഥലത്തുണ്ടാക്കിയ വളൎത്തുപുല്ലു് കാലികളെ തീററി. തന്റെ സ്വന്തം വകയായ നിലത്തുഴവാൻ പോകുമ്പോഴും, ഗോതമ്പക്കണ്ടങ്ങൾ നോക്കുവാൻ പോകുമ്പോഴും വളൎത്തുപുല്ലു് കാണുമ്പോഴുമെല്ലാം ആനന്ദം കൊണ്ടയാളുടെ ഹൃദയം നിറഞ്ഞിരുന്നു. വളൎന്നുവരുന്ന പുല്ലും, വിടൎന്നുവരുന്ന പൂക്കളും എല്ലാം മുമ്പും അവിടെ ഉണ്ടായിരുന്നു; അന്നൊക്കെ അയാൾക്കവ മറെറവിടെയെങ്കിലും കാണുമ്പോലെ മാത്രമെ തോന്നിയിരുന്നുള്ളു. ഒരു വിശേഷ വികാരവും അയാൾക്കുണ്ടായില്ല; എന്നാൽ ഇന്നത്തെ വികാരങ്ങളാകട്ടെ കേവലം വ്യത്യസ്തങ്ങളാണു്.

# III

പഹോം സംതൃപ്തനായിക്കഴിഞ്ഞുകൂടി; പക്ഷെ അയൽവക്കക്കാരായ കൃഷിക്കാരുടെ കന്നുകാലികൾ അയാളുടെ ഗോതമ്പവും പുല്ലും ഇടയ്ക്കിടയ്ക്കു കടന്നു് തിന്നുകൊണ്ടിരുന്നതിനാൽ അയാൾക്കു സ്വൈരക്കേടുണ്ടായിരുന്നു. അയാൾ കൃഷിക്കാരോടു് വളരെ മര്യാദയ്ക്കു പറഞ്ഞുനോക്കി; പക്ഷെ ഫലമൊന്നും ഉണ്ടായില്ല; കന്നുകാലികൾ വിളതിന്നുവാൻ വരുമ്പോൾ പഹോം അവയെയെല്ലാം തന്റെ കൃഷിസ്ഥലത്തുനിന്നു തെളിച്ചു ദൂരത്താക്കും. ഉടമസ്ഥന്മാർക്കു് മാപ്പുകൊടുക്കും; പക്ഷെ അങ്ങിനെ കുറെ കഴിഞ്ഞപ്പോൾ അയാളുടെ ക്ഷമയുടെ അതിരു കണ്ടുതുടങ്ങി. ഇതേവരെ അയാൾ ഒന്നും കേസ്സാക്കിയിരുന്നില്ല. ഒടുവിൽ മടുത്തിട്ടു് ഡിസ്ട്രിക്ട് കോർട്ടിലേയ്ക്കു പോയി. കൃഷിക്കാരായ തന്റെ അയൽപക്കക്കാർക്കു് സ്വന്തമായി നിലങ്ങളില്ലാത്തതുകൊണ്ടാണു് ഇങ്ങിനെയൊക്കെ വരുന്നതെന്നും, അല്ലാതെ അവർക്കു് വല്ല ദുരുദ്ദേശവും ഉണ്ടായിട്ടല്ലയെന്നും പഹോമിന്നറിയാമായിരുന്നു; ഇപ്പോൾ അയാൾ വിചാരിപ്പാൻ തുടങ്ങി:– "എനിയ്ക്കിനി ഇതു സഹിപ്പാൻ കഴിയുകയില്ല. ഇനിയും അശ്രദ്ധയായി വിട്ടാൽ ഉള്ളതു മുഴുവനും അവർ നശിപ്പിച്ചുകളയും; അവരെ ഒരു പാഠം പഠിപ്പിച്ചേ കഴിയൂ."

ഒടുവിലയാൾ രണ്ടുമൂന്നു കുടിയാന്മാർക്കു പിഴയിട്ടു. ഇതുകൊണ്ടെല്ലാം കുടിയാന്മാർ അയാൾക്കു വിരോധമായി; അവർ പിറുപിറുത്തുതുടങ്ങി. എന്നുമാത്രമല്ല കല്പിച്ചു

ക്രൂട്ടിത്തന്നെ അവർ തങ്ങളുടെ കന്നുകാലികളെ ഇടയ്ക്കിടയ്ക്കു പഹോമിൻെറ വയലുകളിലേയ്ക്കാക്കിത്തുടങ്ങി. ഒരു കുടിയാൻ രാത്രിയിൽ മരം മുറിച്ചെടുത്തു. അഞ്ചുനല്ല ഇളം പ്രായത്തിലുള്ള വേപ്പുമരങ്ങൾ അയാൾ വെട്ടിനശിപ്പിച്ചു! തോട്ടത്തിന്നുള്ളിൽ എന്തോ ഒന്നു വെളുത്തുകാണുന്നതായി പഹോമിന്നു തോന്നി. അടുത്തുചെന്നുനോക്കിയപ്പോൾ മരം മുറിച്ചെടുത്തിരിയ്ക്കുന്നു. കുററികൾ അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. പഹോമിന്നു വല്ലാതെ കോപം വന്നു. "ഒന്നോ രണ്ടോ എണ്ണം എവിടേനിന്നെങ്കിലും മുറിച്ചെടുത്തിട്ടുണ്ടെങ്കിൽത്തന്നെ അതെന്തൊരു വഷളത്തമാണ്. റാസ്കൾ! ഒരു കൂട്ടം മരം അങ്ങിനെതന്നെ മുറിച്ചെടുത്തിരിയ്ക്കുന്നു! ഇതാരാണ് ചെയ്തതെന്നറിയട്ടെ. ഞാനവന്നു ശരിയ്ക്കു കൊടുത്തുകൊള്ളാം." പഹോം വിചാരിച്ചു.

ആരാണിതു ചെയ്തിരിയ്ക്കുകയെന്നു പഹോം ആലോചിച്ചു. ഒടുവിൽ "അതു സൈമൻെറ പ്രവൃത്തിയായിരിയ്ക്കണം; വേറെ ആരും അതു ചെയ്തിരിയ്ക്കയില്ല" എന്നയാൾ തീച്ചപ്പെടുത്തി. പഹോം ഉടനെ സൈമൻെറ വീട്ടിലേയ്ക്കു നടന്നു; അവിടെച്ചെന്നു ചുററുപാടും ഒരു പരിശോധന നടത്തി; പക്ഷെ ഒന്നും കണ്ടുകിട്ടിയില്ല. ആകെപ്പാടെ ഒരു കോപത്തിൻെറ നിഴൽപ്പാടുകൾ അയാൾ ചുററുപാടുകളിൽ കണ്ടുവെന്നുമാത്രം. ഏതായാലും സൈമനാണതു ചെയ്തിട്ടുള്ളതെന്നു പഹോമിന്നു കുറേക്കൂടി തീച്ചപ്പെട്ടു. അയാൾ കോർട്ടിലന്യായം കൊടുത്തു. സൈമന്നു സമൻസെത്തി. കേസ്സെടുപ്പോൾ നിത്തിവെ

ച്ചതുകൊണ്ടു് നീണ്ടുനീണ്ടുപോയി; ഒടുവിൽ തെളിവില്ലെന്ന നിലയിൽ അയാളെ വിട്ടു. ഇപ്പോൾ പഹോമിന്നു കൂടുതൽ കോപം വന്നു. ജഡ്ജിമാരും മററധികൃതന്മാരും കൂടി സൈമൻെറ ഭാഗംനിന്നുവെന്നായിരുന്നു അയാളുടെ വിചാരം. അയാൾ "നിങ്ങൾതന്നെ സത്യസന്ധന്മാരാണെങ്കിൽ ഒരു കള്ളനെ ഇങ്ങിനെ ശിക്ഷിയ്ക്കാതെ വിട്ടയച്ചുകളയുമോ" എന്നുകൂടിചോദിച്ചു.

പഹോം ജഡ്ജിമാരോടും അയൽപക്കക്കാരോടും ശണ്ഠയ്ക്കുനിന്നു. അയാളുടെ വീടു ചുട്ടുകളയുമെന്നുള്ള ഭയപ്പെടുത്തൽകൂടി കേട്ടുതുടങ്ങി. ഇങ്ങിനെ പഹോമിന്നു് ഇപ്പോൾ ഭൂമിയും സ്വത്തുമൊക്കെ അധികമായിട്ടുണ്ടെങ്കിലും സമുദായത്തിലുള്ള അയാളുടെ നില മുമ്പത്തേതിലും മോശമായിത്തീർന്നു.

ഏതാണ്ടീകാലത്തു് ആ ഗ്രാമത്തിലുള്ളവരിൽ ചിലരൊക്കെ വേറെച്ചിലേടത്തേയ്ക്കു് മാറിത്താമസിയ്ക്കാൻ പോകുന്നതായി പഹോം കേട്ടു.

"എനിയ്ക്കെൻെറ ഭൂമി വിട്ടുപോകേണ്ടതായ ആവശ്യം നേരിട്ടിട്ടില്ല." പഹോം വിചാരിച്ചു. "അതേ ഗ്രാമത്തിൽനിന്നു ചിലർ വിട്ടുപോവുകയാണെങ്കിൽ ആവട്ടെ; എന്നാൽ ബാക്കിയുള്ളവക്കു വേണ്ടുവോളം സ്ഥലമുണ്ടാകുമല്ലൊ. അവരുടെ സ്ഥലംകൂടി ഞാൻ വാങ്ങിക്കളയാം; എന്നാൽ എൻെറ എസ്റ്റേയ്‌ററ് കുറേക്കൂടി വലുതാകുമല്ലൊ. എന്നാൽപ്പിന്നെ എനിയ്ക്കു കുറച്ചുകൂടി സുഖമാ

യിക്കഴിയാം. ഞാനിപ്പോൾ സൌകര്യത്തിന്നു സ്ഥലമില്ലാതെ തിരുങ്ങിക്കഴിഞ്ഞുകൂട്ടുകയാണല്ലൊ.

ഒരു ദിവസം പഹോം വീട്ടിലിരിയ്ക്കുകയായിരുന്നു; അപ്പോൾ അതിലെ പോയിരുന്ന ഒരു കൃഷകൻ അവിടെ പഹോമിന്റെ വീട്ടിൽ വന്നുചേരുവാനിടയായി. സംഗതിവശാൽ അന്നയാളവിടെ താമസിച്ചു. രാത്രി ഊണുകഴിഞ്ഞശേഷം പഹോം കൃഷകന്റെ നാട്ടിലെ വർത്തമാനങ്ങളെക്കുറിച്ച് ഓരോന്നു ചോദിച്ചുമനസ്സിലാക്കുകയായിരുന്നു. താൻ 'വോൾഗാ'യുടെ അപ്പുറത്തുനിന്നാണ് വരുന്നതെന്നും, പണിയെടുക്കുന്നതവിടെയാണെന്നും അയാൾ പറഞ്ഞു. ഒന്നിൽനിന്ന് മറെറാന്നിലേയ്ക്കു കടന്ന് അങ്ങിനെ പലേ വിഷയങ്ങളെപ്പററിയും അവർ സംസാരിച്ചുകൊണ്ടിരുന്നു. ആ സ്ഥലത്തിപ്പോൾ മററു ഗ്രാമങ്ങളിൽനിന്ന് പലരും വന്നുകൂടീട്ടുണ്ടെന്നും, ഇരുപത്തഞ്ചീത ഏക്രയോളം ഓരോരുത്തൎക്കു ലഭിച്ചിട്ടുണ്ടെന്നും, ഭൂമി വളരെ ഫലവത്താണെങ്കിലും വളരെ കുറച്ചു മാത്രമെ വില കൊടുക്കേണ്ടതുള്ളുവെന്നും മററും അയാൾ പഹോമിനെ പറഞ്ഞു ധരിപ്പിച്ചു. "ഒരു കൃഷിക്കാരൻ വെറും കയ്യായിട്ടവിടെ വന്നുകൂടിയിരുന്നു; ഇന്നയാൾക്ക് ആറു കുതിരയും രണ്ടു പശുവും അയാളുടെ സ്വന്തമായിട്ടുണ്ട്. ഓരേ കുതിരകളോളം വലിപ്പത്തിലാണ് 'രായി' നില്ക്കുന്നത്. നാലുപ്രാവശ്യം അരിയുമ്പോഴയ്ക്ക് ഒരു കററയായി."

വർത്തമാനങ്ങൾ കേട്ട് പഹോമിന്റെ ഹൃദയം അത്യാഗ്രഹംകൊണ്ടു കിടന്നു പിടയുവാൻ തുടങ്ങി. അയാൾ

വിചാരിയ്ക്കയായി:- "ഞാനെന്തിനാണ് ഈ കുടുതായ സ്ഥലത്തിങ്ങനെ കഴിച്ചുകൂട്ടുന്നതു്! എന്തുകൊണ്ടു് ഇയ്യാൾ പറയുമ്പോലുള്ള വല്ലേടത്തേയ്ക്കും പോയിക്കൂട? ആളുകൾ തിങ്ങിത്താമസിയ്ക്കുന്ന ഈ സ്ഥലമുണ്ടല്ലോ ഇവിടെ ഉപദ്രവങ്ങളല്ലാതെ മററൊന്നും ഇല്ല. പക്ഷെ ആദ്യം ഒന്നവിടെപ്പോയി അവനവൻതന്നെ എല്ലാം കണ്ടുവരണം. ഇവിടെയുള്ള ഭൂമിയും വീടും വിറേറയ്ക്കണം."

വേനല്ക്കാലമായപ്പോൾ പഹോം തയ്യാറായി, യാത്ര പുറപ്പെട്ടു; അയാൾ വോൾഗയിലെത്തി. പിന്നെ ഒരു തീബോട്ടിൽകയറി സമേറയിലും എത്തി. പിന്നീടൊരു മുന്നൂറമൈൽ കാൽനടയായി നടന്നു; ഒട്ടുവിലയാൾ ഒരു വിധത്തിൽ തൻെറ സങ്കേതത്തിൽ എത്തിച്ചേർന്നു. ആ ഗ്രാമം പറഞ്ഞുകേട്ടപോലെത്തന്നെയാണെന്നു് അയാൾക്കു തോന്നി; ഓരോ കൃഷിക്കാരന്നും ധാരാളം ഭൂമിയുണ്ടായിരുന്നു. ഓരോരുത്തൎക്കും സംഘംവകയായി ഇരുപത്തഞ്ചേക്രവീതം ഉപയോഗത്തിന്നുണ്ടു്. പിന്നേയും പണം ഉള്ളതിന്നനുസരിച്ചു് വാങ്ങാം. ഏക്രയ്ക്കു രണ്ടു ഷില്ലിങ്ങ്‌വീതം കൊടുത്താൽമതി. എത്രവേണമെങ്കിലും ഭൂമി സ്വന്തമായിക്കിട്ടും.

പഹോം തനിയ്ക്കാവശ്യമുള്ളതെല്ലാം കണ്ടശേഷം ശിശിരം ആയതുകൊണ്ടയാൾ നാട്ടിലേയ്ക്കുമടങ്ങി. തൻെറ സ്വത്തു് ഓരോന്നോരോന്നായി വില്ക്കുവാൻ തുടങ്ങി. കന്നുകാലികൾ, വീടു്, നിലം എന്നിവയെല്ലാം നല്ലവിലക്കു് വിററു. പഹോമിന്നു സംഘത്തിലുണ്ടായിരുന്ന മെമ്പർ

ഷിപ്പയാഠം പിൻവലിച്ചു; ആ വകയിലും കുറെ സംഖ്യ കിട്ടി. വസന്തകാലം വരുവാൻവേണ്ടി അയാഠം കാത്തിരുന്നു. പിന്നെ പുതിയ വാസസ്ഥലത്തേയ്ക്കു് അയാഠം കുടുംബസമേതം പുറപ്പെട്ടു.

# IV

കുടുംബസമേതം പഹോം പുതിയ സ്ഥലത്തെത്തിയ ഉടനെ അയാഠം സംഘത്തിൽ ഒരംഗമായിത്തീരുന്നതിന്നു് ഹരജി സമപ്പിച്ചു. അയാഠം ആലോചനനടത്തി അത്യാവശ്യങ്ങളായ ആധാരങ്ങളെല്ലാം തയ്യാറാക്കി. സംഘത്തിൽനിന്നയാഠംക്കും അയാളുടെ പുത്രന്നുംകൂടി 125 ഏക്ര ഭൂമി കിട്ടി; പക്ഷെ അവ അവിടവിടെയായിട്ടായിരുന്നു. ഇതിന്നപുറമെ കന്നുകാലികളെ മേയ്ക്കുവാനുള്ള ഒരു സ്ഥലവും അയാഠംക്കു കൈവശമായി. പഹോം ആവശ്യമുള്ള എടുപ്പുകളെല്ലാം പണികഴിപ്പിച്ചു; കന്നുകാലികളെ വാങ്ങി. സംഘത്തിൽനിന്നയാഠംക്കു കിട്ടിയ ഭൂമിമാത്രം മുമ്പുണ്ടായിരുന്നതിൻെറ മൂന്നിരട്ടി വലിയതായിരുന്നു. ഭൂമി ഒന്നാന്തരം ഗോതമ്പവയലായിരുന്നു. മുമ്പേത്തേക്കാഠം പത്തിരട്ടി നന്നായി ഇപ്പോഴത്തെ അയാളുടെ സ്ഥിതി. ഇതിന്നപ്പുറമെ വേറെ ചില്ലറ കൃഷിക്കുള്ള സ്ഥലങ്ങളും മേച്ചിൽ സ്ഥലങ്ങളും കിട്ടി; എത്ര കന്നുകാലികളെ വേണമെങ്കിലും ഇപ്പോഠം അയാഠംക്കു് വളത്താവുന്നതാണു്.

ആദ്യത്തിൽ പഹോമിന്നു് ഇപ്പോഴുള്ള വകകൊണ്ടൊക്കെ ഒരുവിധം സംതൃപ്തിയാണുണ്ടായതു്. ക്രമേണ ആവ

ശ്യമുള്ളത്ര ഭൂമി ഇവിടേയും തനിയ്ക്കില്ലെന്ന് അയാൾക്ക തോന്നിത്തുടങ്ങി. ആദ്യത്തെകൊല്ലം സംഘംവക ഭൂമിയിൽ അയാൾ ഗോതമ്പുവിളയിറക്കി; നല്ലൊരുവിളയുണ്ടായി. കുറേക്കൂടി അയാൾക്ക വിതയ്ക്കണമെന്നുണ്ടായിരുന്നു; പക്ഷെ സംഘംവകയായിക്കിട്ടിയ സ്ഥലം അതിന്ന് മതിയായിരുന്നില്ല. പുതിയ നിലങ്ങളിലേ ഗോതമ്പം വിതച്ചിരുന്നുള്ളു. ഒന്നോ രണ്ടോ കൊല്ലം അങ്ങിനെ ഗോതമ്പവിളയിറക്കിയശേഷം ആ നിലം മൂപ്പുകിട്ടുവാനായി ഉഴതിടുകയോ അല്ലെങ്കിൽ അതിൽ പുല്ലുവളൎത്തുകയോ ആയിരുന്നു പതിവ്. ഇങ്ങിനെ ആളുകൾക്ക് അധികം ഭൂമിയുടെ ആവശ്യംവന്നു; ഇതിന്നുവേണ്ടി പരസ്പരം ശണ്ഠകൂടിക്കൊണ്ടിരിയ്ക്കുയും തങ്ങളുടെ ശക്തിയ്ക്കനുസരിച്ച് പണം ചെലവാക്കി മത്സരിക്കുകയുംചെയ്തു. പഹോമിന്നു കൂട്ടതൽ ഗോതമ്പം വിതയ്ക്കുവാനുണ്ടായിരുന്നതുകൊണ്ട് അയാളൊരു ഭൂമിയുടമസ്ഥനോട്ട് ഒരു സ്ഥലം പാട്ടത്തിന്നുവാങ്ങി. ഒരു കൊല്ലത്തിന്നാണ് വാങ്ങിയത്. അയാൾ ഗോതമ്പം വിതച്ചു; അക്കൊല്ലം നല്ല വിളയുണ്ടായി. പക്ഷെ ആ നിലം തൻെറ ഗ്രാമത്തിൽനിന്നു വളരെ ദൂരെയായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ പഹോമിന്നു മനസ്സിലായി ചില ഭൂമിയുടമസ്ഥന്മാരായ കൃഷിക്കാർ വേറെ വേറെയായുള്ള കൃഷിസ്ഥലങ്ങളിൽ താമസിച്ചു സ്വന്തമായി കൃഷി നടത്തിവരുന്നുണ്ടെന്ന്. അയാൾ ആലോചിച്ചു :- "എനിയ്ക്കു സ്വന്തമായി ഭൂമിയും അതിലൊരു കളവും ഉണ്ടെങ്കിൽ ആകപ്പാടെ കാൎയ്യങ്ങൾക്കൊ

രു മാററം വരുവാനുണ്ട്. എന്നാൽ അത്രെത്ര സുഖമാ യിരിയ്ക്കും".

സ്വന്തമായി ഭൂമിവാങ്ങേണ്ട കാൎയ്യം അയാളെ വീണ്ടും വീണ്ടും അലട്ടികൊണ്ടിരുന്നു. മൂന്നു കൊല്ലം അയാളിങ്ങിനെ പാട്ടത്തിന്നു ഭൂമിവാങ്ങി ഗോതമ്പം വിത ച്ചുകൊണ്ടിരുന്നു. കാലാവസ്ഥ നന്നായിരുന്നു; അതു കൊണ്ട് വിളയും മോശമല്ലാതെ വന്നു. അങ്ങിനെ അയാ ൾക്ക് കുറേ പണം സമ്പാദിയ്ക്കുവാൻ കഴിഞ്ഞു. ഇങ്ങി നെ കഴിഞ്ഞുകൂടാമായിരുന്നു; പക്ഷെ അന്യന്റെ ഭൂമി യ്ക്ക് കൊല്ലംതോറും പാട്ടം കൊടുത്തു അയാൾ മടുത്തുവ ശായി; ഇനി അന്യന്റെ മുമ്പിലയാൾക്ക് മുട്ടുകുത്തുവാൻ പ്രയാസമായി. എവിടേയെങ്കിലും ഒരു നല്ലനിലം കൊടു പ്പാനുണ്ടായാൽ കൃഷിക്കാരെല്ലാവരുംകൂടി അവിടെ കുതി ച്ചെത്തിക്കഴിയും; ഉടനെ അത് ഏതെങ്കിലും ഒരാൾക്ക് അധീനപ്പെട്ടു കഴികയും ചെയ്യും. നല്ലവണ്ണം ശ്രദ്ധിച്ചി രിയ്ക്കാത്തവൎക്ക് ഒന്നും കിട്ടുകയില്ല. അയാളവിടെ ചെന്ന തിന്റെ മൂന്നാംകൊല്ലം ഒരു സംഭവമുണ്ടായി; പഹോമും വേറൊരു കൎഷകനുംകൂടി ഒരാളുടെ പക്കൽനിന്ന് ഒരു നിലം പാട്ടത്തിന്നു വാങ്ങിയിരുന്നു. അവരൊപ്പം അതിൽ കൃഷിചെയ്തു. ഒരിയ്ക്കൽ അവൎതമ്മിലെന്തോ ഒരു തൎക്ക മുണ്ടായി; ഒടുവിൽ കോടതിയിലെത്തി. കാൎയ്യങ്ങൾ വഷ ളായി; ആ കൃഷിക്കാൎക്ക് അവരുടെ തൊഴിലിന്റെ ഫല മെല്ലാം നഷ്ടപ്പെട്ടു.

"അതെൻറ സ്വന്തം ഭൂമിയായിരുന്നെങ്കിൽ!" പഹോം വിചാരിച്ചു; "അപ്പോൾ ഞാൻ സ്വതന്ത്രനായിരിയ്ക്കും; ഈവക സുഖമില്ലാത്ത കാൎയ്യങ്ങളൊന്നും അപ്പോൾ ഉണ്ടാകുമായിരുന്നില്ല."

ഇങ്ങിനെ അയാൾ ഭൂമിവാങ്ങുവാൻ നോക്കികൊണ്ടിരിയ്ക്കയായി. ഒരു കൃഷിക്കാരൻ ആയിരത്തിമുന്നൂറേക്ര തൻെറ പേരിൽ വാങ്ങിയിരുന്നു; അയാൾക്കു ചില ബുദ്ധിമുട്ടുകൾ നേരിട്ടതുകൊണ്ടു് കുറച്ചു താണവിലയ്ക്കു് അതു് വീണ്ടും വില്ക്കുവാൻ തീരുമാനിച്ചു. വളരെ കൂടിയാലോചനകളും പിശക്കവുമെല്ലാം കഴിഞ്ഞശേഷം 1500 റൂബൽസിന്നു് ഭൂമി കൊടുപ്പാൻ തീൎച്ചയാക്കി. പകുതിറൊക്കവും പകുതി പിന്നീടും കൊടുപ്പാനായിരുന്നു നിശ്ചയം; പക്ഷെ ആ നിശ്ചയം ഒന്നും നടക്കുകയുണ്ടായില്ല. ഒരു ദിവസം ഒരു ഭൂമികൈവശക്കാരൻ അതിലെ കടന്നുപോകുമ്പോൾ കുതിരയ്ക്കു തീററകൊടുപ്പാനായി പഹോമിൻെറ അടുത്തു കൂടുകയുണ്ടായി; അവരൊരുമിച്ചു ചായകഴിച്ചു; സംസാരിച്ചു. വന്ന ആൾ പറഞ്ഞു; "ഞാൻ ദൂരത്തുള്ള 'ബഷ്കീറുകളുടെ' നാട്ടിൽനിന്നാണു് വരുന്നതു്. 13000 ഏക്ര ഭൂമി അവിടെ വാങ്ങീട്ടുണ്ടു്. 1000 റൂബൽസേ അതിന്നു് കൊടുക്കേണ്ടിവന്നിട്ടുള്ളു." പഹോം പിന്നേയും ചോദ്യങ്ങൾചെയ്തു. അയാൾ മറുപടി പറഞ്ഞു :- "എല്ലാവരും മുഖ്യസ്ഥന്മാരുമായി സ്നേഹത്തിലാവുകയാണാവശ്യം. ഏതാണ്ടു് 100 റൂബൽസ് വിലയുള്ള പട്ടുടുപ്പുകളും പരവതാനികളും ചായപ്പാത്രങ്ങളും ഞാൻ ചിലവാക്കുകയു

ണ്ടായി. വൈൻ വേണ്ടവക്ക് അതും ഞാൻ കുടിപ്പാൻ കൊടുത്തിരുന്നു. ഒരു പെനിയ്ക്ക് ഒരേക്രയിൽ കുറയാതെയുള്ള ഭൂമി എനിയ്ക്കു കിട്ടുകയുണ്ടായിട്ടുണ്ട്." ഇങ്ങിനെ പറഞ്ഞുകൊണ്ടയാം തന്റെ കയ്യിലുണ്ടായിരുന്ന അതിന്റെ ആധാരം എടുത്തുകാണിച്ചുകൊടുത്തു.

"സ്ഥലം കിടക്കുന്നതു് ഒരു പുഴയുടെ സമീപത്താണു്. മുഴുവനും നല്ല ഫലവത്തായ പുതിയ ഭൂമിയാണതാനും."

പഹോം പലതും ചോദ്യംചെയ്തു തുടങ്ങി; ആഗതൻ മറുപടി പറഞ്ഞു :-

"ഒരു കൊല്ലം നടന്നാൽക്കൂടി എത്താത്ത ഭൂമിയുണ്ടു് ഭക്ഷീറുകളുടെ വകയായിട്ടു്. അവരെല്ലാം ചെമ്മരിയാടുകളെപ്പോലെ ശാന്തന്മാരാണു്. എത്താണ്ടു് വെറുതെ കൊടുക്കുമ്പോലെയാണു് അവിടെയുള്ള ഭൂമികളുടെ വിലയിരിയ്ക്കുന്നതു്."

പഹോം വിചാരിച്ചു:- "എന്റെ ആയിരം റുബെൽസ്‌കൊണ്ടു് എന്തുകൊണ്ടെനിയ്ക്കു് 1300ഏക്രഭൂമിമാത്രമായികിട്ടുന്നു? ആ പണം അവിടെ മുടക്കുകയാണെങ്കിൽ ഇതിലും പത്തിരട്ടിയിലധികം പണം മുടക്കിയ ഫലമാണെനിയ്ക്കു കിട്ടുവാൻ പോകുന്നതു്."

## V

അവിടേയ്ക്കുപോവുക ഏതുവഴിയ്ക്കാണെന്നു പഹോം അന്വേഷിച്ചറിഞ്ഞു. ആ അപരിചിതൻ പോയ ഉടനെ

പഷോം ആ സ്ഥലത്തേയ്ക്കു പോവാൻ ഒരുക്കംകൂട്ടിത്തുടങ്ങി. വീടും മററും നോക്കുന്നതിന്നു ഭാര്യയെ പറഞ്ഞേല്പിച്ചു അയാൾ സ്വന്തം ഒരാളോടുകൂടി പുറപ്പെട്ടു. അവർ വഴിയ്ക്കൊരു പട്ടണത്തിൽ താമസിച്ചു. ആ അപരിചിതൻ ഉപദേശിച്ചിട്ടുള്ളതുപോലെ അവർ ചായപ്പാത്രങ്ങൾ, കുറെ വയിൻ, തുടങ്ങി കാഴ്ചവെയ്ക്കുവാനുള്ള സാധനങ്ങൾ വാങ്ങിത്തുടങ്ങി തയ്യാറായി. ഏതാണ്ടൊരു മുന്നൂറു നാഴികയോളം അവർ നടന്നു; ഒടുവിൽ ഏഴാം ദിവസം അവരുടെ സങ്കേതത്തിൽ എത്തിച്ചേർന്നു. പറഞ്ഞുകേട്ടതുപോലെത്തന്നെയായിരുന്നു അവിടത്തെ സ്ഥിതി. പുഴയുടെ സമീപത്തായുള്ള തമ്പുകളിലാണു് ജനങ്ങൾ താമസിച്ചിരുന്നതു്. അവരുടെ കുതിരകളും കന്നുകാലികളും കൂട്ടംകൂട്ടമായി നദീതീരങ്ങളിൽ മേഞ്ഞുകൊണ്ടിരുന്നു. കൂടാരങ്ങളുടെ പിന്നിലായി കുതിരക്കുട്ടികളെ കെട്ടിയിരുന്നു. പെൺകുതിരകളേയും ആടുകളേയും ദിവസത്തിൽ രണ്ടുപ്രാവശ്യം കറന്നു പാലെടുക്കും. പാലുകൊണ്ടു കുമ്മീസ്* ഉണ്ടാക്കും. സ്ത്രീകളാണു് അതൊക്കെ ചെയ്തിരുന്നതു്. പാല്ക്കട്ടിയും അവരുണ്ടാക്കിയിരുന്നു. വയലിൽ ഉഴുകയോ അപ്പം റൊട്ടി മുതലായവ ഉണ്ടാക്കിത്തിന്നുകയോ അവൾക്കു പതിവുണ്ടായിരുന്നില്ല. ചായയും കുമ്മീസും കഴിച്ചും മാംസം തിന്നും ആളുകൾ കഴിഞ്ഞുകൂടും കുഴലുകൾകൊണ്ടു സംഗീതം ആലാപിക്കലവരുടെ ഒരു പ്രധാന വിനോദ

*ഒരുതരം റഷ്യൻ മോരു്.

മാണു്. അവർ സന്തുഷ്ടസ്വഭാവന്മാരും ബലിഷ്ഠശരീരന്മാരുമായിരുന്നു. വേനൽക്കാലം മുഴുവൻ യാതൊരു പ്രവൃത്തിയും ചെയ്യേണ്ടതായ ആലോചന അവക്കില്ല. അവക്കു് റഷ്യൻഭാഷയറിഞ്ഞിരുന്നില്ല; എന്നല്ല യാതൊരു പഠിപ്പുമില്ലാത്തവരായിരുന്നു. എന്നാൽ അവർ നല്ലസ്വഭാവത്തോടുകൂടിയവരായിരുന്നുവെന്നതിന്നു സംശയമില്ല.

പഹോം അവിടെ എത്തിയപ്പോൾ അവരെല്ലാവരും അവരുടെ തമ്പുകളിൽനിന്നിറങ്ങിവന്നു് അയാളുടെ ചുററും തടിച്ചുകൂടി. ഒരു തർജ്ജമക്കാരൻെറ സഹായത്തോടുകൂടി താനെവിടെനിന്നു് വരുന്നുവെന്നും മററുമുള്ള വിവരങ്ങൾ പഹോം അവരെ മനസ്സിലാക്കി.

വളരെ സന്തോഷമായി. അവർ പഹോമിനെ അവരുടെ ഏററവും നല്ലൊരു തമ്പിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. പരവതാനിയുടെ മുകളിലിട്ടിരുന്ന കിടയ്ക്കയിൽ അയാളെ ഇരുത്തി എല്ലാവരും ചുററുപാടും കൂടി. അവരതിഥിയ്ക്കു് ചായയും കമ്മീസും കൊടുത്തു. ഒരാടിനെ അറുത്തു് വേഗത്തിൽ മാംസം തയ്യാറാക്കി. പഹോം താൻ കൊണ്ടുവന്നിട്ടുണ്ടായിരുന്ന കാഴ്ചദ്രവ്യങ്ങൾ പുറത്തേയ്ക്കെടുത്തു. അവയെല്ലാം അയാൾ ചുററുപാടുമുള്ള ഭക്ഷീറുകളുടെ ഇടയിൽ വിതരണംചെയ്തു. അവർ തമ്മിൽത്തമ്മിൽ തന്നെ വളരെയധികം സംസാരിച്ചു; പിന്നീടു് പരിഭാഷകനോടു് അവ തർജ്ജമചെയ്യുവാൻ പറഞ്ഞു.

പരിഭാഷകൻ പറഞ്ഞു:— "അവർ താങ്കളോടു് പറയുന്നു; താങ്കളെ അവക്കു് വളരെ ഇഷ്ടമായി. ഒരതിഥി

വന്നാൽ അയാൾക്ക് വേണ്ടതെല്ലാം ചെയ്തുകൊടുത്ത് സന്തോഷിപ്പിയ്ക്കുന്നത് ഇവിടത്തെ ഒരു സമ്പ്രദായമാണ്; ഇവിടെയുള്ളതിൽ നിങ്ങൾ അധികം ഇഷ്ടപ്പെടുന്നതെന്താണ്; അത് ഞങ്ങൾ നിങ്ങൾക്ക് പ്രസൻറ് തരുവാൻ ഒരുക്കമാണ്."

"നിങ്ങളുടെ ഈ ഭൂമിയല്ലാതെ മറെറന്താണ് എനിയ്ക്കിവിടെ അധികം ഇഷ്ടമാകുന്നത്? ഞങ്ങളുടെ നാട്ടിൽ ഭൂമി ഇത്ര ഫലവത്തല്ല; ആളുകളവിടെ തിങ്ങിത്താമസിയ്ക്കുകയും ചെയ്യുന്നു. നിങ്ങൾക്കാണെങ്കിൽ ധാരാളം ഭൂമിയുണ്ട്; അവ മേത്തരമാണുതാനും. ഞാനിത്രനല്ല ഒരു ഭൂമി കണ്ടിട്ടില്ല". പഹോം മറുപടി പറഞ്ഞു.

തർജ്ജമക്കാരൻ ഇങ്ങിനെ തർജ്ജമചെയ്തുകഴിഞ്ഞപ്പോൾ ബേ്ക്ഷീറുകൾ പരസ്പരം എന്തൊക്കയൊ കുറച്ചു നേരം സംസാരിച്ചുകൊണ്ടിരുന്നു; പഹോമിന്നതൊന്നും മനസ്സിലാവുകയുണ്ടായില്ല. അവർ ലഹളകൂട്ടുകയും ചിരിയ്ക്കുകയുമൊക്കെച്ചെയ്തിരുന്നതുകൊണ്ട് അവക്ക് വളരെ സന്തോഷമായിരിയ്ക്കുന്നുവെന്ന് പഹോമിന്ന് മനസ്സിലായി; പിന്നെ അവർ നിശ്ശബ്ദരായി പഹോമിനെ നോക്കിക്കൊണ്ടിരുന്നു; അപ്പോൾ തർജ്ജമക്കാരൻ പറഞ്ഞു:—"ഇവർ താങ്കളോട്ട് പറയുവാൻ ആഗ്രഹിക്കുന്നത്, താങ്കളുടെ പാരിതോഷികങ്ങൾക്കെല്ലാം പകരമായി താങ്കൾക്കാവശ്യമുള്ളത്ര ഭൂമി തരുന്നുവെന്നാണ്. അങ്ങിനെ ചെയ്യുന്നതിൽ ഇവക്ക് വളരെ സന്തോഷമുണ്ട്.

താങ്കൾ എവിടെ എത്ര ഭൂമി വേണമെന്നു ചൂണ്ടിക്കാണിയ്ക്കുകയേ വേണ്ടു; അതു താങ്കളുടേതായിത്തീരും". ഭക്ഷീറുകൾ പിന്നേയും കുററനേരം പരസ്പരം തക്കിച്ചു സംസാരിച്ചുകൊണ്ടിരുന്നു; അവരെന്താണു തക്കിക്കുന്നതെന്നു പഹോം ചോദിച്ചതിന്നു പരിഭാഷകൻ മറുപടി പറഞ്ഞു:—"അവരുടെ തലവനിവിടെയില്ല; അദ്ദേഹം വന്നശേഷംപോരേ ഭൂമികൊടുക്കുക ?" എന്നാണു ചിലർ ചോദിയ്ക്കുന്നതു്. അദ്ദേഹം വരുവാൻ കാത്തുനില്ക്കേണ്ടതില്ലെന്നാണു മറെറാരു കക്ഷിയുടെ അഭിപ്രായം.

# VI

തക്കം ഇങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പോൾ കുറുക്കൻെറ രോമംകൊണ്ടുള്ള തൊപ്പിധരിച്ച ഒരാൾ രംഗത്തിലെത്തി; അവരെല്ലാവരും നിശ്ശബ്ദരായി അവിടെ എഴുനീററുനിന്നു ബഹുമാനിച്ചു. തജ്ജമക്കാരൻ പറഞ്ഞു:—"ഇതാണു ഞങ്ങളുടെ തലവൻ."

ഉടനെ പഹോം കരുതിയിരുന്ന ഒന്നാംതരം ഉടുപ്പും, അഞ്ചുറാത്തൽ ചായയും തലവന്നു കാഴ്ചവെച്ചു. അയാളതെല്ലാം സ്വീകരിച്ചശേഷം അവിടെയുള്ളതിൽവെച്ചു് അധികം മാന്യമായ സ്ഥാനത്തിരുന്നു. അവിടെയുള്ള ആളുകളും തലവനുമായി ചിലതൊക്കെ സംസാരിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞശേഷം തലവൻ അവരോടു് നിശ്ശബ്ദരായിരിയ്ക്കുവാൻ ആജ്ഞാപിച്ചു; പിന്നെ പഹോമിനെ സംബോധനചെയ്തുകൊണ്ടു് റഷ്യൻ ഭാഷയിൽ തലവൻ

പറഞ്ഞു:-"ശരി, നല്ലതു്; അതങ്ങിനെയാകട്ടെ; നിങ്ങൾക്കാവശ്യമുള്ള ഭൂമിയെടുത്തുകൊള്ളുക; ഞങ്ങൾക്കിവിടെ ധാരാളം ഭൂമിയുണ്ടു്."

"അതെങ്ങിനെയാണു് എനിയ്ക്കാവശ്യമുള്ളത്ര ഭൂമി ഞാനെടുക്കുന്നതു്?" പഹോം വിചാരിച്ചു. "ഇപ്പോൾ അവരെന്റെയാണു് ഭൂമിയെന്നുപറയും; പിന്നെ കുറേ കഴിയുമ്പോൾ അതു മടക്കിയെടുക്കുകയും ചെയ്യാമല്ലൊ. വല്ലതും റിക്കാട്ടുചെയ്യാതെ വാക്കുകൊണ്ടെന്താണു് കാര്യം?"

അയാളുറക്കെപ്പറഞ്ഞു:-"നിങ്ങളുടെ ദയയ്ക്കു് എന്റെ ഹൃദയപൂർവ്വമുള്ള നന്ദി; നിങ്ങൾക്കു വളരെയധികം ഭൂമിയുണ്ടു്. എനിയ്ക്കു് കുറച്ചുമാത്രമേ ആവശ്യമുള്ളു. ഏതു ഭാഗമാണെനിയ്ക്കുള്ളതെന്നു തീർച്ചപ്പെടുത്തേണ്ടതില്ലേ? അതളന്നു് കണക്കാക്കേണ്ടേ? ജീവിതവും മരണവുമെല്ലാം ദൈവത്തിന്റെ കയ്യിലാണ്. വളരെ നല്ലവരായ നിങ്ങൾ ഇതെനിയ്ക്കുതരുന്നു; പക്ഷെ നിങ്ങളുടെ മക്കൾ ഇതു മടക്കിയെടുത്തുവെന്നും വന്നുകൂടേ?"

"നിങ്ങൾ പറഞ്ഞതു വളരെ ശരിയാണ്; ഞാനതു നിങ്ങൾക്കു തന്നുകളയാം." തലവൻ പറഞ്ഞു.

ഒരാൾക്കു നിങ്ങൾ ഭൂമി ചാർത്തിക്കൊടുത്തിട്ടുള്ളതിന്റെ ഒരാധാരം ഞാൻ കാണുകയുണ്ടായി. അതേമാതിരി തന്നെ ലക്ഷ്യം എഴുതിയുണ്ടാക്കി എടവാടിന്നു് റിക്കാഡുണ്ടാക്കുന്നതാണു് നല്ലതെന്നു ഞാൻ വിചാരിയ്ക്കുന്നു.

തലവൻ കാര്യം മനസ്സിലാക്കി:—"ആവാം; അതു വളരെ എളുപ്പത്തിൽ ചെയ്യാവുന്നതാണല്ലോ. ഇവിടെ ഞങ്ങൾക്കൊരു ക്ലാർക്കുണ്ട്. ഞങ്ങൾ നിങ്ങളോടുകൂടി പട്ടണത്തിലേയ്ക്കുവരാം; എന്നിട്ട് റിക്കാർഡ് ശരിയായ വിധത്തിൽ സീൽ വെയ്ക്കാമല്ലോ."

"വില എന്തു വേണ്ടിവരും?" പഹോം ചോദിച്ചു.

"ഞങ്ങളുടെ വില എപ്പോഴും ഒന്നുതന്നെയായിരിയ്ക്കും. ഒരു ദിവസത്തിന്നു് ഒരായിരം റൂബ്ൾസ് ആണു്."

പഹോമിന്നു മനസ്സിലായില്ല. "ഒരു ദിവസം? അതെന്തൊരളവാണു്? അതിന്നെത്ര ഏക്രയുണ്ടാകും?" എന്നയാൾ ചോദിച്ചു.

"അതെങ്ങിനെയാണു് കണക്കുകൂട്ടുകയെന്നു് ഞങ്ങൾക്കറിഞ്ഞുകൂട; ഞങ്ങൾ ദിവസക്കണക്കിലാണു് വില്ക്കുന്നതു്. നിങ്ങൾക്കു് കാൽനടയായി ഒരു പകൽകൊണ്ടു് എത്ര ദൂരം ചുററി മടങ്ങിവരാമോ, ആ ഭൂമി മുഴുവനും നിങ്ങളുടേതാണു്. അതിന്നു വിലയായി ഒരായിരം റൂബ്ൽസ് തരികയും വേണം." എന്നു തലവൻ പറഞ്ഞു.

പഹോം അത്ഭുതപ്പെട്ടുപോയി.

"പക്ഷെ ഒരു പകൽകൊണ്ടു് വളരെ ദൂരം ചുററിവരുവാൻ സാധിയ്ക്കുമല്ലൊ" അയാൾ പറഞ്ഞു.

തലവൻ ചിരിച്ചു.

"അതു മുഴുവനും നിങ്ങളുടേതാകും" അയാൾ പറഞ്ഞു. "പക്ഷെ വേറൊരു വ്യവസ്ഥകൂടി അതോടുകൂടി

യുണ്ടു്. നിങ്ങൾ പുറപ്പെട്ട സ്ഥലത്തുതന്നെ അതേ ദിവസം മടങ്ങിവന്നില്ലെങ്കിൽ പണം പോയ്പ്പോകും."

"എന്നാൽ ഞാൻ പോയ വഴികളെല്ലാം എങ്ങിനെ യാണ് അടയാളപ്പെടുത്തുക?"

"അതിന്നെന്താണു് പ്രയാസം? നിങ്ങൾ പുറപ്പെട്ടന്ന സ്ഥലത്തു ഞങ്ങൾ വന്നുനില്ക്കാം; അവിടെനിന്നു നിങ്ങൾ പുറപ്പെട്ടു് ഇഷ്ടമുള്ളേടമൊക്കെ ചുററിവന്നേയ്ക്കുക. ഒരു കൈക്കോട്ടു കയ്യിലെടുത്തേയ്ക്കണം. അത്യാവശ്യം തോന്നുന്ന ദിക്കിൽ ഒരടയാളം ഇട്ടാൽ മതി. പിന്നെ ഞങ്ങൾ അതു പരിശോധിച്ചു ചുററുപാടും ഒരതിരിട്ടുതന്നുകൊള്ളാം. നിങ്ങൾക്കിഷ്ടമുള്ള ദൂരം നിങ്ങൾ പോയിക്കൊള്ളുക; പക്ഷെ ഒന്നുമാത്രം വേണം. സൂര്യാസ്തമനത്തിന്നുമുമ്പ് നിങ്ങൾ പുറപ്പെട്ട സ്ഥലത്തു മടങ്ങിയെത്തിക്കൊള്ളണം. നിങ്ങൾ ചുററിവന്ന ഭൂമിയെല്ലാം നിങ്ങളുടേതായി."

പഹോമിന്നു സന്തോഷമായി; അടുത്തദിവസം അതിരാവിലെ പുറപ്പെടുവാൻ അവൻ തയ്യാറായി. അവർ പിന്നേയും കുറെ സംസാരിച്ചിരുന്നു; പിന്നെ കമ്മീസ്സും ചായയും കഴിച്ചു. മാംസം തിന്നു. അപ്പോഴയ്ക്കും രാത്രിയായി. പഹോമിന്നു ഉറങ്ങുവാൻ അവർ ഒരു കിടയ്ക്ക കൊടുത്തു. രാവിലെ സൂര്യോദയത്തിന്നുമുമ്പായി എല്ലാവരും പുറപ്പെടുവാനുള്ള സ്ഥലത്തെത്തിച്ചേരാമെന്നു കരാറിൽ അവരവരുടെ വസതികളിലേയ്ക്കുപോയി.

# VII

പഹോം കിടയ്ക്കയിൽപ്പോയിക്കിടന്നു; പക്ഷെ അയാശംക്കുറക്കം വന്നില്ല. അയാശം ഭൂമിയെപ്പററി ചിന്തിച്ചു കൊണ്ടിരിയ്ക്കുകയായിരുന്നു.

"ഞാൻ എത്രദൂരം ചുററും നാളെ ! ഒരു മുപ്പത്തഞ്ചു നാഴിക യാതൊരു പ്രയാസവുംകൂടാതെ ഞാൻ നടക്കും ഇപ്പോശം പകലധികമുള്ള കാലമാണു്. ഒരു സക്കീററിൽ എത്രമാത്രം ഭൂമിയാണു് എനിയ്ക്കു കിട്ടുക ! അത്ര ഗുണമില്ലാത്ത ഭൂമികളെല്ലാം വില്ക്കും; അല്ലെങ്കിൽ അതു് കുടിയാന്മാർ എടുത്തുകൊള്ളട്ടെ. പക്ഷെ നല്ലതാക്കും കൊടുക്കുകയില്ല. അവിടെയായിരിയ്ക്കും എൻെറ വക ഫാറം. രണ്ടുജോടി കാളകളെക്കൂടി വാങ്ങണം. രണ്ടു പണിക്കാരെക്കൂടി ഏപ്പെടുത്തുകയുംവേണം. ഏതാണ്ടു് ഒരു ഇരുനൂററമ്പതേക്ര കൃഷിഭൂമിയായി ഉപയോഗിയ്ക്കാം. ബാക്കി കുറെ ഭൂമി കന്നുകാലികശംക്കു് മേച്ചിലിന്നും പുല്ലുവളത്തുവാനുമായും ഉപയോഗിയ്ക്കാം".

രാത്രിമുഴുവൻ പഹോം കണ്ണും മിഴിച്ചുകിടന്നു. പ്രഭാതത്തിന്നല്പം മുമ്പു് മാത്രമായി അയാളൊന്നു് മയങ്ങി. കണ്ണടച്ചതോടുകൂടി ഒരു സ്വപ്നംകണ്ടു. അയാശം അതേ കൂടാരത്തിൽതന്നെയാണു് കിടന്നിരുന്നതെന്നുതോന്നി; പുറത്തുനിന്നു് ആരോ നിയന്ത്രിച്ചുകൊണ്ടു് ചിരിയ്ക്കുന്നതായ ഒരനുഭവമുണ്ടായി. അതാരാണെന്നു് നോക്കുവാനായി അയാശം പുറത്തേയ്ക്കുചെന്നു. കൂടാരത്തിൻെറ

മുമ്പിൽ ബക്കീറുകളുടെ തലവൻ ഇരിയ്ക്കുന്നുണ്ടായിരുന്നു. ചിരിച്ചു് ചിരിച്ചു് അയാൾ കുഴങ്ങുകയായിരുന്നു. കുറച്ചു കൂടി അടുത്തുചെന്നശേഷം പഹോം ചോദിച്ചു.- "എന്താണു് താങ്കൾ ചിരിയ്ക്കുന്നതു് ?" അപ്പോഴേയ്ക്കും പഹോമിന്നു് തൻെറ മുമ്പിലിരിയ്ക്കുന്നതും ചിരിയ്ക്കുന്നതും തൻെറ വീട്ടിൽവന്നു് തന്നെ ഇങ്ങോട്ടു് വരുവാൻ പ്രേരിപ്പിച്ച ആ ഭൂമി കൈവശക്കാരനാണെന്നു് തോന്നി. "നിങ്ങൾ ഇവിടെ വന്നിട്ടു് കുറേ നേരമായോ" എന്നു് പഹോം ചോദിപ്പാൻ ഭാവിച്ചു; അപ്പോൾ അയാൾക്കു് തോന്നി അതു് താൻ വളരെമുമ്പു് വോൾഗയിൽ തൻെറ പഴയ വീട്ടിൽവെച്ചു് സംസാരിച്ച കൃഷകനാണെന്നു്; കുറച്ചു് കഴിഞ്ഞപ്പോൾ അതു് കൃഷകനല്ല കൊമ്പും കുളമ്പുമായി ഇരിയ്ക്കുന്ന ചെകുത്താൻതന്നെയാണു് ചിരിച്ചുകൊണ്ടിരിയ്ക്കുന്നതെന്നയാൾ കണ്ടു. അവൻെറ മുമ്പിൽ ഒരു മനുഷ്യനുണ്ടു് നഗ്നപാദനായി വീണുകിടക്കുന്നു; ട്രൌസറും ഷർട്ടുംമാത്രമുണ്ടു്. ആരാണു് ആ കിടക്കുന്നതെന്നു് പഹോം വളരെ ശ്രദ്ധാപൂർവ്വം നോക്കുന്നു; അപ്പോൾ അയാൾക്കു് മനസ്സിലായി ആ കിടക്കുന്ന ആൾ മരിച്ചിരിയ്ക്കുന്നുവെന്നും, അതു് താൻതന്നെയല്ലാതെ മററാരുമല്ലെന്നും. പേടിച്ചു് വിറച്ചുകൊണ്ടു് അയാൾ എഴുന്നേററു.

"ഒരാൾ എന്തൊക്കെ സ്വപ്നമാണു് കാണുക !" അയാൾ വിചാരിച്ചു.

അയാൾ പുറത്തുനോക്കി; പ്രഭാതമായെന്നു് ജനലിൽ കൂടി നോക്കി അയാൾ മനസ്സിലാക്കി.

"അവരെ ഉണൎത്തുവാനുള്ള സമയമായി; ഇപ്പോഠം തന്നെ പുറപ്പെടണം". അയാഠം വിചാരിച്ചു. പിന്നെ അയാളെഴുന്നേററു; തൻെറ കൂട്ടുകാരനെ വിളിച്ചു. നിലം ഉടമസ്ഥന്മാരെ വിളിപ്പാൻപോയി. "ഇതാ നമുക്കു് നിലം അളക്കുവാൻ പോകാറായി" അയാഠം പറഞ്ഞു.

ബഷ്കീറുകഠം എല്ലാം വന്നു. തലവനും എത്തി. അവർ പിന്നേയും കുമ്മീസ് കഴിച്ചു. പഹോമിന്നു് കുറെ ചായയും കൊടുത്തു; പക്ഷെ ഇനിയും താമസിപ്പാൻ അയാഠംക്കു് ക്ഷമയുണ്ടായിരുന്നില്ല.

"പോകണമെങ്കിൽ ഇപ്പോഠംതന്നെ പോകണം; സമയം വളരെ അധികമായി". ഇങ്ങിനെ അയാഠം ബദ്ധപ്പെട്ടു.

## VIII

അവരെല്ലാവരും തയ്യാറായി; എല്ലാവരുംകൂടി പുറപ്പെട്ടു. ചിലർ കുതിരപ്പുറത്തു കയറി; ചിലർ വണ്ടികളിലും. പഹോം കൂട്ടുകാരനോട്ടുകൂടി തൻെറ ചെറിയ വണ്ടിയിൽ കയറി; കൂടെ ഒരു കയ്ക്കോട്ടും എടുത്തിരുന്നു. അവർ അളക്കേണ്ടതിന്നു് പുറപ്പെടാനുള്ള സങ്കേതത്തിലെത്തി. അപ്പോഠം പ്രഭാതത്തിൻെറ പാടലിമ അവിടെ പരന്നുതുടങ്ങിയിരുന്നു. അവരൊരു ചെറിയ കുന്നിന്നടുത്തെത്തി. അവർ തങ്ങളുടെ വണ്ടികളിൽനിന്നും കുതിരകളിൽനിന്നും താഴെയിറങ്ങി. ഒരു സ്ഥലത്തെല്ലാവരുംകൂടി കൂടി സംഘത്തലവൻ മുമ്പോക്കം ചൂണ്ടിക്കാണിച്ചുകൊ

ണ്ടു് പഹോമിനോടു പറഞ്ഞു:—"ഇതാ നോക്കു; നിങ്ങൾ നോക്കിയാൽക്കാണുന്നേടത്തോളമുള്ള ആ സ്ഥലമെല്ലാം ഞങ്ങളുടെ സ്വന്തം വകയാണു്; നിങ്ങൾക്കതിലേതു ഭാഗമാണോ ഇഷ്ടം അതെടുക്കാം."

പഹോമിന്റെ കണ്ണുകൾ കിടന്നു് തിളങ്ങി. അതു് മുഴുവനും കൃഷിചെയ്യാതെ കിടന്നിരുന്ന ഭൂമിയാണു്. വളരെ ഫലവത്തായ ഒന്നാംതരം ഭൂമി!

തലവൻ തന്റെ കുറുക്കൻരോമത്തൊപ്പി നിലത്തെടുത്തുവെച്ചു; പിന്നെ പറഞ്ഞു:—"ഇതാണു് അടയാളം; ഇവിടെനിന്നു് പുറപ്പെടണം; വീണ്ടും ഇവിടെ മടങ്ങിവരികയുംവേണം. നിങ്ങൾ പോയി ചുററിവരുന്ന ഭൂമിയെല്ലാം നിങ്ങളുടേതായിത്തീരും."

പഹോം തന്റെ പണമെടുത്തു തൊപ്പിയിൽ വെച്ചു; തന്റെ പുറംകുപ്പായം എടുത്തു മാററി; കയ്യില്ലാത്ത അടിക്കുപ്പായം ധരിച്ചു. ബൽട്ടഴിച്ചു് അയാൾ വയറിന്നു താഴെയായി മുറുക്കിക്കെട്ടി. ഒരു ചെറിയ സഞ്ചിയിൽ അല്പം മാറിൽ കോട്ടിനുള്ളിലായി ഉറപ്പിച്ചു കെട്ടി. ഒരു ഫ്ളാസ്ക്ക നിറച്ചു വെള്ളം ബൽട്ടിൽ തൂക്കി. ബൂട്ട്സിന്റെ മുകൾമൂടി എടുത്തു. കൂട്ടുകാരനോട് കയ്ക്കോട്ടു വാങ്ങി. എന്നിട്ടു പുറപ്പെട്ടു ... കുറച്ചു നിമിഷംനേരം അയാൾ ഏതു ... ദതെ ന്നാലോചിച്ചുനിന്നു. ഓരോ ... ാരോ പ്രലോഭനങ്ങൾ അയാൾക്കുണ്ടായി. ഒടുക്കം പഹോം

MUL
165525
165525
UNIVERSITY LIBRA

തീച്ച്പ്പെട്ടുത്തി:—ഞാൻ ഉദയസൂര്യന്ന നേരേയാണ് യാത്രചെയ്യാൻപോകുന്നതു്. അയാഠം കിഴക്കോട്ട മുഖം തിരിച്ചു. മുമ്പോക്കം പോകാൻ ആരംഭിച്ചു. അയാഠം കുറച്ചുകൂടി കാത്തുനിന്നു; ചക്രവാളത്തിൽ സൂര്യനെ പൊന്തിക്കാണുവാനായിട്ട്.

“വെറുതെ കളവാൻ നേരമില്ല; ഉഷ്ണം ആകും മുമ്പു നടക്കുന്നതാണ് കൂടുതൽ നല്ലതു” അയാഠം വിചാരിച്ചു. ഒടുവിൽ പഹോം ചുമലിൽ കയ്ക്കോട്ടുമായി സൂര്യനെ കണ്ടു കണ്ടില്ല എന്നായപ്പോഠം നടന്നുതുടങ്ങി.

പഹോം നടന്നിരുന്നതു് സാവധാനത്തിലോ വേഗത്തിലോ അല്ല. ഒരായിരം വാര മുമ്പോട്ടു പോയപ്പോഠം അയാളവിടെ കിളച്ചൊരു കുഴിയുണ്ടാക്കി. അവിടെ തെററിദ്ധരിയ്ക്കാത്ത വിധത്തിൽ അടയാളം വെച്ചു. പിന്നേയും അയാഠം മുമ്പോക്കം നടന്നു. ഇപ്പോഠം അയാളുടെ നടത്തം ശക്തിയ്ക്കനുസരിച്ചു നീട്ടിനീട്ടി അടിവെച്ചുകൊണ്ടായി. കുറച്ചുകൂടികഴിഞ്ഞു; അയാഠം വീണ്ടും ഒരു കുഴികുഴിച്ചുണ്ടാക്കി.

പഹോം പിന്നോക്കം തിരിഞ്ഞുനോക്കി. സൂര്യപ്രകാശത്തിൽ ആ കുന്ന നല്ലവണ്ണം കാണുവാനുണ്ടായിരുന്നു. എന്നുമാത്രമല്ല, അതിന്മേലുള്ള ആളുകളേയും അയാഠംക്കു് വ്യക്തമായി കാണാമായിരുന്നു. ഏതാണ്ടു് മൂന്നു മൈൽ പോന്നുകഴിഞ്ഞുവെന്നു് അയാഠം കണക്കുകൂട്ടി. ചൂടു് കൂടിക്കൂടി വരികയാണു്. അയാഠം ഉറക്കുപ്പായം ഊരി ചുമലിലിട്ടു. പിന്നേയും നടന്നുതുടങ്ങി;

ഇപ്പോൾ നല്ല ചൂടായിക്കഴിഞ്ഞു. അയാൾ സൂര്യനെ നോക്കി; പ്രാതലിന്റെ കാര്യം നോക്കാനുള്ള നേരമായെന്നു തോന്നി. ഒരോഹരി നടന്നുകഴിഞ്ഞു; ഇങ്ങിനെ ഒരു നാലു നീളം ദൂരംകൂടി ഒരു ദിവസംകൊണ്ടു് നടക്കണം. അത്രവേഗം മടങ്ങുന്നതു ശരിയല്ല." എന്നയാൾ വിചാരിച്ചു. അയാൾ തന്റെ ബൂട്ട്സ് ഊരി എടുത്തു് ബെൽട്ടിന്മേലിട്ടു.

നടക്കുന്നതു് ഇപ്പോൾ അധികം എളുപ്പമായി അനുഭവപ്പെട്ടു. "ഞാൻ ഒരു മൂന്നു നാഴികകൂടി നടന്നുകളയാം" എന്നു വിചാരിച്ചു അയാൾ എടത്തോട്ടു തിരിഞ്ഞു. "ഈ ഭാഗം അത്രയും നല്ലതാണു്; അതുപേക്ഷിക്കുന്നതു് വലിയ വിഡ്ഢിത്തമാകും. മുമ്പോട്ടു പോകുന്തോറും നല്ലനല്ല ഭൂമിയാണു് കാണുന്നതു്."

അയാൾ കുറേ നേരത്തേയ്ക്കു് നേരെ നടന്നു. പിന്നെ ചുററുപാടും നോക്കി. താൻ പുറപ്പെട്ടപോന്ന കുന്നു് കുറേശ്ശമാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളു. അതിന്മേലുണ്ടായിരുന്ന ആളുകൾ പുഴുക്കളെപ്പോലെ കാണപ്പെട്ടു.

"ഹാ! ഞാൻ വേണ്ടുവോളം നടന്നുകഴിഞ്ഞു. ഈ വഴിയ്ക്കിനി നടക്കേണ്ടതില്ല; മടങ്ങാനായി; പോരെങ്കിൽ നല്ല ദാഹവും വിശപ്പും" അയാൾ വിചാരിച്ചു.

പഹോം അവിടെ നിന്നു; ഒരു വലിയ കുഴികുഴിച്ചു് അടയാളം വെച്ചു. പിന്നെ അയാൾ ഫ്ളാസ്കിൽനിന്നു് വെള്ളമെടുത്തു കുടിച്ചശേഷം വേഗത്തിൽ ഇടത്തോട്ടുതിരി

ഞ്ഞു. അയാറം നല്ല നടത്തം നടന്നു; ഒരിടത്തിലും നില്ക്കു ന്നില്ല. അവിടെ പുല്ലുകറം വളരെ നീണ്ടുവളൎന്നിരുന്നു. ഉഷ്ണവും നല്ലവണ്ണമായി.

പഹോം ക്ഷീണിപ്പാൻതുടങ്ങി; അയാറം സൂൎയ്യനെ നേരെ നോക്കി; നേരം നട്ടുച്ചയായിക്കഴിഞ്ഞിരുന്നു.

"ശരി, എനിയ്ക്കു കുറച്ചു വിശ്രമിയ്ക്കണം." അയാറം വിചാരിച്ചു.

അയാറം നിലത്തിരുന്നു; കുറച്ചപ്പമെടുത്തുതിന്ന ശേഷം ഫ്ളാസ്കിൽനിന്നു വെള്ളമെടുത്തു കുടിച്ചു. പക്ഷേ അയാറം കിടന്നില്ല; കിടന്നാൽ ഉറങ്ങിയേയ്ക്കുമെന്നായിരുന്നു അയാളുടെ ഭയം. കുറച്ചുനേരം ഇരുന്നു; വീണ്ടും അയാറം നടന്നുതുടങ്ങി. ആദ്യം നടക്കുന്നതു സുഖമായി ത്തോന്നി. ഭക്ഷണം അയാറംക്കു കുറച്ചു ശക്തിയുണ്ടാക്കിയിരുന്നു; പക്ഷേ വല്ലാത്തചൂട്; ഉറക്കം വരുന്നതായി ത്തോന്നി; എങ്കിലും അയാറം മുന്നോട്ടു കുതിയ്ക്കുകതന്നെയായിരുന്നു. അയാറം വിചാരിച്ചു:—"ഒരു മണിക്കൂറു ബുദ്ധിമുട്ടിയാൽ ഒരു ജീവിതകാലം മുഴുവൻ സുഖമായി ക്കഴിയാം."

അയാറം ഈ വഴിയ്ക്കും കുറേ ദൂരം നടന്നു; വീണ്ടും ഇടത്തുഭാഗത്തേയ്ക്കു് തിരിയുവാൻ ഏതാണ്ടുസമയമായി. അപ്പോറം അവിടെ ഒരു നനവുള്ള സ്ഥലം കണ്ടു; ആ സ്ഥലം വിട്ടുകളയുന്നതുകഷ്ടംതന്നെ; അവിടെ 'രായി' നല്ലവണ്ണം ഉണ്ടാകും" എന്നയാറം വിചാരിച്ചു; പിന്നെ

അയാൾ ആ സ്ഥലത്തിന്നപ്പുറത്തുകൂടി ചുററിവളഞ്ഞു നടന്നു. മൂലയിൽ ഒരു കുഴികൂടികുഴിച്ചു് അടയാളം ഉണ്ടാക്കി. പഹോം കുന്നിന്റെ നേരെ നോക്കി. ചൂടു് ഒന്നും വ്യക്തമായിക്കാണാൻവയ്യാത്തവിധത്തിൽ അന്തരീക്ഷക്ഷത്തെ മാററിയിരുന്നു. വായു അലയടിയ്ക്കുന്ന മാതിരി തോന്നി; അതിൽക്കൂടെ കുന്നിന്മേലുള്ള ആളുകളെ കാണുക വളരെ പ്രയാസമായിരുന്നു.

"ഓ, ഈ രണ്ടു ഭാഗങ്ങളും വളരെ നീളത്തിൽക്കിടക്കുന്നു; ഇതിലൊന്നിനെകൊണ്ടുപോയി മറേറതിനോടു് അണയ്ക്കണമല്ലൊ" പഹോം വിചാരിച്ചു. അയാൾ വേഗത്തിൽ കാലടികൾവെച്ചുകൊണ്ടു് നടന്നുതുടങ്ങി; പഹോം സൂര്യനെനോക്കി. അതു് ചക്രവാളത്തിന്റെ അടുത്തേയ്ക്കുള്ള വഴിയിൽ പകുതിയോളം എത്തിക്കഴിഞ്ഞിരുന്നു. അയാൾ ആ ചതുരശ്രമായ സ്ഥലത്തിന്റെ മൂന്നാമത്തെ ഭാഗത്തു് രണ്ടു മൈൽകൂടി ഇനിയും നടന്നുകഴിഞ്ഞിട്ടില്ല; അയാൾക്കിനി തന്റെ ലക്ഷ്യത്തിലെത്തുവാൻ പത്തുനാഴികയോളം നടക്കുകയും വേണം. അയാൾ വിചാരിച്ചു:— "എന്റെ യാത്ര ഇവിടെ നിൎത്തണം; വഴി കുറെ നടക്കുവാനുണ്ടു്; അതുകൊണ്ടു വേഗത്തിൽ പിന്നോട്ടു പോകേണ്ടിയിരിയ്ക്കുന്നു. ഇപ്പോൾത്തന്നെ എനിയ്ക്കു് ഒരു പാടു് നിലം കിട്ടിക്കഴിഞ്ഞു."

പഹോം ബദ്ധപ്പെട്ടു് അവിടെ ഒരു കുഴിയുണ്ടാക്കി; അയാൾ വേഗത്തിൽ കുന്നിന്റെ അരികിലേയ്ക്കു മടങ്ങി;

## IX

പഥോം കുന്നിൻെറ നേക്കുതന്നെയാണു് നടന്നിരുന്നതു്; പക്ഷെ അയാൾക്കിപ്പോൾ നടക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ചൂടു് അയാളെ കുഴക്കി; കാലുകൾ മുറിഞ്ഞു കീറി; അവകൊണ്ടിനി നടക്കുവാനാവില്ലെന്ന നിലയിൽ എത്തി. കുറച്ചു് വിശ്രമിയ്ക്കാൻ പഥോമിന്നാഗ്രഹമുണ്ടായിരുന്നു; പക്ഷെ സൂര്യാസ്തമനത്തിന്നു് മുമ്പു് മടങ്ങിയെത്തേണ്ടതുള്ളതുകൊണ്ടു് ആ ആഗ്രഹം വിഫലമായി. സൂര്യൻ മനുഷ്യന്നുവേണ്ടി കാത്തുനില്ക്കുകയില്ലല്ലോ; അതു് താഴോട്ടു് താഴോട്ടു് മുങ്ങിപ്പോവുകയായിരുന്നു. അയാൾ വിചാരിച്ചു:—"കഷ്ടം ഇത്ര അധികത്തിന്നുവേണ്ടി ഞാൻ ശ്രമിച്ചതെന്തൊരു മന്ദത്തമായിപ്പോയി! താമസിച്ചുപോയാലത്തെ കഥയെന്താണു് ?"

അയാൾ കുന്നിൻെറ അടുത്തേയ്ക്കും സൂര്യൻെറ അടുത്തേയ്ക്കും മാറിമാറി നോക്കി; അയാളിപ്പോഴും അയാളുടെ ലക്ഷ്യത്തിൽനിന്നു് വളരെ ദൂരെയാണു്! സൂര്യനാണെങ്കിൽ ചക്രവാളത്തോടടുക്കാറാവുകയുംചെയ്തു!

പഥോം കുതിച്ചു് കുതിച്ചു് നടന്നു. നടക്കുവാൻ അയാൾക്കു വല്ലാത്ത ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും കൂടുതൽ കൂടുതൽ വേഗത്തിൽ നടക്കുകയാണു് ചെയ്തതു്. അയാൾ കുതികുതിയ്ക്കുന്നുണ്ടു്; എങ്കിലും ഇപ്പോഴും സങ്കേതത്തിൽനിന്നു് ദൂരെത്തന്നെയാണു്. അയാൾ തൻെറ കോട്ടും ബൂട്ട്സും വലിച്ചെറിഞ്ഞു; ഫ്ളാസ്കും തൊപ്പിയും

വലിച്ചെറിഞ്ഞു; എന്നിട്ട് ഓടുകയായി. തനിയ്ക്കൊരു സഹായമായി ആ കയ്ക്കോട്ടുമാത്രം കയ്യിൽവെച്ചു.

"ഞാൻ എന്തുചെയ്യും!" അയാൾ വിചാരിച്ചു; "ഞാൻ അത്യാർത്തികൊണ്ടു് അധികം കിട്ടുവാനാഗ്രഹിച്ചു; എല്ലാം പോവാനാണു് പോകുന്നതു്. സൂര്യാസ്തമനത്തിന്നു് മുമ്പവിടെ എത്തിച്ചേരുവാൻ എനിയ്ക്കു സാധിയ്ക്കയില്ല!"

ഈ ഭയം അയാൾക്കു് ശ്വാസമില്ലാതാക്കി. വിയത്തൊലിച്ച ഷട്ടും ട്രൌസറുകളും ദേഹത്തോടൊട്ടിപ്പിടിച്ചു. ഹൃദയം ചുററികപോലെ അടിയ്ക്കുവാൻ തുടങ്ങി. ഒരു കരുവാൻെറ ഉലപോലെയാണു് ഹൃദയം പ്രവത്തിച്ചുകൊണ്ടിരുന്നതു്. കാലുകൾ അയാളുടേതല്ലെന്നു് തോന്നിത്തുടങ്ങി. ഇതാ മരിച്ചുപോവുകയായി എന്നൊരു ഭയം അയാളെ പിടിപെട്ടു.

മരണഭീതി ഗ്രസിച്ചുകൊണ്ടിരിയ്ക്കുമ്പോഴും അയാൾ ഓടുകതന്നെചെയ്തു. "ഇത്രനേരം ഓടിനടന്നിട്ടു് ഞാൻ സമയത്തിന്നു് മടങ്ങിയെത്താതെ വഴിയിൽ നിന്നാൽ ആളുകൾ എന്നെ ഒരു വിഡ്ഢിയെന്നു് പറയില്ലേ?" അയാൾ വിചാരിച്ചു. പിന്നെയും ഓട്ടം തുടങ്ങി; കുറേക്കൂടി അടുത്തെത്തി; കുന്നിൻെറ മുകളിലുള്ളവർ പഹോമിനെ വിളിച്ചു് പ്രോത്സാഹിപ്പിയ്ക്കുന്ന ശബ്ദം കേട്ടുതുടങ്ങി; അതയാളുടെ ഹൃദയത്തിലെ മിടിപ്പുകളെ ഒന്നുകൂടി വർദ്ധിപ്പിച്ചു. അയാൾ തനിയ്ക്കുള്ള ശക്തിയെല്ലാംകൂടി സംഭരിച്ചു് ഓടിത്തുടങ്ങി.

സൂര്യൻ ചക്രവാളത്തോടണഞ്ഞു; മൂടൽമഞ്ഞിൽ അതിൻെറ ബിംബം വലുതായി രക്തവർണ്ണമായി കാണപ്പെട്ടു. ഇപ്പോൾ അതസ്തമിയ്ക്കുകതന്നെയാണ്. സൂര്യൻ വളരെ താഴത്തെത്തി. അയാൾ തൻെറ സങ്കേതത്തിൻെറ വളരെ അടുത്തും എത്തി. കുന്നിൻെറ മുകളിലുള്ളവർ അവനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൈവീശുന്നതു പഹോം കണ്ടു. അയാൾ രോമത്തൊപ്പിയും പണവും നിലത്തിരിയ്ക്കുന്നതും കണ്ടു. തലവൻ നിലത്തിരിയ്ക്കുന്നുണ്ടായിരുന്നു; പഹോം തൻെറ സ്വപ്നത്തെ അനുസ്മരിച്ചു:—

"ധാരാളം ഭൂമി കിട്ടി; പക്ഷെ ദൈവം എന്നെ അതിന്മേൽ ജീവിയ്ക്കുവാൻ അനുവദിയ്ക്കുമോ? എൻെറ ജീവിതം നഷ്ടപ്പെട്ടുകഴിഞ്ഞു! ഞാൻ ഒരിയ്ക്കലും എത്തേണ്ട സ്ഥലത്തെത്തുകയില്ല."

പഹോം സൂര്യബിംബത്തിലേയ്ക്ക് നോക്കി. അതു് ഭൂമിയിലേയ്ക്കെത്തിക്കഴിഞ്ഞിരുന്നു. അതിൻെറ ഒരു ഭാഗം അപ്രത്യക്ഷമായിരുന്നു. പഹോം തൻെറ ശക്തിയെല്ലാം കൂടി സംഭരിച്ച് മുന്നോട്ട് കുതിച്ചു. ശരീരം മുമ്പോട്ട് വളഞ്ഞു; അയാൾ വീഴുന്നതുകൂടാതെ കഴിപ്പാൻ കാലുകൾക്ക് വിഷമമുണ്ടായി. അയാൾ കുന്നിൻെറ അടുത്തെത്തിയപ്പോഴയ്ക്ക് അതു് പെട്ടെന്നിരുണ്ടു. അയാൾ സൂര്യനെ നോക്കി; സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരുന്നു. പെട്ടെന്നയാൾ നിലവിളിച്ചു:-"എൻെറ പരിശ്രമമെല്ലാം വെറുതെയായല്ലൊ!" അയാൾ നില്ക്കുവാനായി ഭാവിച്ചു; പക്ഷെ

ഇപ്പോഴും കുന്നിന്റെ മുകളിൽനിന്നു് അയാളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള ശബ്ദകോലാഹലങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു; അപ്പോൾ അയാൾക്ക മനസ്സിലായി ഇവിടെ നിന്നു് നോക്കുമ്പോൾ സൂര്യൻ അസ്തമിച്ചതായിത്തോന്നുമെങ്കിലും കുന്നിൻമുകളിലുള്ളവക്കു് അസ്തമിച്ചു് കഴിഞ്ഞിട്ടുണ്ടാവില്ലെന്നു്. അയാൾ ഒരു നീണ്ട ശ്വാസംവലിച്ചു് കുന്നിന്റെ അടുത്തേയ്ക്കു് ഒരോട്ടം കൊടുത്തു; അവിടെ ഇപ്പോഴും വെളിച്ചം ഉണ്ടായിരുന്നു. അയാൾ കുന്നിന്മേൽ കയറി; തൊപ്പി വെച്ചിരിയ്ക്കുന്നതു് കണ്ടു; അതിന്റെ പിന്നിലായി സംഘത്തലവൻ ചിരിച്ചുകുഴങ്ങിക്കൊണ്ടിരിയ്ക്കുന്നു. വീണ്ടും പഹോം തന്റെ സ്വപ്നത്തെപ്പററി ഓത്തു. അയാൾ ഉറക്കെ ഒന്നു നിലവിളിച്ചു. അയാളുടെ കാലുകൾ അയാളെ തള്ളിയിട്ടു. അയാൾ മുമ്പോക്കം വീണു; എങ്കിലും തന്റെ കയ്യുകൾകൊണ്ടയാൾ ആ തൊപ്പി തൊട്ടു.

"ഹാ! മിടുക്കൻ! അയാൾ വളരെയധികം ഭൂമി സമ്പാദിച്ചുകഴിഞ്ഞു!!" ഇങ്ങിനെ ആ സംഘത്തലവൻ ആഹ്ലാദസ്വരത്തിൽ ഉറക്കെപ്പറഞ്ഞു.

പഹോമിന്റെ ഭൃത്യൻ ഓടിയെത്തി; അയാളെ എഴുന്നേല്പിയ്പ്പാൻ ശ്രമിച്ചു; പക്ഷെ പഹോമിന്റെ വായിൽനിന്നു് രക്തം ഒഴുകുന്നതാണു് അയാൾ കണ്ടതു്! പഹോം മരിച്ചുകഴിഞ്ഞിരുന്നു!

എല്ലാവരും നാക്കടിച്ചു; അവരവരുടെ അനുതാപം പ്രകടിപ്പിച്ചു. പഹോമിന്റെ ഭൃത്യൻ അയാൾക്കു് കിട

ക്കത്തക്ക നീളത്തിൽ ഒരു കുഴി കഴിച്ചുണ്ടാക്കി, അയാളെ അതിൽ ഗ്രേവുചെയ്തു. അയാളുടെ തലമുതൽ കാലുവരെ ആറടി നീളമുണ്ടായിരുന്നതുകൊണ്ടു് ആറടിമണ്ണാണു് അയാൾക്കാവശ്യമുണ്ടായിരുന്നതു്.

---

# വൈരമാല *

[മൊപ്പാസങ്ങ് Guy De Maupassant (1850-1893) ഒരു ഫ്രഞ്ചു് ഗ്രന്ഥകാരനാണു്. ലോകത്തിലെ ഒന്നാംതരം കഥയെഴുത്തുകാരിൽ ഒരാളായി അദ്ദേഹത്തെ അംഗീകരിച്ചു് കഴിഞ്ഞിരിക്കുന്നു. അദ്ദേഹം കുറേ നോവലുകളും എഴുതീട്ടുണ്ടു്. പ്രസ്തുത ഗ്രന്ഥകാരന്റെ ജീവിതം സുഖഭൂയിഷ്ഠമായ ഒന്നായിരുന്നില്ല. അദ്ദേഹത്തിന്നനുഭവപ്പെട്ട ദുഃഖങ്ങളുടേയും നിർഭാഗ്യങ്ങളുടേയും നിഴലുകൾ കഥകളിലും നോവലുകളിലും പ്രതിഫലിച്ചു്കാണാം. തികഞ്ഞ കലാശില്പത്തിന്നുദാഹരണമാണദ്ദേഹത്തിന്റെ ചെറുകഥകൾ. അൻപത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു.]

അവൾ സൌഭാഗ്യവും ഓമനത്തവുമുള്ള പെൺകിടാങ്ങളിൽ ഒരുവളായിരുന്നു; പക്ഷെ വിധിയുടെ ഒരു നേരമ്പോക്കെന്നു പറയട്ടെ, അത്തരക്കാർ ജനിക്കാറുള്ളതു് താണതരം ഉദ്യോഗസ്ഥർ ഭരിയ്ക്കുന്ന കുടുംബങ്ങളിലാണല്ലൊ. സ്ത്രീധനം കൊടുക്കുവാനോ മററുതരത്തിലുള്ള പ്രതീക്ഷകൾക്കോ വഴിയില്ലാതിരുന്നതിനാൽ, സമ്പത്തും

---

* മൊപ്പാസങ്ങ്.

മാന്യതയുമുള്ള ആരെങ്കിലും തന്നെപ്പററി അറിഞ്ഞ് സ്നേഹത്തിലാകാനോ വിവാഹംചെയ്യാനോ ഇടവരുമെന്ന ആശ അവൾക്കുണ്ടായിരുന്നില്ല. അതുകൊണ്ടവൾ വിദ്യാഭ്യാസമന്ത്രിയുടെ ആഫീസ്സിലുള്ള ഒരു ചെറിയ ക്ലാക്കിനെ വിവാഹംചെയ്യാൻ തീച്ച്പ്പെടുത്തി.

അവൾ സാധാരണയായിട്ടുള്ള വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. അതിന്നേ അവൾക്കു നിവൃത്തിയുണ്ടായിരുന്നുള്ളു. തന്നെക്കാൾ താഴ്ന്നനിലയിലുള്ള ഒരാളെ വിവാഹം ചെയ്താലത്തെപ്പോലെയുള്ള ഒരസംതൃപ്തിയാണ് അവൾക്കുണ്ടായിരുന്നത്. ജാതിയോ വംശമാഹാത്മ്യമോ ഒന്നുമല്ല സ്ത്രീകൾ നോക്കുന്നത്; അവരെ സംബന്ധിച്ചേടത്തോളം സൌന്ദര്യം, ആകർഷണം, നല്ലപെരുമാററം മുതലായവയ്ക്കാണ് മികച്ചസ്ഥാനം. പ്രകൃത്യാ ഉള്ള കോമളത്വം സ്വാഭാവികമായ വൈശിഷ്ട്യം, യോജിപ്പ് എന്നിവ അവരെസംബന്ധിച്ചേടത്തോളം താണക്ലാസിലുള്ള പെൺകുട്ടികൾക്ക്, ഉയന്ന്നിലയിലുള്ള സ്ത്രീകളുടെ അടുത്തെയ്ക്കു ഉയത്തുവാനും, അവരുടെ തുല്യനിലയുണ്ടാക്കുന്നതിന്നും ഒരു വഴിയായിട്ടാണിരിയ്ക്കുന്നത്. താൻ സകല സുഖഭോഗങ്ങളും ആഡംബരങ്ങളും അനുഭവിപ്പാനായിട്ടു തന്നെ ജനിച്ചവളാണെന്നാണ് അവൾ വിശ്വസിച്ചിരുന്നത്. തന്റെ വീട്ടിലെ വളരെ താണനിലയിലുള്ള സ്ഥിതികളും, വീട്ടിലെ വൃത്തികേടായ ചുമരുകളും, അതിന്നനുസരിച്ച സാമാനങ്ങളും, ജീർണ്ണിച്ച നിർമ്മാണവിശേഷങ്ങളുമെല്ലാം അവളെ അതിയായി വേദനിപ്പിച്ചു. മറെറാരു

സ്ത്രീകളും സാധാരണയായി ശ്രദ്ധിയ്ക്കാത്ത ആ ബ്ലൌസി ൻെറ അററത്തുള്ള ചില്ലറ ഭംഗികേടുകൾമതി അവൾക്ക നൈരാശ്യവും കോപവും ഉണ്ടാക്കിത്തീക്കുവാൻ. തൻെറ ചുററുപാടും കാണുന്ന ആ അപരിഷ്കൃതസാധനങ്ങളെ ല്ലാം അവൾക്ക് വലിയ മനോവേദനയുണ്ടാക്കി. ഒരു പ്രഭ്വിയുടെ നിലയിൽ സുഖമായി ചാരുകസേലയിൽ കിട ന്നുകൊണ്ട് ഭൃത്യന്മാരുടെ പരിചരണങ്ങൾ ഏററ് അന്ത സ്സിൽ കഴിഞ്ഞുകൂടുന്ന ഒരുനില അവൾ അങ്ങിനെ ഭാവന യിൽകണ്ടു. അന്തസ്സും ആഡംബരവും തികഞ്ഞ സ്വീക രണമുറികളും, ജനലുകൾക്കും വാതിലുകൾക്കും പഴയ വിലപിടിച്ച പട്ടുകൊണ്ടുള്ള ആവരണങ്ങളും മററും അവ ൾ ആഗ്രഹിച്ചു. അമൂല്യങ്ങളും വിചിത്രങ്ങളുമായ സാമ ഗ്രികളാലലങ്കൃതങ്ങളായ മേശകൾ, മനോഹരങ്ങളായ വിരികൾ, സായാഹ്നവേളകളിൽ സ്നേഹജനങ്ങളുമായി അതിഥിമുറികളിൽ വെച്ചുള്ള നമ്മസംഭാഷണം, എല്ലാ സ്ത്രീകളും ഇഷ്ടപ്പെടുന്നവിധത്തിൽ സമുദായത്തിലെനിലയും വിലയുമുള്ള പുരുഷന്മാരുമായുള്ള സമ്മേളനം എന്നിവ യെല്ലാം അവളുടെ ഭാവനയിൽക്കൂടെ കടന്നുപോയി.

ഭത്താവോടൊരുമിച്ച് അവൾ വട്ടമേശയ്ക്കടുത്തായി ഭക്ഷണത്തിന്നിരിയ്ക്കും; ആ മേശവിരി നല്ലവണ്ണം മുഷി ഞ്ഞിട്ടുണ്ടാവും. ഭത്താവ് സൂപ്പുപാത്രത്തിൻെറ അടപ്പെ ടുത്തുപറയും, "ഹാ! എത്ര നല്ല സൂപ്പ്!"

പക്ഷെ അവളുടെ ഭാവന സഞ്ചരിച്ചിരുന്നത് വലി യ പ്രഭുഗൃഹങ്ങളിൽ നടക്കുന്ന ഉദ്യാനവിരുന്നുകളിലും,

അന്തസ്സിലുള്ള അവിടങ്ങളിലെ സമ്പ്രദായങ്ങളിലുമായി രുന്നു.

അവൾക്കു ഭംഗിയുള്ള ഉടുപ്പുകളുണ്ടായിരുന്നില്ല; സ്വർണ്ണാഭരണങ്ങളുമുണ്ടായിരുന്നില്ല; എങ്കിലും അവൾ അവയെല്ലാക്കെയല്ലാതെ ആഗ്രഹിച്ചതുമില്ല. അത്തരം മനോഹരങ്ങളായ സാധനങ്ങൾ അനുഭവിപ്പാനാണ് താൻ ജനിച്ചിട്ടുള്ളതെന്നവൾ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. അവൾക്കൊരു പണക്കാരിയായ സ്നേഹിതയുണ്ടായിരുന്നു; ഒരേ കോൺവൻററിൽ അവരൊരുമിച്ച് സ്കൂളിൽ പഠിച്ചിരുന്നു. ചിലപ്പോൾ അവൾ കുറേസമയത്തേയ്ക്ക് തൻെറ സുഹൃത്തിനെ കാണ്മാൻ പോവുകയേ ഇല്ല; കാരണം ഓരോ സന്ദർശനം കഴിയുമ്പോഴും അവൾക്ക് യഥാർത്ഥമായ മനോവേദനയാണനുഭവപ്പെട്ടിരുന്നതു്. ദുഃഖംകൊണ്ട് കണ്ണുനീരൊഴുക്കിയും, നിരാശപ്പെട്ടും, അവൾ അന്നത്തെ ദിവസംമുഴുവനും കഴിച്ചുകൂട്ടുകയായിരുന്നു പതിവ്.

ഒരു ദിവസം സന്ധ്യയ്ക്കു് അവരുടെ ഭർത്താവ് ഒരു വിജയഭാവത്തിൽ കയ്യിലൊരു വലിയ കവറുമായി വീട്ടിലേയ്ക്കു മടങ്ങി വന്നു.

"ഇതാ നിനക്കുവേണ്ടി ഒന്നു കൊണ്ടുവന്നിട്ടുണ്ടു്." അയാൾ കുറച്ചുറക്കെപ്പറഞ്ഞു.

ബദ്ധപ്പെട്ടു് അവർ കവർ വാങ്ങിപ്പൊളിച്ച് അച്ചടിച്ച ഒരു ക്ഷണനക്കാഡ്‌ അതിൽനിന്നു് വലിച്ചു് പുറത്തേയ്ക്കെടുത്തു; അതിലെ ഉള്ളടക്കം ഇതായിരുന്നു:—

"വിദ്യാഭ്യാസമന്ത്രിയും മദാം ജോർജ്ജ് റാമ്പോനി യോവും, എജ്യൂക്കേഷൻ ഓഫീസിൽവെച്ച് ജനുവരി 18-ാം തിയ്യതി തിങ്കളാഴ്ച നടത്തുന്ന ഉദ്യാനവിരുന്നിൽ പങ്കുകൊള്ളുന്നതിന്ന്, മോൺഷ്യേർലോയ്സലിൻേറയും മദാം ലോയ്സലിൻേറയും സാന്നിദ്ധ്യത്തെ സാദരം ക്ഷണിച്ചുകൊള്ളുന്നു."

അവരുടെ ഭർത്താവാശിച്ചതുപോലെ സന്തോഷിയ്ക്കുന്നതിന്ന് പകരം അവൾ ക്ഷണനക്കത്ത് മേശപ്പുറത്ത് ഒരസുഖഭാവത്തിലിട്ടുകയാണുണ്ടായത്. "എനിയ്ക്കിതു കൊണ്ടെന്താണൊരുപകാരം?" അവൾ ചോദിച്ചു.

"എന്താണിത് പ്രിയേ, നീ സന്തോഷിയ്ക്കുമെന്നാണ് ഞാൻ വിചാരിച്ചിരുന്നത്. സാധാരണയായി എവിടേയും പോകാറില്ലല്ലോ. ഇത് യഥാർത്ഥത്തിൽ ഒരൊന്നാന്തരം സന്ദർഭവുമാണ്. ഇതു കിട്ടുന്നതിന്ന് ഞാൻ വളരെ ബുദ്ധിമുട്ടി. ക്ഷണനപത്രം ഒന്നു കിട്ടുന്നതിന്ന് ശ്രമിയ്ക്കാത്തവരാരുമില്ല. ആളുകളെ തിരഞ്ഞെടുക്കുന്നത് വളരെ കരുതീട്ടാണ്. ക്ലാർക്കമാർക്കും മററും കുറച്ചാളുകൾക്കേ ക്ഷണനം കിട്ടീട്ടുള്ളൂ. അവിടെ ഭേദപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാരേയും കാണാവുന്നതാണ്."

അവൾ അയാളെ കോപത്തോടുകൂടി നോക്കി. കർക്കശമായിച്ചോദിച്ചു:-"അങ്ങിനെയുള്ള ഒരു സ്വീകരണത്തിൽ ഞാനെന്തുടുത്തുപോകുമെന്നാണ് നിങ്ങൾ പ്രതീക്ഷിയ്ക്കുന്നത്?"

അന്വാളതിനെപ്പററി ആലോചിച്ചിരുന്നില്ല; എന്നാൽ അയാറം സംശയിച്ചുകൊണ്ട് മറുപടി പറഞ്ഞു :-

"സാധാരണ സിനിമയ്ക്കു പോകുമ്പോറം ധരിയ്ക്കാറുള്ളതു് എനിയ്ക്കു വളരെ നല്ലതായിത്തോന്നാറുണ്ട്. എന്താ അതിന്നു് വിരോധം?......"

അയാറം നിത്തി; അയാറംക്കു് സംഭ്രമവും നടുക്കവുമുണ്ടായി; അയാളുടെ ഭാര്യ കരയുകയായിരുന്നു. രണ്ടു് വലിയ കണ്ണുനീർത്തുള്ളികറം സാവധാനത്തിൽ അവളുടെ കവിളുകളിൽക്കൂടി ഉരുണ്ടിറങ്ങുന്നുണ്ടായിരുന്നു!

"എന്താണു്!" അയാറം കിതച്ചുകൊണ്ടു് ചോദിച്ചു.

വളരെ പണിപ്പെട്ടു് അവറം തൻെറ വികാരങ്ങറം ഒതുക്കി; നനഞ്ഞ കവിളുകറം തുടച്ചുകൊണ്ടവറം ശാന്തയായിപ്പറഞ്ഞു :-

"ഒന്നുമില്ല എനിയ്ക്കൊരു 'ഫ്രോക്ക'പോലും ഇല്ല. അതുകൊണ്ടെനിയ്ക്കു വിരുന്നിന്നു് പോകുവാൻ കഴിയുകയില്ല. ആപ്പീസ്സിലുള്ള സ്നേഹിതന്മാക്കാക്കെങ്കിലും ആ ക്ഷണനപത്രം കൊടുത്തേയ്ക്കുക; അവരുടെ ഭാര്യമാക്കു് എന്നേക്കാറം നന്നായി ഉടുത്തൊരുങ്ങി വരുവാൻ കഴിവുണ്ടാകും."

അയാറം വല്ലാത്ത കുഴപ്പത്തിലായി.

"മാത്തിൽഡേ, നമുക്കതിനെപ്പററി ആലോചിക്കാം. ഒരു നല്ല ഫ്രോക്കിന്നു് എന്തു വിലവരുമെന്നാണു് വിചാ

രിയ്ക്കുന്നതു്. ചിലതു് സാധാരണ തരമായിട്ടുണ്ടാകും; അതു് ഇനിയുണ്ടാകുന്ന സന്ദർഭങ്ങളിൽ ഉപകാരപ്രദമാവുകയും ചെയ്യുകയില്ലേ ?"

അവൾ കുറച്ചുനേരം ആ കാര്യത്തെക്കുറിച്ചാലോചിച്ചുകൊണ്ടിരുന്നു. ബദ്ധപ്പെട്ടു കണക്കുകൂട്ടി. ഒരു ചെറിയ ക്ലാർക്കിൻെറ കഴിവിന്നനുസരിച്ച് അയാൾ നടുങ്ങിപ്പോകാതേയും കോപിച്ച് നിരസിയ്ക്കാതേയും ഇരിയ്ക്കത്തക്കവണ്ണം എത്രയ്ക്ക വലിയ ഒരു സംഖ്യയാണവൾ പറയേണ്ടതെന്നാലോചിച്ചു.

ഒടുവിൽ അവൾ സംശയഭാവത്തിൽപ്പറഞ്ഞു:—
"എനിയ്ക്ക് ശരിയായി അറിഞ്ഞുകൂട; എങ്കിലും ഏതാണ്ട് നാന്നൂറ് ഫ്രാങ്കുണ്ടായാൽ കഴിച്ചുകൂട്ടാമെന്നാണ് എനിയ്ക്ക തോന്നുന്നതു്.

അയാൾ കുറച്ചൊന്നു വിളർത്തുപോയി; അയാൾ നാന്നൂറ് ഫ്രാങ്ക് വേറൊരുകാര്യത്തിന്നു കരുതിവെച്ചിട്ടുണ്ടായിരുന്നു; അതേസംഖ്യയാണ് അവൾ പറഞ്ഞതു്. അടുത്തുവരുന്ന വേനലിൽ 'നണ്ടേരി' സമതലത്തിൽ വാനമ്പാടിപ്പക്ഷികളെ വെടിവെപ്പാൻ പോകുന്ന സ്നേഹിതന്മാരുടെ ഞായറാഴ്ചപ്പാട്ടികളിൽ ഉപയോഗിപ്പാനായി ഒരു തോക്ക വാങ്ങുവാനാണ് അയാൾ ആ സംഖ്യ കരുതിവെച്ചിരുന്നതു്.

പക്ഷെ അയാൾ മറുപടിപറഞ്ഞു: 'ശരി; ഞാൻ നാന്നൂറ് ഫ്രാങ്ക്സ് തരാം? പക്ഷെ ശരിയ്ക്ക കൌതുകമുള്ള ഒന്നുവാങ്ങുന്നതിന്നു് ശ്രദ്ധിച്ചുകൊള്ളണം'

*  *  *  *  *

പാർട്ടിയുടെ ദിവസം അടുത്തു; അവൾക്കു ധരിക്കുവാനുള്ള ഫ്രോക്കും തയ്യാറായിക്കഴിഞ്ഞു; പക്ഷെ മദാം ലൂയ്സൽ അസംതൃപ്തയായും ഇടിവുപററിയവളുമായി കാണപ്പെട്ടു.

"എന്താണിതിങ്ങിനെ? രണ്ടുമൂന്നുദിവസമായി ആൾ മാറിയപോലെ തോന്നുന്നുവല്ലൊ."

അവൾ മറുപടി പറഞ്ഞു:-"എനിയ്ക്കു യാതൊരു സ്വർണ്ണപ്പണ്ടങ്ങളുമില്ലല്ലൊ; ശരിയായി ഒരു ബ്രൂച്ചു കൂടിയില്ല; ഇതാണെൻെറ മനസ്സിനെ അലട്ടികൊണ്ടിരിയ്ക്കുന്നതു്. ശരിയായ ഒരു പാപ്പരാണെന്ന ഒരു ബോധമാണ് എനിയ്ക്കുണ്ടായിക്കൊണ്ടിരിയ്ക്കുന്നതു്. ഞാൻ പാർട്ടിയ്ക്കുപോകാതിരിപ്പാനാണു് മിക്കവാറും വഴി."

"നിനക്കു ചില നല്ല പൂക്കൾ ധരിച്ചുകൂടേ? ഇപ്പോൾ അതു വലിയൊരു ഫാഷനാണു്. ഒരു പത്തു ഫ്രാങ്കിനു് രണ്ടോ മൂന്നോ മേത്തരം പനിനീർപ്പൂക്കൾ കിട്ടും."

അവൾ തൃപ്തിപ്പെട്ടില്ല.

"ഒരു കൂട്ടം പണക്കാരായ സ്ത്രീകളുടെ ഇടയിൽ ദാരിദ്ര്യത്തിൻെറ ലേബലും ഒട്ടിച്ചുകൊണ്ടു് നടക്കുന്നതിലും ലജ്ജാകരമായി മററൊന്നുമില്ല."

"നീ എത്ര വലിയൊരു വിഡ്ഢിയാണു്! നിനക്കെന്തുകൊണ്ടു് നിൻെറ സ്നേഹിതയായ മദാം ഫോർസ്റ്റീയറെ കണ്ടു കുറച്ചാഭരണങ്ങൾ കടംവാങ്ങിക്കൂടാ? നിങ്ങൾ

തമ്മിലതിന്നുമാത്രമുള്ള പരിചയം ധാരാളമുണ്ടല്ലോ". അവളുടെ ഭത്താവു പറഞ്ഞു.

അവൾ ആഹ്ലാദസൂചകമായി ഒരു ശബ്ദം പുറപ്പെട്ടുവിച്ചു. "ഉവ്വ്, നിശ്ചയമായും; അതെനിയ്ക്കിതേവരെ തോന്നിയില്ല."

പിറേറന്ന് അവൾ തൻെറ സുഹൃത്തിൻെറ വീട്ടിൽപ്പോയി അവരെ കാണുകയും കാൎയ്യം പറയുകയും ചെയ്തു.

മദാം ഫോർസ്റ്റിയർ തൻെറ വലിയ ആഭരണപ്പെട്ടി കൊണ്ടുവന്ന് സ്നേഹിതയുടെ മുമ്പിൽ തുറന്നുവെച്ചു.

"ആവശ്യമുള്ളത് തിരഞ്ഞെടുത്തു കൊള്ളുക" അവർ പറഞ്ഞു.

മദാംലൂയ്സൽ അതിൽ കുറെ വളകളും, ഒരു മുത്തുമാലയും, സ്വൎണ്ണംകൊണ്ടും രത്നങ്ങൾകൊണ്ടും നിൎമ്മിച്ചിട്ടുള്ള ഒരു വെനീഷ്യൻകുരിശും കണ്ടു. കണ്ണാടിയുടെ മുമ്പിൽവെച്ചവൾ ആ ആഭരണങ്ങൾ അണിഞ്ഞുനോക്കി; ഏതാണെടുക്കേണ്ടത്, ഏതാണ് മടക്കിക്കൊടുക്കേണ്ടതെന്ന് അവൾക്കു സംശയമായി.

"ഇതല്ലാതെ വേറെയൊന്നുമില്ലേ ?"

"ഉവ്വ്; ഏതു വേണമെന്ന് നോക്കിയെടുക്കാമല്ലോ."

ഒടുവിൽ ഒരു വിശേഷപ്പെട്ട കറുത്ത സൂൎയ്യപടം കൊണ്ടുള്ള സഞ്ചിയിൽ വെച്ചിട്ടുള്ള ഒരു വൈരമാല കണ്ടു. അത്യാശകൊണ്ടവളുടെ ഹൃദയം കിടന്നു മിടിക്കുവാൻ തുടങ്ങി. വിറയ്ക്കുന്ന കൈകളോടുകൂടി അവളതു

പുറത്തെയ്ക്കെടുത്തു; അതവൾ തന്റെ ഗൌണിന്റെ മീതെ കഴുത്തിൽക്കെട്ടി വളരെ ആനന്ദത്തോടുകൂടെ തന്നെ ത്താൻ നോക്കിനിന്നു.

പിന്നെ അവൾ സംശയഭാവത്തിൽ മനോവേദന യോടുകൂടി ചോദിച്ചു:—"ഇതെനിയ്ക്കു നിങ്ങൾ കടംതരു മോ, ഇതല്ലാതെ എനിയ്ക്കു് വേറെയൊന്നുംവേണ്ട"

"ഓഹോ, നിശ്ചയമായും"

അവൾ തന്റെ സുഹൃത്തിനെ സന്തോഷത്തോടു കൂടി കണ്ഠാലിംഗനംചെയ്തു; ആഭരണവുമായി അവൾ ബദ്ധപ്പെട്ടു യാത്രയായി.

* * * * *

അന്നു പാട്ടിനടക്കുന്ന രാത്രിയായിരുന്നു. മദാംലോ യ്സലിന്റെ വിജയം പരിപൂർണ്ണമായി. ഏററവും മനോ ഹരമായ ഗൌൺധരിച്ച് ഒരു മധുരമായ പുഞ്ചിരിയോടും അന്തസ്സോടും കൂടിയുള്ള അവൾ അവിടെ കൂടീട്ടുണ്ടായി രുന്ന യുവതികളിൽവെച്ച് ഏററവും സുന്ദരിയാണികാണ പ്പെട്ടു. അവളുടെ ശിരസ്സ് സന്തോഷത്തിന്റെ കൊടു ങ്കാററിൽ കറങ്ങിക്കൊണ്ടിരുന്നു. എല്ലാവരും അവളെ നോക്കി; അവളെപ്പററി അന്വേഷിച്ചു. ഒന്നു പരിചയ പ്പെടുത്തുന്നതിന്നു് പരിചിതന്മാരോടപേക്ഷിച്ചു; അവ ളോടൊന്നിച്ചു നൃത്തംചെയ്യുന്നതിന്നു് പലരും ആഗ്രഹിച്ചു; മന്ത്രിയുടെ ശ്രദ്ധയെപ്പോലും അവൾ ആകർഷിച്ചു.

ആനന്ദാനുഭൂതിയിൽ മതിമറന്നും, തന്റെ വിജയ ത്തിലും സൌഭാഗ്യത്തിലും അത്യാഹ്ലാദംപൂണ്ടും അവൾ

താന്നെത്താനറിയാതെ നത്തനംചെയ്തു. ഒരു മനോഹര സ്വപ്നത്തിലെന്നപോലെ അവൾ നീന്ദിക്കൊണ്ടിരുന്നു; അതിൽ അവൾ അത്യധികം ആശിച്ചിരുന്ന ബഹുമതിയും ആദരവും മാത്രമല്ല, അവൾ ഉണത്തിവിട്ടിരുന്ന ആഗ്രഹങ്ങളും പൂർണ്ണമായ വിജയവും ഒരു സ്ത്രീയ്ക്കു് ഏററവും പ്രിയപ്പെട്ടനിലയിൽ ഇടകലന്നിരുന്നു.

ഏതാണ്ടു നാലുമണിയായിരുന്നു അവൾ നൃത്തംകഴിഞ്ഞു പോന്നപ്പോൾ. അതേവരെ അവരുടെ ഭത്താവു സല്ലാരശാലയിൽ ഉറക്കംതൂക്കിക്കൊണ്ടിരുന്നു; അവരോടൊപ്പം മതിമറന്നു നൃത്തംവെച്ചിരുന്ന വേറെ മൂന്നു സ്ത്രീകളുടെ ഭത്താക്കന്മാരും അയാളുടെ കൂടെയുണ്ടായിരുന്നു.

അയാളവളുടെ പുറമെയുള്ള വസ്ത്രം നാട്യമൊന്നും കൂടാതെ എടുത്തു അവളുടെ ചുമലിലിട്ടു; അപ്പോൾ അവളുടെ സാധാരണ ഉപയോഗിക്കുന്ന ഉള്ളുടുപ്പിൻെറയും പുറംവസ്ത്രത്തിൻേറയും വ്യത്യാസം പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. ഉള്ളിലത്തേതു് മുഷിഞ്ഞു് വൃത്തികെട്ടതായിരുന്നു; ഇതവൾക്കറിയാമായിരുന്നതുകൊണ്ടു് അവൾ വേഗം പോകുവാനാഗ്രഹിച്ചു. സമ്പന്നകളും വിശേഷവസ്തങ്ങൾ ധരിച്ചിട്ടുള്ളവരുമായ സ്ത്രീകളുടെ ദൃഷ്ടിയിൽനിന്നു് എന്നാൽ അവൾക്കു് രക്ഷപ്പെടാമല്ലോ.

ലൂയ്സിൽ അവളെ നിത്തുവാൻ ശ്രമിച്ചു:—"അവിടെ നില്ക്കൂ; ഞാൻപോയി ഒരു കുതിരവണ്ടി പിടിച്ചുകൊണ്ടുവരാം; പുറത്തു നടന്നുപോയാൽ ജലദോഷം പിടിച്ചേയ്ക്കും."

പക്ഷെ അവറം അയാളുടെ വാക്കത്രെ കാൎയ്യമാക്കിയില്ല; അവർ നിരത്തിലേയ്ക്കു നടന്നു; പക്ഷെ കുതിരവണ്ടി അവിടെയെങ്ങും കണ്ടില്ല. അവർ അന്വേഷണം തുടൻ. കൂക്കിവിളിച്ച് ഉറക്കെ സംസാരിച്ചുകൊണ്ടിരിയ്ക്കുന്ന വണ്ടിക്കാരെ അവർ ദൂരത്തു കണ്ടു; എന്നാൽ അടുത്താരും ഉണ്ടായിരുന്നില്ല. തണുത്തുവിറച്ച് നിരാശപ്പെട്ടുകൊണ്ട് അവർ നടന്നു; ഒടുവിൽ പാരീസ്സിൽ രാത്രിയായശേഷം മാത്രം കാണുന്നവയും, പകൽവെളിച്ചത്തിൽ കണ്ടാൽ അവയുടെ വൃത്തികേടിനാൽ ലജ്ജതോന്നിയ്ക്കുന്നവയുമായ പഴയ കുതിരവണ്ടികളിൽ ഒന്നവൎക്കു കിട്ടി. വണ്ടി അവരെ അവരുടെ വീട്ടിലേയ്ക്കു കൊണ്ടുപോയി. നിശ്ശബ്ദമായ ഒരു നിലയിൽ അവർ തങ്ങളുടെ കോണിപ്പടി കയറി. അയാളുടേതുപോലെത്തന്നെ അവളുടേയും ഉത്സാഹം അസ്തമിച്ചുകഴിഞ്ഞിരുന്നു. ആപ്പീസ്സിൽ പിറേറന്നു പത്തുമണിയ്ക്ക് ഹാജർകൊടുക്കേണ്ടതിനെപ്പററിയാണ് അയാളപ്പോറം വിചാരിച്ചിരുന്നതു്. അവറം കണ്ണാടിയുടെ മുമ്പിൽ നിന്നു് മേൽവസ്ത്രം അഴിച്ചുവെച്ചു. ഒന്നുകൂടി തന്റെ സൌന്ദൎയ്യം കാണട്ടെ എന്നു കരുതി കണ്ണാടിയിലേയ്ക്കു നോക്കി; എന്നാൽ പെട്ടെന്നവറം ഒന്നു നിലവിളിയ്ക്കുകയാണുണ്ടായതു്. വൈരമാല അപ്പോറം അവളുടെ കഴുത്തിലുണ്ടായിരുന്നില്ല!

"എന്താണുണ്ടായതു്?" ഭൎത്താവന്വേഷിച്ചു. അയാറം ഏതാണ്ട് പകുതി ഡ്രസ്സഴിച്ചുവെച്ചിരുന്നു.

അവരം പരിഭ്രമിച്ചുകൊണ്ടു് അയാളുടെ നേൎക്കുതിരി ഞ്ഞുപറഞ്ഞു:- "മാഡാം.........ഫോർസ്റ്റീയരുടെ...... വൈരമാല.........കാണാനില്ല".

അയാരം പരിഭ്രമത്തോടുകൂടി പുറപ്പെട്ടു:- "എന്തു്! വൈരമാല കാണാനില്ല! അതെങ്ങിനെ! അങ്ങിനെ വരുവാൻ വയ്യല്ലോ.

അവർ ഗൌണിന്റെയും മേൽക്കുപ്പായത്തിന്റെയും മടക്കുകളെല്ലാം പരിശോധിച്ചു; പോക്കററുകളിലെല്ലാം നോക്കി; പക്ഷെ ഫലമൊന്നുമുണ്ടായില്ല.

"ഡാൻസുകഴിഞ്ഞു പുറപ്പെട്ടപ്പോരം അതുണ്ടായിരു ന്നുവെന്നു നല്ല ഉറപ്പുണ്ടോ?"

"ഉവ്വ്; എജ്യുക്കേഷൻ ഓഫീസ്സിന്റെ കോലായിൽ നില്ക്കുമ്പോരം അതെന്റെ കഴുത്തിലുള്ളതായി എനിയ്ക്കു നല്ല ഓൎമ്മയുണ്ടു്."

"നിരത്തിലാണു് അതു് വീണുപോയിട്ടുള്ളതെങ്കിൽ ശബ്ദം കേരക്കേണ്ടതായിരുന്നുവല്ലോ. അതു് കുതിരവ ണ്ടിയിലുണ്ടായിരിയ്ക്കുമെന്നാണു് എനിയ്ക്കു തോന്നുന്നതു്."

"അതെ, എനിയ്ക്കും അങ്ങിനെയാണു് തോന്നുന്നതു്; നമ്പർ ഓൎമ്മയുണ്ടോ?"

"ഇല്ല; ഓൎമ്മിയ്ക്കുന്നുണ്ടോ?"

"ഇല്ല."

അവർ പരസ്പരം മിഴിച്ചുനോക്കി; അങ്ങേഅററ ത്തോളം ഭയപ്പെട്ടു. ഒടുവിൽ അയാരം വീണ്ടും ഉടുപ്പിട്ടു ടുത്തിട്ടു.

"നാം നടന്നുപോന്ന വഴി ഞാനൊന്നു പരിശോധി ച്ചുനോക്കട്ടെ; ഒരു പക്ഷേ അതു കണ്ടെത്തുവാൻ കഴി ഞ്ഞേയ്ക്കാം."

അയാൾ വീടുവിട്ടു. കിടക്കുവാൻ പോകേണ്ടകാര്യം തന്നെ വിചാരിപ്പാനാകാതെ, അവൾ തന്റെ ഉടുപ്പുകൾ മാററാതെ, അങ്ങിനെതന്നെ ഒരു കസാലയിൽ കുഴഞ്ഞു വീണു. മുറിയിൽ തീയിടുകയുണ്ടായില്ല.

ഏതാണ്ടു് ഏഴുമണിയ്ക്കു് അവളുടെ ഭർത്താവു മട ങ്ങിയെത്തി; അയാളൊന്നും കാണുകയുണ്ടായില്ല.

അയാൾ പോലീസ്സിൽ റിപ്പോർട്ടു ചെയ്തു; വർത്ത മാനക്കടലാസ്സിൽ മടക്കിക്കൊടുക്കുന്നവൎക്കു് പ്രതിഫലം വാഗ്ദത്തം ചെയ്തു് പരസ്യപ്പെടുത്തി. കൂലിയ്ക്കു കൊടുക്കു ന്ന കുതിരവണ്ടികളുടെ ആപ്പീസ്സുകളിലെല്ലാം അന്വേഷി ച്ചു. ആശയ്ക്കെന്തെങ്കിലും ഒരു വഴിയുണ്ടെങ്കിൽ അവിടെ യെല്ലാം അയാൾ ചെന്നന്വേഷിച്ചു.

അയാളുടെ ഭാൎയ്യ ആ നിരാശപ്പെട്ട നിലയിൽത്തന്നെ ദിവസം മുഴുവൻ കഴിച്ചുകൂട്ടി. ഭയങ്കരമായ ആ ആപത്തു് അവളെ കേവലം അവശയാക്കിത്തീൎത്തു.

ലോയ്സൽ വൈകുന്നേരം വീട്ടിലേയ്ക്കു് മടങ്ങിയെ ത്തി. അയാളുടെ കവിൾത്തടങ്ങൾ വിളർത്തൊട്ടിയിരുന്നു. അയാളുടെ പരിശ്രമങ്ങൾകൊണ്ടൊന്നും യാതൊരു ഫല വും ഉണ്ടായില്ല.

"സ്നേഹിതയ്ക്കു ഒന്നെഴുതിയേയ്ക്കണം. അയാൾ പറഞ്ഞു. "മാലയുടെ കൊളുത്തു കേടുവന്നുപോയെന്നും അതു ശരിപ്പെടുത്തിയശേഷം അയയ്ക്കാമെന്നും എഴുതിയാൽ മതി. ഈ വഴിയ്ക്കു് നമുക്കു കാൎയ്യങ്ങളെപ്പററി ആലോചിപ്പാൻ ഇടകിട്ടും.

അയാൾ പറഞ്ഞു കൊടുത്തതുപ്രകാരം അവർ തൻെറ സുഹൃത്തിന്നു കത്തെഴുതി അയച്ചു.

* * * * *

ഒരാഴ്ചകൂടികഴിഞ്ഞു; അവരുടെ എല്ലാ ആശകളും അസ്തമിച്ചു. ലോയ്സലിന്നു് ഒരഞ്ചുകൊല്ലത്തെ പ്രായം കൂടി അധികമായതായിത്തോന്നി. അയാൾ പറഞ്ഞു:— "നമുക്കു് ആ മാലയ്ക്കു പകരം മറെറാന്നു കൊടുക്കുവാൻ നോക്കണം."

അടുത്ത ദിവസം മാലവെയ്ക്കുന്ന ഒഴിഞ്ഞപെട്ടിയെടുത്തു് അവർ രത്നക്കച്ചവടക്കാരനെ സമീപിച്ചു; അയാളുടെ പേർ ആ പെട്ടിയുടെ ഉള്ളിൽ അടിച്ചിട്ടുണ്ടായിരുന്നു. അയാൾ തൻെറ ബുക്കെടുത്തു പരിശോധിച്ചു.

"മഡാം, ഈ മാല ഇവിടെനിന്നു കൊടുത്തിട്ടുള്ളതല്ല; ഇവിടെനിന്നു് ഈ പെട്ടിമാത്രമേ സപ്ലൈ ചെയ്തിട്ടുള്ളു."

അവർ ഒരാഭരണക്കച്ചവടക്കാരൻെറ അടുത്തുനിന്നു മറെറാരാളുടെ അടുത്തേയ്ക്കു് എന്നനിലയിൽ പലരുടെ അടുത്തും പോയി. പോയതിന്നുപകരം അതുപോലെത്തന്നെയുള്ള മറെറാന്നു കണ്ടുപിടിയ്ക്കുവാൻ അവർ

ശ്രമിച്ചു. അവരുടെ ഓർമ്മയുടെ സഹായത്തോടുകൂടി മാലകരം പരിശോധിച്ചു: രണ്ടാളും ദുഃഖിതരും നിരാശന്മാരുമായിരുന്നതുകൊണ്ട് അവക്ക് ദേഹത്തിന്നുതന്നെ സുഖമില്ലാതായി.

ഒടുവിൽ 'പലായ്സ് റോയലി'ലുള്ള ഒരു ഷാപ്പിൽ പോയതരത്തിൽതന്നെയുള്ള ഒരു മാല അവർ കണ്ടെത്തി. 40000 ഫ്രാങ്ക്സായിരുന്നു അതിൻെറ വില. കച്ചവടക്കാരൻ അതു് മുപ്പത്തിയാറായിരത്തിന്നു് കൊടുക്കുവാൻ സമ്മതിച്ചു. മൂന്നു ദിവസത്തിന്നു് ആ മാല ആൎക്കും കൊടുക്കാതിരിക്കുവാൻ അവരപേക്ഷിച്ചു. ഫിബ്രവരി കഴിയുന്നതിലിടയ്ക്കു് പോയ മാലതന്നെ കിട്ടുകയാണെങ്കിൽ 34000 ഫ്രാങ്കിന്നു് അതു മടക്കിയെടുത്തു കൊള്ളാമെന്നു് കച്ചവടക്കാരൻ സമ്മതിച്ചു.

ലോയ്സലിന്നു് 18000 ഫ്രാങ്ക്സ് പിതാവിൻെറ കയ്യിൽനിന്നു് കിട്ടീട്ടുണ്ടായിരുന്നു; പോരാത്തതു കടം വാങ്ങുവാൻ അയാരം തീൎച്ചയാക്കി. അവരം എല്ലാടത്തുനിന്നും കടം വാങ്ങി. ഒരായിരം ഫ്രാങ്ക് ഒരാളുടെ കയ്യിൽനിന്നു്, ഒരഞ്ഞൂറ ഫ്രാങ്ക് വേറൊരാളുടെ കയ്യിൽനിന്നു്. അഞ്ചു ലൂയീസ് (ഫ്രാൻസിലെ ഒരു സ്വൎണ്ണനാണ്യം) ഒരിടത്തുനിന്നു്, മൂന്നു ലൂയീസ് വേറൊരിടത്തുനിന്നു് ഈ നിലയ്ക്കു് ആ പാവം കടം വാങ്ങുവാൻ തുടങ്ങി. പ്രാനോട്ടുകരം വലിയ പലിശയ്ക്കെഴുതികൊടുത്തു. ഉണ്ടികകച്ചവടക്കാർ, ചില്ലറ സംഖ്യ കടം കൊടുത്തു് അതുകൊണ്ടു് കഴിഞ്ഞു

കൂടുന്നവർ എന്നിവരെയൊക്കെ അയാരം സമീപിച്ചു; അയാളയാളുടെ മുഴുവൻ ഭാവിയും അപകടത്തിലാക്കി.

ഓരോ റിക്കാഡുകളിൽ ഒപ്പിട്ടുകൊടുക്കുമ്പോഴും അതു കൊടുത്തുതീക്ക്വാനെങ്ങിനെ കഴിയുമെന്നു് അയാരം ആലോചിച്ചിരുന്നില്ല. ഭാവിയിലുണ്ടാകാൻപോകുന്ന ബുദ്ധിമുട്ടുകളെപ്പററിയുള്ള ആലോചന അയാളെ കീഴടക്കി. വലിയ ദുഃഖങ്ങളുടെ കരിനിഴലുകളാണു് അയാളെ തുറിച്ചു നോക്കിയിരുന്നതു്. സുഖസൌകര്യങ്ങരം കുറയ്ക്കുവാൻ അയാരം നിബ്ബന്ധിതനായി; ധാമ്മികമായ അധഃപതനവും ഉണ്ടാകാതിരുന്നില്ല. ഏതായാലും അയാരം മുപ്പത്താറായിരം ഫ്രാങ്ക്സ് കൊടുത്തു് പുതിയ വൈരമാല വാങ്ങി.

മദാം ലൂയ്സൽ മാല മടക്കിക്കൊണ്ടുപോയി കൊടുത്തപ്പോരം മദാം ഫോർസ്റ്റിയർ നിന്ദാസ്വരത്തിൽപ്പറഞ്ഞു:—"മാല വേഗം മടക്കിത്തരേണ്ടതായിരുന്നു; കിട്ടാത്തതുകൊണ്ടു് എനിയ്ക്കതുപയോഗിപ്പാൻ കഴിഞ്ഞില്ല."

മദാം ലൂയ്സൽ പെട്ടി അങ്ങിനെതന്നെ കൊടുത്തപ്പോരം മദാം ഫോസ്റ്റിയർ അതു തുറന്നു നോക്കിയില്ല. ലൂയ്സലിന്നു് അതാശ്വാസമായി. മാലമാററിയതു് കണ്ടുപിടിയ്ക്കുമോ? അവരെന്താണു് വിചാരിയ്ക്കുക? എന്നൊക്കെ അവർ വിചാരിച്ചു പേടിച്ചിരുന്നു.

മദാം ലൂയ്സൽ ഇപ്പോരം ദാരിദ്ര്യത്തിൻെറ പരമയാതനകരം അനുഭവിപ്പാൻ തുടങ്ങി. അവരതിന്നു് വേ

ണ്ടതുപോലെതയ്യാറായി. അവർ അവരുടെ ഭാഗം ധീരമായിത്തന്നെ അഭിനയിച്ചു. ആ ഭയങ്കരമായ കടം കൊടുത്തുതീൎക്കേണ്ടതുണ്ടല്ലൊ; അവരതു കൊടുത്തു തീൎക്കയും വേണം. വാടക ലാഭം കിട്ടുവാൻ വേണ്ടി ഒരു ചെറിയ സ്ഥലത്തേയ്ക്കു താമസം മാററി. വീട്ടിലെ എല്ലാ പരുക്കൻ പണികളും അവരെടുത്തു തുടങ്ങി; അടുക്കളയിലെ മുഷിപ്പൻ വേലകളൊക്കയും അവർ ചെയ്തു.

ഉള്ളുടുപ്പുകൾ, ഷർട്ടുകൾ, ഡസ്റ്ററുകൾ മുതലായവ അവർ തിരുമ്പി വൃത്തിയാക്കി വെയിലത്തു് ഉണങ്ങുവാനിടും. പ്രതിദിനം അടിയ്ക്കാട്ടു് നിരത്തിലേയ്ക്കു് എടുത്തുകൊണ്ടുപോയിരുന്നതു് അവർതന്നെയായിരുന്നു. അവർ ആവശ്യമുള്ള വെള്ളം കൊണ്ടുവരും. ശ്വാസം കഴിപ്പാനുംകൂടി നില്ക്കാതെ അവർ പണിയെടുത്തുകൊണ്ടിരിയ്ക്കും. ഒരു പണിക്കാരത്തിയേപ്പോലുള്ള വസ്ത്രങ്ങളാണ് അവർ ധരിച്ചിരുന്നതു്. അവർ ഒരു കൊട്ടയുമെടുത്തു് പച്ചക്കറിക്കാരൻെറ അടുത്തും കശാപ്പുകടയിലും ചില്ലറക്കച്ചവടക്കാരൻെറ പീടികയിലും ഒക്കെപ്പോയി തനിയ്ക്കാവശ്യമുള്ള സാധനങ്ങൾ തനിയേ വാങ്ങിക്കൊണ്ടുവരും. ഓരോ ഫാർത്ഥിങ്ങിന്നുംവേണ്ടി അവർ പിശകും, കലഹിയ്ക്കും, യുദ്ധംവെട്ടും.

ഓരോമാസവും ചില പ്രോനോട്ടുകൾ കടംതീൎത്തു് മടക്കിവാങ്ങി; ചിലവ സമയംകിട്ടുവാനായി പുതുക്കിക്കൊടുത്തു.

ആ സ്ത്രീയുടെ ഭർത്താവു് ആപ്പീസിൽനിന്നു് വന്നാൽ കച്ചവടക്കാരുടെ കണക്കെഴുതിക്കൊടുക്കും; പലപ്പോഴും രാത്രി മിനക്കെട്ടിരുന്നു് അഞ്ചു "സൂ" (ഫ്രാൻസിലെ ഒരു ചെറുനാണ്യം) വീന്നു് ഒരു പേജുവീതം കടലാസ്സുകൾ പകർത്തിക്കൊടുത്തു് വല്ലതും ഉണ്ടാക്കും.

ഈ നില ഏതാണ്ടു് പത്തുകൊല്ലത്തോളമങ്ങിനെ തുടർന്നുപോയി.

അതിൻെറ അവസാനത്തിൽ അന്യായ പലിശയും അമിതമായ തോതുകളും നിമിത്തം വർദ്ധിച്ചുകൂടീട്ടുണ്ടായിരുന്ന എല്ലാ തുകയും ഒരു പെനിപോലും ബാക്കിയില്ലാതെ കൊടുത്തു തീർക്കാൻ അവർക്കു് കഴിഞ്ഞു.

മദാം ലൂയ്സൽ ഇപ്പോളൊരു വൃദ്ധയെപ്പോലെ ആയിക്കഴിഞ്ഞിട്ടുണ്ടു്. അവരിപ്പോൾ ശരിയായ ഒരു ദരിദ്രൻെറ ഭാര്യയാണു്. മൃദുലഭാവങ്ങൾ അവരെ വിട്ടു; അവരൊരു പരുക്കൻ സ്വഭാവക്കാരിയായിത്തീർന്നു. തലമുടിയിൽ ശ്രദ്ധയുണ്ടായിരുന്നില്ല. വസ്ത്രധാരണത്തിൽ മുമ്പുണ്ടായിരുന്ന സൌന്ദര്യബോധമൊന്നുമില്ലാതായി. കൈകൾ പ്രവൃത്തി എപ്പോഴുമുള്ളതുകൊണ്ടു് ചുവന്നു് പരുപരുത്തിരുന്നു. ശബ്ദത്തിന്നുണ്ടായിരുന്ന സൌമ്യത നശിച്ചു. അവർ നിലം ശക്തിയായി പരുപരുത്ത മട്ടിൽ തേച്ചുമിഴുകി. ചിലപ്പോൾ അവർ ഭർത്താവു് അപ്പീസിലായിരിയ്ക്കുമ്പോൾ, ജനലിന്നടുത്തു് പോയിരുന്നു് തൻെറ സൌന്ദര്യത്തിൻെറ അംഗീകരണവും വിജയവും ഉണ്ടായിട്ടുള്ള ആ ദിവസത്തെ സായംകാലത്തെക്കുറിച്ചു് ചിന്തിയ്ക്കും.

അവൾക്കു് ആ വൈരമാലയുടെ നാശം ഉണ്ടായിട്ടില്ലെങ്കിലത്തെ സ്ഥിതി എന്താകുമായിരുന്നു? അതാക്കു് പറവാൻ കഴിയും? എത്രമാത്രം വൈവിധ്യമുള്ളതും അപരിചിതമായിട്ടുള്ളതുമാണു് ജീവിതത്തിലുണ്ടാകുന്ന സന്ദർഭങ്ങൾ! എത്ര ചെറിയ ഒരു കാര്യത്തിന്നു് നിങ്ങളെ രക്ഷിപ്പാനും നശിപ്പിയ്ക്കുവാനും കഴിയും!

ഒരു ഞായറാഴ്ച "ചേയ്മ്പസ് എലിസീസി"ൽ (പാരീസ്സിലെ ഒരു പ്രധാന തെരുവ്) അവൾ ഒന്നു ലാത്തുവാൻപോയി. ഒരാഴ്ചയുടെ പ്രവൃത്തികൾക്കുശേഷം അവൾക്കൊരുല്ലാസം ആവശ്യമായിരുന്നു. അപ്പോൾ ഒരു കുട്ടിയോടുകൂടിയ ഒരു മാന്യസ്ത്രീ അവളുടെ ദൃഷ്ടിയിൽപ്പെട്ടു. മദാം ഫോർസ്റ്റിയറാണതെന്നു് അവൾ മനസ്സിലാക്കി; അവർ സാധാരണപോലെ സൌഭാഗ്യമുള്ളവളും, ആകർഷണശക്തിയുള്ളവളും, യുവതിയും ആയിത്തന്നെ കാണപ്പെട്ടു. മദാം ലൂയ്സൽ വികാരവിവശയായി. അവളോടവർ സംസാരിയ്ക്കുമോ? എന്തുകൊണ്ടില്ല? ഇപ്പോൾ ആ കടം തീർത്തിരിയ്ക്കുന്നു. എന്തുകൊണ്ടാകഥ മുഴുവൻ അവളോടു് പറഞ്ഞില്ല? അവൾ അവരുടെ അടുത്തേയ്ക്കുചെന്നു.

"ഗുഡ്മോണിംഗ് ജിന്നി".

അവളുടെ സ്നേഹിതയ്ക്കു് അവളെ ശരിയ്ക്കു് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല; വീട്ടിലെ ആളെപ്പോലെ അത്രയും

പരിചയമായി തന്നെ സംബോധനചെയ്യുന്ന ആൾ ആരാണ് ?

"എനിയ്ക്കു നിങ്ങളെ മനസ്സിലാകാത്തതിൽ ഞാൻ ലജ്ജിയ്ക്കുന്നു"; നിങ്ങൾക്കൊരുപക്ഷേ തെററു പററിയിരിയ്ക്കുമോ ?" അവർ സംശയത്തോടുകൂടി ചോദിച്ചു.

"ഇല്ല; ഞാൻ മാത്തിൽഡാ ലൂയ്സൽ ആണ്."

സ്നേഹിത ആശ്ചര്യസൂചകമായി ഒരു ശബ്ദം പുറപ്പെടീച്ചു:–"ഹോ ! കഷ്ടം ! സാധു മാത്തിൽഡേ, നീയെങ്ങിനെയാണ് ഇത്രയൊക്കെ ആളുമാറിയതു് ?"

"അതെ ഞാൻ നിങ്ങളെ അവസാനം കണ്ടുകഴിഞ്ഞതിനുശേഷം വളരെ കഷ്ടത്തിലെല്ലാമായി; അവസാനമില്ലാത്ത ബുദ്ധിമുട്ടുകൾ ! അതെല്ലാം നിങ്ങളെ ആസ്പദിച്ചതായിരുന്നു".

"എന്നെ ആസ്പദിച്ചതു് ? എന്താണിതിൻെറ അത്ഥം ?"

"നിങ്ങൾ ആ വൈരമാല എഡ്യൂക്കേഷൻ ആഫീസിലുണ്ടായ വിരുന്നിന്നു് എനിയ്ക്കു് ധരിപ്പാൻ തന്നതോമ്മയില്ലേ ?"

"ഉവ്വ്, നല്ലവണ്ണം ഓമ്മയുണ്ടു്".

"അതെൻെറ കയ്യിൽനിന്നു് വീണുപോയി."

"എനിയ്ക്കു് മനസ്സിലായില്ല; അതു് നിങ്ങളെനിയ്ക്കു് മടക്കിത്തന്നുവെല്ലോ."

"ഞാൻ മടക്കിത്തന്നതു് അതുപോലെയുള്ള മറെറാന്നായിരുന്നു. കഴിഞ്ഞ പത്തുകൊല്ലമായി അതിൻെറ കടം തീർപ്പാൻവേണ്ടി തീവ്രയാതനകളനുഭവിയ്ക്കുകയായിരുന്നു ഞങ്ങൾ; ഞങ്ങളെപ്പോലുള്ള പാവങ്ങൾക്ക് അതത്ര എളുപ്പമുള്ളതല്ലെന്നു് നിങ്ങൾക്കറിയാമല്ലൊ. ഞങ്ങളുടെ കയ്യിൽ ഒരു പെനിപോലുമില്ല; ഏതായാലും അതൊക്കെ ത്തീൎന്നു. എന്തൊരാശ്വാസമാണിപ്പോഴെന്നു് എനിയ്ക്കു വിവരിക്കുവാൻ വയ്യ."

മദാം ഫോർസ്റ്റിയർ നിശ്ചേതനയായി നിന്നു.

"എൻെറതിന്നു് പകരംവെയ്ക്കുവാൻ നിങ്ങൾ ഒരു വൈരമാല വാങ്ങിയെന്നാണ് പറയുന്നതു് ?"

"അതേ; ഇതു നിങ്ങൾ ശ്രദ്ധിച്ചിരിയ്ക്കയില്ല; അവയ്ക്കുതമ്മിൽ അത്രമാത്രം യോജിപ്പുണ്ടായിരുന്നു."

ഒരാഭിജാത്യമുള്ള അഹംഭാവത്തോടും സംതൃപ്തിയോടുംകൂടി അവൾ പുഞ്ചിരിയിട്ടു.

മദാം ഫോർസ്റ്റിയർ വലിയ സങ്കടത്തോടുകൂടി അവളുടെ കൈകൾ കടന്നുപിടിച്ചു.

"അയ്യോ! എൻെറ സാധു മാത്തിൽഡേ, കഷ്ടം! എൻെറ മാല കൃത്രിമവൈരങ്ങൾകൊണ്ടുണ്ടാക്കിയതായിരുന്നുവല്ലൊ; ഏറിക്കവിഞ്ഞാൽ അതിന് അഞ്ഞൂറു ഫ്രാങ്കേ വിലയുണ്ടാകൂ."

# 4. നന്മക്കുകിട്ടിയ ശിക്ഷ *

[ഉപന്യാസ സമ്രാട്ട് പ്രേമചന്ദിന്റെ 'സപ്തസരോജ്' എന്ന ഗ്രന്ഥത്തിൽനിന്ന് വിവർത്തനം ചെയ്തിട്ടുള്ളതാണ് പ്രസ്തുത കഥ. സത്യനിഷ്ഠന്മാരായ ആളുകൾക്ക് ഈ ലോകത്തിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ്; എങ്കിലും കാററടിക്കുമ്പോൾ മരങ്ങളെപ്പോലെ മലകൾ ഇളകാറില്ലെന്ന് അവർ കാണിയ്ക്കുന്നു. തങ്ങളുടെ ആദർശങ്ങൾക്കുവേണ്ടി ആത്മബലി ചെയ്യുന്നതുതന്നെ കാമ്യമായി അവർ കരുതുകയും ചെയ്യുന്നു. ഈ കഥയിൽ കഥാകാരൻ ഈ സംഗതികൾ ഭംഗിയായി കാണിച്ചിട്ടുണ്ട്.]

## I

സാധാരണ മനുഷ്യരെപ്പോലെത്തന്നെ "ഷാഹജാൻപൂരി"ലെ ഡിസ്ട്രിക്ട് എഞ്ചിനീയർ ശിവസിംഹനും നന്മയും തിന്മയും ഉണ്ടായിരുന്നു. ന്യായവും ദയയും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ നന്മ; നിർല്ലോഭനും നിസ്വാർത്ഥിയുമായിരുന്നുവെന്നുള്ളതു് അദ്ദേഹത്തിന്റെ തിന്മയും. നന്മനിമിത്തം കീഴുദ്യോഗസ്ഥന്മാരെല്ലാം നിർഭയന്മാരും മടിയന്മാരുമായിത്തീർന്നു. തിന്മനിമിത്തമാണെങ്കിൽ ആ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാരെല്ലാവരും അദ്ദേഹത്തെ തങ്ങളുടെ ആജന്മശത്രുവായി ഗണിയ്ക്കുവാനും തുടങ്ങി.

---

* പ്രേമചന്ദ്.

ഒരു പ്രഭാതസമയമാണ്; ഒരു പാലംകെട്ടുന്നതിന്റെ മേൽനോട്ടം ചെയ്യാനായി പോകുന്നതിന്നദ്ദേഹം തയ്യാറായിരിയ്ക്കുന്നു; എന്നാൽ കുതിരക്കാരൻ ഇതേവരെ തന്റെ സുഖനിദ്രയിൽനിന്നുണന്നിട്ടില്ല. പ്രഭാതമാകുന്നതിന്നുമുമ്പു, പുറപ്പെടേണമെന്ന് അയാളെ തലേന്ന് പ്രത്യേകമായി ഏല്പിച്ചിരുന്നു; പ്രഭാതമായിക്കഴിഞ്ഞു വെന്നല്ല; സൂര്യൻ ഉദിച്ചുയന്നു; കിരണമാലകളിൽനിന്നു് ചൂടുപുറപ്പെട്ടുവാൻ തുടങ്ങി; എന്നാൽ ഇനിയും കുതിരക്കാരൻ ഉണന്നിട്ടില്ലെന്നു മാത്രം!

എഞ്ചിനീയർ നിന്നു നിന്നു് ക്ഷീണിച്ചപ്പോൾ ഒരു കസാലയിൽപ്പോയി ഇരുന്നു. കുതിരക്കാരൻ ഒരു വിധത്തിൽ ഉണന്നുകഴിഞ്ഞിരുന്നു; പക്ഷെ ശിപായിമാർ ഒരാളെയും അവിടെ കാണ്മാനുണ്ടായിരുന്നില്ല. തപാൽ കൊണ്ടുവരുവാൻ പോയവൻ അമ്പലത്തിന്റെ നടയ്ക്കൽപ്പോയിനിന്നു് ഈശ്വരഭജനത്തിൽ മുഴുകിയിരിയ്ക്കുകയാണ്. കരാറുകാരനെ വിളിച്ചുകൊണ്ടു് വരുവാൻ പോയ ആൾ കഞ്ചാവുവലിച്ചു് രാമദാസ് ഭജനത്തിൽ ലയിച്ചുകഴിഞ്ഞിരിയ്ക്കുന്നു.

ചൂടാണെങ്കിൽ വദ്ധിച്ചുതുടങ്ങി. എഞ്ചിനീയർ പരിഭ്രമിച്ചുകൊണ്ടു് വീട്ടിലേയ്ക്കുചെന്നു ഭാൎയ്യയോടുപറഞ്ഞു:– "കാൎയ്യം വലിയ കുഴപ്പമായല്ലൊ! ശിപായിമാരെ ആരേയും കാണ്മാനില്ല; ഇതു വലിയ കഷ്ടമായല്ലൊ."

ഭാൎയ്യ ചുമരിൻെറനേരെ നോക്കി ചുമരിനോടു പറഞ്ഞു:–"ഇതൊക്കെ അവരെ തലയിൽ കയററുന്നതിൻെറ ഫലമാണ്."

എഞ്ചിനീയർ ഒരു വിരസമാവത്തിൽപ്പറഞ്ഞു:– പിന്നെ എന്താണ്‌വേണ്ടതു്? അവരെയൊക്കെ തൂക്കിക്കൊല്ലുകയോ?"

## II

ശിവസിംഹന്നു് മോട്ടോർകാറുണ്ടായിരുന്നില്ലെന്നതു് ഇരിക്കട്ടെ; അദ്ദേഹത്തിന്നൊരു മോട്ടോർസൈക്കിൾകൂടി ഉണ്ടായിരുന്നില്ല. തൻെറ ചെറിയ കാളവണ്ടികൊണ്ടു ദ്ദേഹം തൃപ്തിപ്പെട്ടു. "പറക്കുന്ന കട്ടിലെ"ന്നാണു് അതിനെ എഞ്ചിനീയറുടെ ഭൃത്യന്മാർ പറഞ്ഞിരുന്നതു്; എന്നാൽ പട്ടണത്തിലെ ആളുകൾ അത്ര വലിയ പേരിട്ടതിനെ ബഹുമാനിപ്പാൻ ഒരുക്കമുണ്ടായിരുന്നില്ല. അവരതിനെ "സാമാനവണ്ടി" എന്നുവിളിച്ചു. ഈവിധം എഞ്ചിനീയർ അന്യരുടെ വ്യവഹാരത്തിൽതന്നെ വലിയ മിതവ്യയക്കാരനായിരുന്നു. അദ്ദേഹത്തിൻെറ രണ്ടു സഹോദരന്മാർ അലഹബാദിൽ പഠിച്ചിരുന്നു. വിധവയായ അമ്മ കാശിയിലാണു് താമസിച്ചിരുന്നതു്. ഒരു വിധവയായ സഹോദരിയും അദ്ദേഹത്തെ ആശ്രയിച്ചു ജീവിച്ചിരുന്നു. ഈ ചെലവുകൾക്കൊക്കെപ്പുറമെ ദരിദ്രന്മാരായ ചില വിദ്യാൎത്ഥികൾക്കു് സ്കോളർഷിപ്പുകളും കൊടുക്കേണ്ടതുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ എഞ്ചിനീയരുടെ പണ

സ്സഞ്ചി എപ്പോഴും കഴിഞ്ഞുകൊണ്ടാണിരുന്നതു്. അദ്ദേഹത്തിൻെറ വസ്ത്രങ്ങളിൽക്കൂടി തൻെറ സാമ്പത്തികാവസ്ഥയുടെ ചിഹ്നങ്ങൾ കാണാമായിരുന്നു. ഇത്രയൊക്കെ ബുദ്ധിമുട്ടുകൾ സഹിച്ചാലും യാതൊരുവിധ ലോഭത്തിന്നും വശംവദനായില്ല. അദ്ദേഹത്തെ അടുത്തു പരിചയമുള്ളവരിൽ പലരും അതൊരു മനുഷ്യനല്ല, ദേവനാണെന്നാണ് അഭിപ്രായപ്പെടാറുള്ളത്. ഈ സ്വഭാവവിശേഷം കൊണ്ടദ്ദേഹത്തിന്നു തരക്കേടൊന്നും സംഭവിച്ചിരുന്നില്ല. താൻ ഉദ്യോഗസംബന്ധമായി ഇടപെടുന്നവരോടൊന്നും യാതൊരുവിധത്തിലുള്ള പാരിതോഷികങ്ങളും പ്രസ്തുത എഞ്ചിനീയർ വാങ്ങിയിരുന്നില്ല. സഹധർമ്മിണിയിൽനിന്നുകൂടി ചിലപ്പോൾ ഇതിനെപ്പററി അപ്രിയങ്ങൾ കേൾക്കേണ്ടിവന്നിട്ടുണ്ടു്.

ഒരു ദിവസം ആപ്പീസ്സിൽനിന്നു മടങ്ങിവന്നു് ഭാര്യയുമായി സാസാരിച്ചുകൊണ്ടിരിയ്ക്കുമ്പോൾ സ്നേഹഭാവത്തിൽ അവരിങ്ങിനെ ചോദിയ്ക്കുകയുണ്ടായി:- "എല്ലാവരും നിങ്ങളെപ്പററി ഇങ്ങിനെ ദുഷിച്ചു സംസാരിയ്ക്കുമ്പോൾ ഈ സത്സ്വഭാവംകൊണ്ടൊക്കെ എന്താണൊരു കാര്യം ?"

അദ്ദേഹം ദൃഢസ്വരത്തിൽ മറുപടി പറഞ്ഞു:- "എല്ലാവരും എന്തെങ്കിലും പറയട്ടെ; ഈശ്വരന്നു് എല്ലാം അറിയുമല്ലൊ."

ഈ മറുപടിയാണു് കിട്ടുകയെന്നു് ഭാര്യയ്ക്കു് ആദ്യം തന്നെ അറിയാമായിരുന്നു. അവർ പറഞ്ഞു:- "ഞാൻ

വാടിയ്ക്കുകയല്ല; നിങ്ങളുടെ ഈ സത്യസന്ധത വേറൊരാളുടെ അടുത്തു് എന്തൊരു ഫലമാണുണ്ടാക്കുന്നതെന്നു് ഒന്നാലോചിച്ചുനോക്കുക. മാസംപ്രതി നല്ലൊരുശമ്പളം കയ്യിൽവരുന്നുണ്ടു്. അതങ്ങിനെതന്നെ ചെലവഴിയ്ക്കാതിരുന്നാൽ ഒരുവിധം കഴിഞ്ഞുകൂടാം. ഉണങ്ങിയ റൊട്ടിയും മററുമായിട്ടെങ്കിലും അപ്പോൾ പത്തും പതിനഞ്ചും ഉറുപ്പികവാങ്ങി മാസം കഴിച്ചുകൂട്ടുന്ന ആപ്പീസ്സിലെ സാധു ക്ലാൎക്കമാരുടേയും ശിപായിമാരുടേയും ഒക്കെ കഥയെന്തായിരിക്കും? അവൎക്കും കുട്ടികുഞ്ഞുങ്ങൾ എല്ലാം ഉണ്ടു്; അവൎക്കും കുടുംബപ്രാരബ്ധങ്ങളെല്ലാമുണ്ടു്. കല്യാണം, മരണം, ചാത്തം, പിറന്നാൾ തുടങ്ങിയുള്ളതൊക്കെ അവൎക്കുമുണ്ടു്. അതൊക്കെ അവരങ്ങിനെ കഴിച്ചുകൂട്ടുന്നു. മററുള്ളവരുടെ മനസ്സുകൊണ്ടാണതൊക്കെ അവൎക്കു സാധിക്കുന്നതു്. ഈ രാമനവമി ദിവസം ശിപായിയുടെ വീട്ടുകാരി ഇവിടെ വന്നിരുന്നു. കരഞ്ഞു കരഞ്ഞു് വസ്ത്രാഞ്ചലമെല്ലാം നനച്ചിരിയ്ക്കുന്നു. കുട്ടിയ്ക്കു പ്രായമായി, അവളെ ഇക്കൊല്ലം കല്യാണം കഴിച്ചുകൊടുക്കേണ്ടിവരും. ബ്രാഹ്മണരുടെ ജാതിയാണു്; ആയിരക്കണക്കിലാണു് ചെലവു്!

ഇതൊക്കെ വാസ്തവമായിരുന്നു; ശിവസിംഹന്നിതൊന്നും നിഷേധിപ്പാനും കഴിഞ്ഞില്ല; അദ്ദേഹംതന്നെ ഈ വിഷയത്തെപ്പററി സ്വയം വളരെ ചിന്തിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടാണദ്ദേഹം തൻെറ കീഴിലുള്ളവരോട് ദയാലുവായി പെരുമാറുന്നതു്. പക്ഷെ സരളസ്വഭാ

വവും നന്മയുമെല്ലാം ഉള്ളവൎക്കു് പണം ഉണ്ടാവാൻ പ്രയാസമാണ്. അദ്ദേഹം ഭാൎയ്യയോടുപറഞ്ഞു:- "പറഞ്ഞതെല്ലാം ശരിയാണ്; പക്ഷെ ഞാനെന്താണ് ചെയ്യുക? ഞാനിതിൽ നിസ്സഹായനാണ്. എനിക്കെന്റെ നിയമങ്ങളനുസരിച്ചേ നടക്കുവാൻ നിൎവ്വാഹമുള്ളു. കാൎയ്യം ഒക്കെ ശരിയാകണമെങ്കിൽ ഞാനവൎക്കൊക്കെ ശമ്പളം കയററിക്കൊടുക്കുകയാണ് വേണ്ടതു്; ഞാൻ കൊള്ളയിടുകയും അവരെ കൊള്ളയിടുവാൻ വിടുകയും ചെയ്യുക എങ്ങിനെയായാലും സാദ്ധ്യമല്ല."

ഭാൎയ്യ പരിഹാസസ്വരത്തിൽ പറഞ്ഞു:—"പക്ഷെ ഇതിന്റെയൊക്കെ ബുദ്ധിമുട്ടാൎക്കാണു്?"

ശിവസിംഹൻ തീക്ഷ്ണഭാവത്തിൽ മറുപടി പറഞ്ഞു: "അതിന്റെയൊക്കെ ബുദ്ധിമുട്ട് അവനവന്റെ അവസ്ഥയറിയാതെ ചെലവു ചെയ്യുന്നവൎത്തന്നെയാണ് വഹിയ്ക്കേണ്ടതു്. ഓഡർളിമാർ വക്കീൽമാരുടെ മക്കളുമായിട്ടു് വിവാഹാലോചന ചെയ്യുന്നതു ശരിയാണോ? ശിപായിയ്ക്കു ഹേഡ്അക്കൌണ്ടന്റിന്റെ നിലവേണമെങ്കിൽ അതു് ബുദ്ധിമുട്ടുതന്നെയാണ്. എന്റെ കുതിരക്കാരന്റെ ഭാൎയ്യ അവളുടെ കഴുത്തിൽ രത്നം ധരിയ്ക്കണമെന്നു വിചാരിയ്ക്കുമ്പോഴും അതറിവില്ലായ്മയായിരിയ്ക്കും. ഈ വിധത്തിലുള്ള അസത്യമായ വലിപ്പം കാണിയ്ക്കലിന്നുത്തരവാദി ഏതായാലും ഞാനായിരിയ്ക്കുകയില്ല."

# III

എഞ്ചിനീയർമാക്ക് കരാറുകാരുമായി ചില ബന്ധങ്ങളൊക്കെയുണ്ട്; അതു് വണ്ടുകൾക്കും പുഷ്പങ്ങൾക്കും തമ്മിലുള്ള ബന്ധങ്ങളാണു്. ആ കണക്കപ്രകാരമൊക്കെയുള്ള തേൻകുടിച്ചു പോവുകയാണെങ്കിൽ വണ്ടുകളെപ്പറ്റി യാതൊരാവലാതിയും ഉണ്ടാവുകയില്ല. ഈ തേനിനു് 'കമീഷൻ' എന്നാണു് സാധാരണ പറയാറുള്ളതു്. കയ്ക്കൂലിയും കമീഷനും തമ്മിൽ വലിയ അന്തരമാണുള്ളതു്. കയ്ക്കൂലി ഇഹപരലോകങ്ങളെ ഒന്നിച്ചു നശിപ്പിയ്ക്കുന്നു. അതിൽ ഭയപ്പെടാനുണ്ടു്, കള്ളത്തമുണ്ടു്, ദ്രോഹമുണ്ടു്; എന്നാൽ കമീഷനുണ്ടല്ലോ അതൊരൊന്നാന്തരം പുഷ്പവാടിയാണു്. ഇവിടെ മനുഷ്യനെ ഭയപ്പെടേണ്ട; ഈശ്വരനെ ഭയപ്പെടേണ്ട; മനഃസാക്ഷിയേയും പേടിയ്ക്കേണ്ടതില്ല. ദ്രോഹരുക്കൂടി ഭയപ്പെടേണ്ടതില്ല. ഹിംസയുണ്ടെങ്കിലും ധമ്മത്തിൻെറ ഒരംശം കലന്നിട്ടുള്ള പൂജാകമ്മമാണിതു്. ഇങ്ങിനെയുള്ള ഒരു നിലയിൽ സർദാർ ശിവസിംഹൻ തൻെറ ഉജ്ജ്വലചരിത്രത്തെ യാതൊരു കളങ്കവും കൂടാതെ രക്ഷിയ്ക്കുകയും അതിലഭിമാനിയ്ക്കുകയും ചെയ്യുന്നു; എങ്കിലും അദ്ദേഹം വളരെ വിനയമുള്ള ആളായിരുന്നു.

മാർച്ച് മാസം കഴിഞ്ഞു തുടങ്ങി; ചീഫ് എഞ്ചിനീയർ സാഹിബ് ജില്ലയിൽ സക്കീററ ചെയ്തുവരുന്നു. ഇതേവരെയായിട്ടും കെട്ടിടങ്ങളുടെ പണി അവസാനിച്ചിട്ടില്ല. റോഡുകൾ കേടുതീർത്തുകൊണ്ടു് വരുന്നതേയുള്ളു; കരാറുകാർ ചെയ്യേണ്ടതൊന്നും കഴിഞ്ഞിട്ടില്ല

എഞ്ചിനീയർ ദിവസം തോറും കരാറുകാരെ താക്കീതുചെയ്തിരുന്നു; പക്ഷെ അതുകൊണ്ട് ഫലമൊന്നും ഉണ്ടായില്ല.

ഒരു ദിവസം അദ്ദേഹം എല്ലാവരേയും വിളിച്ച് ഇങ്ങിനെ പറവാൻ തുടങ്ങി:—"ഞാനീ ജില്ലയിൽനിന്ന് ഉദ്യോഗം ഒഴിഞ്ഞുപോകണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങളുടെ പ്രവൃത്തി ഞാൻ തന്നെത്താൻ ചെയ്തുതീർത്താലോ എന്നാലോചിയ്ക്കായ്കയില്ല; പക്ഷെ അതു് നിങ്ങൾക്ക് നന്മയ്ക്കാവില്ലെന്നു വിചാരിച്ചു പിന്മാറുകയാണു്. അതിന്നെനിയ്ക്കു കിട്ടുന്ന ശിക്ഷയാണിതെന്നോർമ്മവേണം."

കരാറുകാരവിടെനിന്നു പോയശേഷം തമ്മിൽത്തമ്മിൽ പറവാൻതുടങ്ങി. മിസ്റ്റർ ഗോപാലദാസ് പറഞ്ഞു:- "ഇപ്പോൾ ചോററിൻെറ വില അറിയാറാവും."

ഷാഹജാൻഖാൻ പറഞ്ഞു:- "ഏതുപ്രകാരത്തിലെങ്കിലും ഈ ശവം പോയാൽമതി."

സേട്ട് ചുന്നീലാൽ അഭിപ്രായപ്പെട്ടു:- "എഞ്ചിനീയരെ എനിക്കു നല്ലവണ്ണം പരിചയമുണ്ട്; അദ്ദേഹവുമായി എനിയ്ക്കിടപെടേണ്ടിയും വന്നിട്ടുണ്ട്. മററുള്ളവരുടെ മേൽ ചളിവാരി എറിവാൻ ആൾ സമർത്ഥനാണു്".

ഈ സമയത്തു് ഹരിദാസ് ഉപദേശരൂപത്തിൽ പറഞ്ഞു:- 'സ്വാർത്ഥത്തിൻെറ കാര്യമൊന്നു വേറെയാണു്;

അതൊന്നും ആലോചിക്കാതെ അഭിപ്രായംപറയുകയാണെങ്കിൽ അങ്ങോർ ഒരു മനുഷ്യനല്ല; ദേവനാണു്. പ്രതിവഷം കമീഷൻവകയിൽ ഒരു പതിനായിരം ഉറുപ്പികചുരുങ്ങിയതു് വേണമെങ്കിൽ വാങ്ങാം. ഇത്രവലിയ ഒരു സംഖ്യ മാറോട്ടപോലെ തുച്ഛമായിക്കരുതുകയെന്നതു് എന്താ അത്ര എളുപ്പമായ ഒരു കാര്യമാണോ? ഒരു ചില്ലിക്കാശിന്നുവേണ്ടി വേണമെങ്കിൽ വിശ്വാസ്യത വിററുകളയുവാൻ ഒരുക്കമുള്ളവർ നമ്മുടെക്കൂട്ടത്തിലുണ്ടാകും. ഏതൊരു മാന്യനാണോ നമ്മളിൽനിന്നു ഒരു പൈപോലും കിട്ടേണമെന്നാഗ്രഹിയ്ക്കാത്തതു്, സർവ്വപ്രകാരത്തിലുമുള്ള കഷ്ടപ്പാടുകളും ഉണ്ടായിട്ടും ഏതൊരു സല്പുരുഷൻെറ ഹൃദയമാണോ ചഞ്ചലമായിത്തീരാത്തതു് അദ്ദേഹത്തെക്കുറിച്ചു് ഇങ്ങിനത്തെ വത്തമാനങ്ങളെല്ലാം പറവാൻ തോന്നുന്നതു് നിർഭാഗ്യമെന്നല്ലാതെ മററെന്തു പറയട്ടെ!"

ഷാഹജാൻഖാൻ അഭിപ്രായപ്പെട്ടു:- "ഈ മനുഷ്യൻ നന്മകൊണ്ടൊരു ദേവദൂതനാണെന്നതിന്നു സംശയമില്ല."

സേട്ടു് ചുന്നീലാൽ ഗാംഭീര്യത്തോടെ പറഞ്ഞു:- "ഖാൻ സാഹിബ്, നിങ്ങൾ പറയുന്നതെല്ലാം ശരിയാണു്; പക്ഷെ അതുകൊണ്ടൊന്നും കാര്യം നടക്കില്ലല്ലൊ. ഈ ലോകം കാപട്യത്തിൻേറതാണെന്നുള്ള വാസ്തവം മറന്നുകൂടാ."

മിസ്റ്റർ ഗോപാൽദാസ് ബി.ഏ., പാസ്സായിട്ടുണ്ടായിരുന്നു; അദ്ദേഹം സഗർവ്വം അഭിപ്രായപ്പെട്ടു:- "അയാളി

ങ്ങിനെയൊക്കെയുള്ള ഒരാളാണെങ്കിൽ ഈ ഗവമ്മെണ്ടി ൻെറ ഭൃത്യവേലയ്ക്കെന്തിനാണ് വന്നതു്; സത്യനിഷ്ഠ നല്ല താണെന്നൊക്കെ ആൎക്കാണ് അറിഞ്ഞുകൂടാത്തതു്? പ ക്ഷെ ഇതുകൊണ്ടൊക്കെ മററുള്ളവൎക്കുണ്ടാകുന്ന അനുഭവം എന്താണെന്നുകൂടി ആലോചിയ്ക്കേണ്ടതുണ്ട്. നമ്മെ കളി പ്പിയ്ക്കുക; അവർ നല്ലവണ്ണം തിന്നുക! അവർ അല്പവ തിന്നുക; നമുക്ക വല്ല ഉണങ്ങിയ റൊട്ടിയും ദാനംചെയ്തു കളിപ്പിയ്ക്കുക! അയാൾ ഒരുരുപ്പിക കമീഷൻ എടുക്കു ന്നുണ്ടെങ്കിൽ അഞ്ചിൻെറ ഉപയോഗം നടത്തിച്ചുതരും. നിങ്ങൾക്കിഷ്ടമുള്ളതു് പറഞ്ഞുകൊള്ളുക. എനിയ്ക്കാ ണെങ്കിൽ അതിനോട്ട് യോജിപ്പാൻ തീരെ നിവ്വാഹമില്ലെ ന്നു പറഞ്ഞുകൊള്ളട്ടെ."

ഷാഹജാൻഖാൻ പറഞ്ഞു:- "നന്മയും പരിശുദ്ധി യുമൊക്കെ നല്ലതുതന്നെ; എന്നാലീനന്മയെന്നതെന്താണ്? അന്യൻെറ പ്രാണൻ വലിച്ചെടുക്കലൊണോ?" വൃദ്ധനായ ഹരിദാസ്സിംഹൻെറ വാക്കിലേയ്ക്കു ചാഞ്ഞിരുന്നവരൊ ക്കെ ഇപ്പോൾ ഗോപാൽദാസിൻെറ അഭിപ്രായത്തിലേയ്ക്കു ചാഞ്ഞുകഴിഞ്ഞു.

## IV

സർദാർസാഹിബിന്ന് ഒരു പുത്രിയുണ്ടായിരുന്നു; മറാട്ടാവിലെ ഒരു വക്കീലിൻെറ പുത്രന്ന് അവളെ വിവാ ഹംചെയ്തുകൊടുപ്പാൻ നിശ്ചയിച്ചിരുന്നു. അയാൾ ഒരു നല്ല മാവിയുള്ളവൻ ആയിരുന്നു. ജനനം ഉയൎന്നകുലത്തി

ലാണ്. സർദാർ ഇപ്പോൾ ആ വിവാഹത്തിന്നുവേണ്ടിയുള്ള പരിശ്രമം ചെയ്തുവരികയാണ്. ഒരുക്കങ്ങൾ എല്ലാമായി; വരദക്ഷിണയുടെ കാര്യംമാത്രം ഒന്നും പറഞ്ഞിരുന്നില്ല; ഇന്നദ്ദേഹത്തിൻെറ ഒരു കത്തുകിട്ടീട്ടുണ്ട്; അതു് ഈ വിഷയത്തെ പരാമർശിച്ചുകൊണ്ടുള്ളതായിരുന്നു; പക്ഷെ എഞ്ചിനീയരുടെ ആശയ്ക്കും വിശ്വാസത്തിന്നും വാക്കുകൾക്കുമെല്ലാം വിരുദ്ധമായിട്ടാണ് കാര്യത്തിൻെറ സ്ഥിതി. ഒരു ഡിസ്ത്രിക്ട് എഞ്ചിനീയരുടെ പുത്രിയുടെ വിവാഹകാര്യമാണ്; ഇതിലെന്താണൊന്നു പറവാനുള്ളതു്? വലിയ ഔദാര്യമാണല്ലോ വക്കീൽ പ്രകടിപ്പിച്ചതു്? പക്ഷെ അന്വേഷണത്തിൽ എഞ്ചിനീയരുടെ ധനസ്ഥിതിയുടെ ഉള്ളുകള്ളി മനസ്സിലായപ്പോൾ അദ്ദേഹത്തിന്നു കാര്യം പറയണമെന്നു ദിക്കായി. ആശങ്കാകുലനായിട്ടാണ് എഞ്ചിനീയർ കത്തുതുറന്നതു്. അയ്യായിരം ഉറപ്പികയിൽകുറഞ്ഞ വരദക്ഷിണയിൽ വിവാഹം സാദ്ധ്യമല്ലെന്നു അതിലെഴുതിയിരുന്നു. ഇങ്ങിനെ അരുത്തുമുറിച്ചു കാര്യം പറയേണ്ടിവന്നതിൽ വക്കീലിന്നു ലജ്ജയുണ്ടെന്നദ്ദേഹം വ്യക്തമാക്കിയിരുന്നു; പക്ഷെ ചില പഴയകാരണവന്മാരുടെ അഭിപ്രായത്തിന്നു വഴിപ്പെടേണ്ടി വരികയാണുണ്ടായതു്. എഞ്ചിനീയർ ഒന്നു ദീർഘമായി നിശ്വസിച്ചു. അദ്ദേഹം വിചാരിച്ചാൽ ഇക്കാര്യത്തിന്നു നിർവ്വാഹമുണ്ടായിരുന്നില്ല. ആശയെല്ലാം മണ്ണടിഞ്ഞുകഴിഞ്ഞു. വിവശനായി അദ്ദേഹം തൻെറ മുറിയിൽ അങ്ങുമിങ്ങും ഉലാത്തുവാൻ തുടങ്ങി.

കുറച്ചുകഴിഞ്ഞശേഷം കത്തുമായി അദ്ദേഹം അകത്തേയ്ക്കുപോയി. ഭാര്യയുമായി ഇതിനെപ്പററി ആലോചിച്ചു തീർച്ചപ്പെടുത്താമെന്നാണ് വിചാരിച്ചതു്; പക്ഷെ പിന്നെ അഭിപ്രായം മാററി; അവിടെച്ചെന്നാൽ സഹാനുഭൂതിയോടുകൂടിയുള്ള വാക്ക് ഭാര്യ പറയുകയില്ല. തൻെറ ദുർബ്ബലതയും വിഡ്ഢിത്തവും കാണിപ്പാനെന്തിന്നവിടെ പ്പോകണം എന്നുവിചാരിച്ചദ്ദേഹം മടങ്ങിപ്പോന്നു.

പ്രകൃത്യാ സർദ്ദാർ സാഹേബ് ദയാലുവായിരുന്നു; ആ കോമള ഹൃദയം ആപത്തിൽ സ്ഥിരഭാവത്തിൽ നിന്നിരുന്നില്ല; ദുഃഖവും വൈവശ്യവും അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിറഞ്ഞു. ഞാനെന്തോ ദുഷ്കൎമ്മം ചെയ്തിട്ടുണ്ടായിരിയ്ക്കും; ഇല്ലെങ്കിൽ ഇങ്ങിനത്തെ അനുഭവങ്ങൾ എനിയ്ക്കുണ്ടാകുമായിരുന്നില്ലെന്നദ്ദേഹം വിചാരിച്ചു. "വളരെ പരിശ്രമിച്ചശേഷം കൈവന്നകാൎയ്യം ക്ഷണനേരംകൊണ്ടു് നഷ്ടമായിക്കഴിഞ്ഞു. ഇതെൻെറ കഴിവില്ലും കവിഞ്ഞ ഒന്നാണ്. ഇതിനെ താങ്ങിനില്പാൻ കഴിയുകയില്ല. നാലുപാടും അന്ധകാരമല്ലാതെ മറെറാന്നും കാണ്മാനില്ല. ആശയുടെ യാതൊരു പ്രകാശവുമില്ല." എനിയ്ക്കാരും സഹായവുമില്ല." അദ്ദേഹത്തിൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു.

സമീപത്തുള്ള മേശപ്പുറത്തുതന്നെ കരാറുകാരുടെ ബില്ലുകൾ കിടക്കുന്നുണ്ടായിരുന്നു; അവ കുറച്ചുകാലമായി അവിടെത്തന്നെ കിടക്കുകയാണ്. കവർ തുറന്നു് ശിവസിംഹജി അവ ശരിയായൊ എന്നു പരിശോധിയ്ക്കുകപോ

ലും ചെയ്യിട്ടില്ല. ഇന്നത്തെ ഈ മാനസികവ്യഥയിലും നൈരാശ്യത്തിലും അദ്ദേഹം അവയെ ആഗ്രഹത്തോടുകൂടി നോക്കി. "ഒരാംഗ്യം കാണിച്ചാൽ മതി; എല്ലാ ബുദ്ധിമുട്ടുകളും തീൻ. ശിപായിയും ക്ലാക്കും എല്ലാം ശരിപ്പെടുത്തിക്കൊള്ളും; എനിയ്ക്കതിനെപ്പററി ഒന്നും സംസാരിയ്ക്കേണ്ടതായിട്ടേവരികയില്ല. ലജ്ജിയ്ക്കേണ്ടതായും വരികയില്ല" എന്നദ്ദേഹം വിചാരിച്ചു. വേഗം കവറെടുത്തു തുറന്നു് ഗൌരവത്തിൽ കണക്കുകൂട്ടി നോക്കുകയായി. "ഇതിൽ എന്തു സംഖ്യയ്ക്കു വഴിയുണ്ടാകും?" എഞ്ചിനീയർ ആലോചിച്ചു.

ഉടനെ മനഃസാക്ഷി അദ്ദേഹത്തെ ഉണർത്തി:— "കഷ്ടം ഞാനെന്തൊരു പരിഭ്രമത്തിലാണു് ചെന്നുപെട്ടിരിയ്ക്കുന്നതു്! എൻെറ എല്ലാ ജീവിതശുദ്ധിയും, എൻെറ ജീവിതത്തിലെ എല്ലാ സമ്പാദ്യവും കുറച്ചു പണത്തിനു വേണ്ടികളഞ്ഞുകുളിയ്ക്കുകയോ! ഇന്നു ഞാനെൻെറ കൂട്ടുകാരുടെ ഇടയിൽ തല ഉയർത്തിപ്പിടിച്ചു നടക്കുന്നുണ്ടു്. മോട്ടോർ കാറുകാരായ എൻെറ പല സ്നേഹിതന്മാക്കും ഇന്നതു സാദ്ധ്യമല്ല. എൻെറ ആ സവ്വഗൌരവവും, എല്ലാ മാനവും, ആത്മീയസമ്പത്തും അഞ്ചോപത്തോ ആയിരം ഉറുപ്പികയ്ക്കുവേണ്ടി ബലിയപ്പിയ്ക്കുകയോ? അതൊരിയ്ക്കലും സാദ്ധ്യമല്ല."

കുറച്ചുനേരത്തേയ്ക്കെങ്കിലും തന്നിൽ പ്രാബല്യം നേടിയ ആ കുത്സിതമനോവൃത്തിയെ ജയിച്ചുകൊണ്ടദ്ദേഹം ആ

ശ്ശൂന്യമായ മുറിയിലങ്ങിനെ ഉലാത്തിക്കൊണ്ടിരുന്നു; അദ്ദേഹം ഉറക്കെ ഒന്നു ചിരിച്ചു. ആ ചിരി ആ ബില്ലുകളും ആ ചുമരുകളും കേട്ടിട്ടുണ്ടായിരിയ്ക്കാം; ഇല്ലെങ്കിലദ്ദേഹത്തിൻെറ ആത്മാവു് നിശ്ചയമായും കേട്ടിരിയ്ക്കും. ഇതു് മനഃസാക്ഷിയുടെ ഒരു കഠിന പരീക്ഷയായിരുന്നു. അതിൽ ജയിച്ചതുകൊണ്ടുള്ള ആനന്ദാനുഭൂതി ശിവസിംഹന്നുണ്ടായി.

സർദാർ സാഹിബ് ബില്ലുകളെടുത്തു് മേശയുടെ താഴെയിട്ടു. പിന്നീടു് കാലുകൊണ്ടവയെ ചവിട്ടിത്തേച്ചു; അതിന്നുശേഷം തനിയ്ക്കുണ്ടായ വിജയത്തെപ്പററി മന്ദഹസിച്ചുകൊണ്ടദ്ദേഹം അകത്തേയ്ക്കു് പോയി.

വലിയ എഞ്ചിനീയർ സാഹിബ് ഷാഹജാൻപൂരിൽ വന്നുകഴിഞ്ഞു; അതോടുകൂടി നമ്മുടെ എഞ്ചിനീയരുടെ നിർഭാഗ്യവും. ജില്ലയിലെ പലേ പ്രവൃത്തികളും അപൂർണ്ണമായിക്കിടക്കുകയാണു്; ബടുളർ പറഞ്ഞുകൊടുത്തു:— എങ്ങിനെയാണു് പണിതീരുക. കരാറുകാരെ വളരെ ബുദ്ധിമുട്ടിയ്ക്കുന്നതിൻെറ ഫലമാണിതു്. ഹെഡ്ക്ലാർക്കിന്നു് ആഫീസ്സംബന്ധമായ കണക്കിലെല്ലാം തെററു പററിയിരിയ്ക്കുന്നു; അയാൾക്കു് എന്തുചോദിച്ചാലും ഒന്നും ഓർമ്മയുമില്ല. വലിയ എഞ്ചിനീയർക്കു് യാതൊരു ഭക്ഷണമോ വാഹനമോകൂടി ഏർപ്പാടുചെയ്തുകൊടുത്തില്ല. എന്നാൽ തന്നെയെന്താണു്? അദ്ദേഹം സർദാർ സാഹേബിൻെറ ഒരു ബന്ധുവായിരുന്നതുകൊണ്ടു് തെററുകളൊന്നും പുറത്തുകാണിയ്ക്കുമായിരുന്നില്ല.

കരാറുകാർ വളരെ വിലപിടിച്ച ഒരു ഡോലി അലങ്കരിച്ചു് വലിയ എഞ്ചിനീയർസാഹിബിന്നു സമർപ്പിച്ചു് അവരുടെ ആദരവു കാണിച്ചു. അവരപേക്ഷിച്ചു:- "ഈ അടിമകളെ അവിടുന്നു വെടിവെച്ചു കൊന്നേയ്ക്കണം; എന്നാൽ സർദാർസാഹിബിൻെറ അന്യായങ്ങൾ സഹിപ്പാൻ സാധിയ്ക്കയില്ല. കമ്മീഷൻ അവരെടുക്കുന്നില്ല; പക്ഷേ വാസ്തവം പറയേണ്ടേ, അദ്ദേഹം ഞങ്ങളെ കൊന്നുകളകയാണു് ചെയ്യുന്നതു്."

ചീഫ് എഞ്ചിനീയർ ഇൻസ്പെക്ക്ഷൻറിപ്പോർട്ടിൽ എഴുതി:- "ശിവസിംഹൻ വളരെ വിശ്വസ്തനായ ആളാണു്; ഒരു നല്ല ചരിത്രമാണദ്ദേഹത്തിന്നുള്ളതു്; പക്ഷേ ഇത്രവലിയ ഒരു ജില്ലയിലെ കാര്യങ്ങൾ നടത്തുവാൻ അദ്ദേഹത്തെക്കൊണ്ടാവില്ല."

ഇതിൻെറയെല്ലാം പരിണാമമായി സർദാർ ശിവസിംഹനെ ഒരു ചെറിയ ജില്ലയിലേയ്ക്കു മാററി; അദ്ദേഹത്തിൻെറ പദവിയ്ക്കും ഹാനിവന്നിരുന്നു.

മിത്രങ്ങളുടെ വകയായി സർദാർസാഹിബിന്നു് ഒരു പാർട്ടിയും യാത്രയയപ്പും ഏർപ്പാടുചെയ്തിരുന്നു. അതിൽ വെച്ചദ്ദേഹത്തിൻെറ ധർമ്മനിഷ്ഠയെപ്പററിയും സ്വാതന്ത്ര്യസ്വഭാവത്തെപ്പററിയും പ്രശംസാപരങ്ങളായ പ്രസംഗങ്ങൾ ഉണ്ടായി. അദ്ധ്യക്ഷൻ നിറഞ്ഞ കണ്ണുകളോടുകൂടി വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു:- "സർദാർസാഹിബിൻെറ വിയോഗം നിമിത്തമുള്ള ദുഃഖം നമ്മുടെ ഹൃദയത്തി

ൽനിന്നു് ഒരിയ്ക്കലും മാഞ്ഞുപോവുകയില്ല. ഈ മുറിവു് അത്രവേഗം ഉണങ്ങുവാനുള്ളതല്ല."

എന്നാൽ 'ഫെയർവെൽ ഡിന്നർ'സമയത്തു് സ്വാദുള്ള നല്ല പദാൎത്ഥങ്ങളുടെ അടുത്തു് വിയോഗദുഃഖം അത്ര ദുഃസഹമല്ലെന്നു ബോദ്ധ്യപ്പെട്ടു.

യാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാമായി; എഞ്ചിനീയർ സാഹിബ് സഭയിൽനിന്നു വന്നപ്പോൾ അദ്ദേഹത്തിന്റെ മുഖം വാടിയിരുന്നു; അദ്ദേഹത്തിന്നു മനോദുഃഖമുണ്ടെന്നു ഭാൎയ്യയ്ക്കു മനസ്സിലായി; ചീഫ് എഞ്ചിനീയരുടെ ബട്ട്ളൎക്കു് ഇനാം കൊടുക്കേണമെന്നും ഹെഡ്ക്ലാൎക്കിന്നു് ഭക്ഷണത്തിന്നേൎപ്പാടുചെയ്യേണമെന്നുമൊക്കെ അവർ എപ്പോഴും പറയാറുണ്ടായിരുന്നു; എന്നാലദ്ദേഹം അവർ പറയുന്നതൊന്നും ശ്രദ്ധിച്ചിരുന്നില്ല. തന്നിമിത്തം ഇപ്പോൾ അദ്ദേഹത്തെ പദവിതാഴ്ത്തി സ്ഥലം മാററിയിരിയ്ക്കുന്നതു് അവർ അറിഞ്ഞു; അപ്പോൾ അവർ യാതൊരു ദയയുംകൂടാതെ ഭൎത്താവിന്റെ നേൎക്കു് പരിഹാസാസ്ത്രങ്ങൾ അയപ്പാൻതുടങ്ങി; എന്നാൽ ഈ സന്ദൎഭത്തിൽ അദ്ദേഹത്തെ മ്ലാനമുഖനായി കണ്ടപ്പോൾ അവൎക്കങ്ങിനെ പെരുമാറുവാൻ സാധിച്ചില്ല. അവർ ചോദിച്ചു:- "എന്താണിങ്ങിനെ മുഖംവാടിയിരിയ്ക്കുന്നതു്?"

"എന്താ ഞാനിപ്പോൾ ചിരിയ്ക്കുകയാണോ വേണ്ടതു്?" എഞ്ചിനീയർ മറുപടി ചോദിച്ചു.

ഭാര്യ ഗംഭീരഭാവത്തിൽ പറഞ്ഞു:- "ചിരിയ്ക്കുക തന്നെയാണ് വേണ്ടതു്. കരയേണ്ടതു് ചില്ലറക്കാശിന്നു വേണ്ടി തൻെറ ആത്മാവിനെ വിററുകളഞ്ഞവനാണ്."

"ഇതു് ഒരാളുടെ തെററിന്നു കിട്ടിയ ശിക്ഷയല്ല; നന്മയ്ക്കുകിട്ടിയ ശിക്ഷയാണ്. ഇതു് ഒരാളുടെ നന്മക്കും സ്വഭാവത്തിന്നും കിട്ടിയ ശിക്ഷയാണ്. ഇതിനെ ആനന്ദത്തോടുകൂടിത്തന്നെ സ്വീകരിയ്ക്കണം". ഇതുംപറഞ്ഞവർ സാഭിമാനം ഭർത്താവിൻെറ മുഖഭാവം നോക്കി. സർദാരും അവരുടെ ഭാവം സസ്നേഹം വീക്ഷിച്ചു. തൻെറ പ്രാണനാഥയുടെ മുഖം യഥാർത്ഥമായ ആനന്ദംകൊണ്ടു വികസിച്ചിരിയ്ക്കുന്നതായി അദ്ദേഹം കണ്ടു.

അപ്പോൾ അദ്ദേഹം പറഞ്ഞു:- "ഇപ്പോൾ ഇങ്ങിനത്തെ സഹാനുഭൂതിയുടെ അത്യാവശ്യമുണ്ടു്; അതുകൊണ്ടു് ഞാനീശിക്ഷ സാനന്ദം അനുഭവിച്ചുകൊള്ളാം.

---

## കർത്തവ്യം

[ശ്രീമതി കമലാദേവി ചൌധരിയുടെ ഒരു ഹിന്ദികഥയുടെ വിവർത്തനമാണിതു്. ഒരു ഭർത്തൃഭക്തയായ സ്ത്രീയുടെ സ്വഭാവരൂപം ഇതിൽ പ്രതിബിംബിച്ചുകാണാം.]

### I

ഉഷയുടെ ഭർത്താവവളെ വളരെയധികം സ്നേഹിച്ചിരുന്നു. ഗ്രാമത്തിലെ സ്ത്രീകൾ രാവും പകലും അതിനെ

പ്പററി സംസാരിച്ചുകൊണ്ടിരുന്നു. താൻ മററുള്ള സ്ത്രീകളേക്കാൾ ഭാഗ്യശാലിനിയാണെന്നു് ഉഷയ്ക്കും അഭിപ്രായമുണ്ടായിരുന്നു. തൻെറ ഭർത്താവിനെപ്പോലെ മറെറാരു സ്ത്രീയുടെ ഭർത്താവും ഒരു സ്ത്രീയെ ഇത്രയധികം സ്നേഹിയ്ക്കുകയോ ആദരിയ്ക്കുകയോ ചെയ്തിരുന്നില്ലെന്നു് അവളും വിശ്വസിച്ചിരുന്നു. "എൻെറ ഭർത്താവ് എന്നെസംബന്ധിച്ച യാതൊരു കാര്യത്തിലും ഉപേക്ഷ കാണിയ്ക്കുന്നില്ല. യഥാശക്തി എൻെറ ആവശ്യങ്ങളെല്ലാം അദ്ദേഹം നിറവേററുകതന്നെ ചെയ്യുന്നുണ്ടു്" എന്നവൾ വിചാരിച്ചു.

തൻെറ ഭാര്യ എപ്പോഴും അലംകൃതയായി കാണപ്പെടേണമെന്നു് അവളുടെ ഭർത്താവ് ആശിച്ചിരുന്നു; അതിനുവേണ്ടി അദ്ദേഹം പലേതരത്തിലുള്ള ശൃംഗാരവസ്തുക്കളും കൊണ്ടുവന്നുകൊടുക്കും, ഉഷയെ അലങ്കരിക്കും; തൻെറകൂടെ സിനിമയ്ക്കും മററും കൂട്ടിക്കൊണ്ടുപോകും.

ഉഷയുടെ സഖികൾ സാധാരണ പറയുക പതിവാണ്:- "എന്തൊരു മന്ത്രവാദമാണ് നീ അയാളുടെ പേരിൽ പ്രയോഗിച്ചിട്ടുള്ളതു്? അതു് എനിയ്ക്കുംകൂടി ഒന്നു് പറഞ്ഞു തരരുതെ?"

ഉഷയുടെ ഹൃദയം മധുരമായ അഭിമാനംകൊണ്ടു് നിറഞ്ഞിരുന്നു; ചിരിച്ചുകൊണ്ടവൾ പറഞ്ഞിരുന്നതിങ്ങിനെയാണ്:- "ഇതെന്താ എനിക്കൊരപരിചിതമായ കാര്യമാണോ? നിങ്ങളുടെ ഭർത്താവ് എന്തുകൊണ്ടു് നിങ്ങളെ സ്നേഹിക്കുന്നില്ല, ആവൊ? എന്നാലവൾ മനസ്സാ

ൽ ഇങ്ങിനെ വിചാരിച്ചിരുന്നു:- "സഖികളുടെ വാക്കിൽ സത്യമുണ്ടു്; എനിയ്ക്കു ലഭിയ്ക്കുമ്പോലെയുള്ള ഭത്തൃപ്രേമം എൻെറ യാതൊരു സഖിക്കും ലഭിക്കുന്നില്ല. എന്നെ പിരിയുവാൻ വയ്യാത്തതുകൊണ്ടു് ഭത്താവ് പിതൃഗൃഹത്തിലേയ്ക്കുകൂടി അയക്കുന്നില്ല. ഒരു ദിവസത്തെ വിയോഗംകൂടി അദ്ദേഹത്തിന്നസഹ്യമാണു്."

## II

ഹരിഹരക്ഷേത്രത്തിൽ "മേള"നടക്കുന്ന സമയമാണു്; ബീഹാർ സംസ്ഥാനത്തിലെ ഒരു പേരുകേട്ട ഉത്സവമാണതു്. തന്നിമിത്തം ആളുകൾ ദൂരദൂരദേശങ്ങളിൽനിന്നു് ഈ മേളയിൽവന്നു സമ്മേളിയ്ക്കാറുണ്ടു്.

ഇന്നു് മേളയുടെ മൂന്നാംദിവസമായി; നദിയുടെ വക്കത്തു് വലിയ ജനക്കൂട്ടമാണുള്ളതു്. നാലുഭാഗവും മേള തടിച്ചുകൂടീട്ടുണ്ടു്. വള്ളം മുതലായ ജലവാഹനങ്ങൾ നദിയിൽ ശതക്കണക്കിൽ സഞ്ചരിച്ചുകൊണ്ടിരിയ്ക്കയാണ്. എന്നിട്ടും കാത്തിരിയ്ക്കുന്ന ആളുകൾക്കു് വള്ളങ്ങളൊഴിഞ്ഞുകിട്ടിയില്ല. സമയം സന്ധ്യയായിരിയ്ക്കുന്നു; എങ്കിലും ആളുകൾ ബോട്ടിലേയ്ക്കു് തിക്കിത്തിരക്കി കതിച്ചുകൊണ്ടിരുന്നു.

ഉഷ തൻെറ ഭത്താവോടുകൂടി ഒരു വലിയ തോണിയിൽക്കയറി; തോണിക്കാർ സ്ഥലമില്ല, സ്ഥലമില്ല എന്നിങ്ങിനെ ആവത്തിച്ചുകൊണ്ടേ ഇരുന്നു; പക്ഷെ ആളുകൾ അതൊന്നും കേൾപ്പാനേ ഭാവമുണ്ടായിരുന്നില്ല. തോണിയിൽ നിറച്ചും പിന്നെയും കുറെ ആളുകളായി.

ആളുകളുടെ തിക്കും തിരക്കും കാരണം തോണിക്കാർ വിചാരിച്ചാൽ നിവൃത്തിയില്ലാതായി; അവരുടെ പ്രയത്നം നിഷ്ഫലമായി. തോണി നദിയുടെ നടുക്കുള്ള വലിയ ഒഴുക്കിലെത്തിയപ്പോൾ അതു കിടന്നു കറങ്ങുവാൻതുടങ്ങി; അതു ചുഴിയിൽപ്പെട്ടുകഴിഞ്ഞു! തോണിക്കാർ തോണി മറിയുവാൻ പോകുന്നെന്നു നിലവിളിച്ചു; അവരെല്ലാവരും എങ്ങിനെയെങ്കിലും പ്രാണൻ രക്ഷിപ്പാനുള്ള വഴികൾ നോക്കിത്തുടങ്ങി. ഓരോരുത്തരും തോണിയിൽനിന്നു കുതിച്ചുചാടി. നീന്താനറിയുന്നവരും നല്ലവണ്ണം അറിയാത്തവരും എല്ലാം.

തോണിയിൽ ഉഷയും അവളുടെ ഭർത്താവും മാത്രം അവശേഷിച്ചു. ഭർത്താവ് ഉടുവസ്ത്രം ശരിപ്പെടുത്തി വെള്ളത്തിലേയ്ക്കു ചാടാൻ തുടങ്ങുകയാണ്. ഭീതയായ ഉഷ മാൻപേടയെപ്പോലെ ഭർത്താവിന്റെ മുഖത്തേക്ക് നോക്കിക്കൊണ്ടിരിയ്ക്കുന്നു. അവളുടെ ഹൃദയം വളരെ വേഗത്തിൽ അടിച്ചുകൊണ്ടിരുന്നു. തിരകൾ മേല്ക്കുമേലെ പ്രചണ്ഡമായടിച്ച് തോണിയെ മുക്കുവാൻ തുടങ്ങുകയാണ്; കഠോരമായി കാററും വീശിക്കൊണ്ടിരിയ്ക്കുന്നു. ഉഷ പേടിച്ചു കണ്ണുകൾ അടച്ചു. പ്രളയം ആയിക്കഴിഞ്ഞുവെന്നും ഇതു് അന്ത്യനിമിഷങ്ങളായെന്നും അവൾക്കുതോന്നി. ഇതേവരെ അവൾ തന്റെ ഭർത്താവിന്നു് അപകടമൊന്നും പററാതിരിപ്പാൻ ഈശ്വരപ്രാർത്ഥന ചെയ്തുകൊണ്ടിരുന്നു. ഇപ്പോൾ അവൾ എല്ലാം മറന്നു. ഭർത്താവിന്റെ ഹൃദയ

ത്തിൽ കെട്ടിപ്പിടിച്ച് അന്ത്യസമയത്തുകൂടി വേർവിടാതെ എല്ലാം അവസാനിപ്പിയ്ക്കുവാൻ ആഗ്രഹിച്ചു.

ഉഷ കൈരണ്ടും നീട്ടി തൻെറ പ്രാണനാഥനെ പിടിക്കുവാൻ ശ്രമിച്ചു ; പക്ഷെ ഫലമുണ്ടായില്ല. അവളുടെ ഭർത്താവപ്പോൾ അവളെയല്ല ശ്രദ്ധിച്ചിരുന്നത്; അയാൾ തൻെറ പ്രാണൻ രക്ഷിപ്പാൻ നോക്കുകയായിരുന്നു.

ഉഷ കണ്ണുചിമ്മി തോണിയിൽവീണു ; അവൾ മരണത്തെ മാടിവിളിയ്ക്കുകയായി.

ദൂരെനിന്നു് ആയിരമായിരം ആളുകൾ ഈ രംഗം തന്നെ നോക്കിനില്ക്കുന്നുണ്ടായിരുന്നു; അവരെല്ലാവരും ഒരു പോലെ ആ മുങ്ങിപ്പോകുന്ന ജീവിയുടെ രക്ഷയ്ക്കായി ഒരേ സ്വരത്തിൽ പ്രാത്ഥിച്ചുകൊണ്ടിരുന്നു.

## III

ഇത്രയധികം പ്രാണികളുടെ ഒന്നിച്ചുള്ള പ്രാത്ഥനയെ അവഗണിക്കുവാൻ ഈശ്വരന്നുപോലും സാധിക്കുകയില്ല. ആളുകളെല്ലാം ചാടിപ്പോയികഴിഞ്ഞപ്പോൾ ഘനംകുറഞ്ഞതുകൊണ്ടു് തോണി മുങ്ങുകയുണ്ടായില്ല. അതു മെല്ലെ മെല്ലെ കരയ്ക്കടുത്തു. ഹൃദയാലുക്കളും സാഹസികളുമായ ചില ആളുകൾ ഉഷയെ സംരക്ഷിക്കുവനായി ഇതിന്നു മുമ്പുതന്നെ നദിയിൽ ചാടിയിരുന്നു ; അവർ ഭയംകൊണ്ടു വിവശയായിരുന്ന അവളെ കരയ്ക്കണച്ചു !

എത്രയോ ഹൃദയങ്ങളുടെ സഹാനുഭൂതി ഉഷയുടെ നേരെ പ്രവഹിച്ചു. ജനങ്ങളെല്ലാവരുംകൂടി അവരുടെ അനുകമ്പയും സഹാനുഭൂതിയും കാണിപ്പാനായി ചുററും തടിച്ചുകൂടി. അവരെല്ലാവരും ഈശ്വരനെസ്തുതിച്ചു; ചിലർ അവളുടെ ഭർത്താവിൻെറ നേരെനോക്കി പുഞ്ചിരിയിടുവാനുംതുടങ്ങി. രണ്ടുനാലാളുകൾ അയാളോടു ചോദിയ്ക്കുകതന്നെചെയ്തു:—"നിങ്ങൾ ഒരൊന്നാന്തരം നീന്തൽക്കാരനാണെന്നു തെളിയിച്ചിരിക്കുന്നുവല്ലൊ; കൂടെതന്നെ ഭാര്യയെക്കൂടി രക്ഷിപ്പാൻനോക്കേണ്ടതു് താങ്കളുടെ കത്തവ്യമായിരുന്നു."

സാധുവായ ഉഷ തൻെറ ഭർത്താവിൻെറ മുഖം സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു, ഇത്രവലിയ ജനക്കൂട്ടത്തിൽവെച്ചവളെന്തുപറയും? വിജനത്തിലാണെങ്കിൽ അവൾ അയാളെ നല്ലവണ്ണം ശകാരിക്കുമായിരുന്നു.

താൻ തൻെറ ദൃഷ്ടിയിൽത്തന്നെ അധഃപതിച്ചുപോയിരിക്കുന്നുവെന്നവൾക്കുതോന്നി. ഇന്നവൾക്കൊരുവിലയുമില്ലാതായി. വെറുതെയാണവളെ ഈശ്വരൻ രക്ഷിച്ചതു്; മരിച്ചുവെങ്കിൽ എത്രനന്നായിരുന്നു. മുഖമുയത്തി ലജ്ജായുക്തമായ ദൃഷ്ടികൾകൊണ്ടു് നോക്കുന്നതിന്നു പ്രയത്നിച്ചു; അവിടെ പരിചയമുള്ളവരാരുമുണ്ടായിരുന്നില്ല. ഒന്നും രണ്ടുമല്ല, എത്രയോ ജനങ്ങളവിടെനിന്നിരുന്നു. അവൾ തലപൊന്തിച്ചുനോക്കുന്നതിന്നു ധൈയ്യപ്പെട്ടില്ല.

അനവധി ചിത്രങ്ങൾ അവളുടെ മനോദൃഷ്ടിയുടെ മുമ്പിൽക്കൂടെ കടന്നുപോയി; തനിക്കു ലഭിച്ചിരുന്ന സ്നേഹ

ത്തെക്കുറിച്ചസൂയപ്പെട്ടിരുന്നവർ ഇപ്പോറം സന്തോഷി യ്ക്കും. സഖികളിനി വേറെ പ്രകാരത്തിലാണു് ഇതിനെ പററി സംസാരിയ്ക്കുക. ഇയാറം ഉഷയുടെ ആ ഭത്താവു തന്നെയാണൊ ! പ്രേമംനിമിത്തം അയാളുഷയെ പിതൃ ഗൃഹത്തിലേയ്ക്കുകൂടി അയച്ചിരുന്നില്ലല്ലൊ. ഉഷേ, നീയി ല്ലാതെ ഞാനെങ്ങിനെയാണു് ഇവിടെ കഴിച്ചുകൂട്ടുകയെന്ന ല്ലേ അദ്ദേഹം പറഞ്ഞിരുന്നതു് ?

അദ്ദേഹത്തിൻെറ ഈ പ്രേമം എങ്ങിനത്തേതായി രുന്നു? ഉഷ മരിച്ചുപോയിരുന്നുവെങ്കിൽ അദ്ദേഹത്തിന്നെ ത്രകണ്ടു് വ്യസനം ഉണ്ടാകുമായിരുന്നു ? പിന്നെ അദ്ദേഹം തനിയേ ദിവസങ്ങറം കഴിക്കുമായിരുന്നുവോ ? ഒന്നുരണ്ടു ദിവസം അസഹനീയമായിത്തോന്നും ; പിന്നെ അതിന്നും ഉപായമുണ്ടാവില്ലേ ? കുറേ ദിവസങ്ങറം കഴിഞ്ഞാൽ സ്വാഭാവികമായി പുനർവ്വിവാഹം നടക്കും. ഇതൊക്കെ ഞാൻ വിചാരിക്കുന്നതു വിഡ്ഢിത്തമാണു്; അദ്ദേഹം എന്നെ നല്ലവണ്ണം സ്നേഹിയ്ക്കുന്നുണ്ടു്. എന്നാലിതെ ന്താണു് ? ഞാനെന്തിന്നു് ഇങ്ങിനെ ഓരോന്നു വെറുതെ വിചാരിച്ചുകൊണ്ടിരിയ്ക്കുന്നു ? ഭഗവാൻ അദ്ദേഹത്തിൽ ദയചെയ്തു ; ആ അപകടത്തിൽനിന്നദ്ദേഹത്തെ അവി ടുന്നു രക്ഷിച്ചുവല്ലൊ, അതിന്നുഞാൻ ഈശ്വരനോട്ടു് കോടികോടിനമസ്കാരം പറയണം. ഭത്താവോടുകൂടി ഗംഗ യിൽപോയി പുണ്യകമ്മങ്ങറം ചെയ്വാൻ ഞാനാഗ്രഹി യ്ക്കുന്നു. ഈശ്വരൻ തല്ക്കാലം വന്നുപെട്ട ആപത്തു തീത്തുതന്നുവല്ലൊ ?

വെറുതെ ഒരാളുടെ പേരിൽ ദോഷാരോപണം ചെയ്യുന്നതു ശരിയല്ല. സ്വാത്ഥത്തിന്റെ ഛായയില്ലാത്ത പ്രേമം ഈ ലോകത്തിലെവിടെയെങ്കിലുമുണ്ടോ? പക്ഷെ കത്തവ്യം? മനുഷ്യസമുദായംതന്നെ കത്തവ്യത്തിന്റെ ശൃംഖലകൊണ്ട് കെട്ടപ്പെട്ടതല്ലേ? പക്ഷെ അവനവന്റെ പ്രാണനെ രക്ഷിയ്ക്കുന്നതും ഒരു കത്തവ്യമല്ലേ?

ഭായ്യ, ഭത്താവ്, പുത്രൻ, പിതാവ് എന്നൊക്കെ പറയുന്നതു് വെറും ഭ്രാന്തിയല്ലേ? കഴിവുണ്ടായിട്ടുകൂടി തന്റെ പ്രാണൻ രക്ഷിപ്പാൻ ശ്രമിയ്ക്കാത്തതു് ആത്മഹത്യചെയ്യുംപോലുള്ള പാപമല്ലേ? പുരാണകാലങ്ങളിൽ ഭാരതീയസ്ത്രീകൾ ഭത്താവോടുകൂടി സതീവ്രതം അനുഷ്ഠിക്കുന്നതു് അവരുടെ കത്തവ്യമാണെന്നു വിചാരിച്ചിരുന്നു. അതവരുടെ ആദർശമായിരുന്നു. ആ ആത്മഹത്യയും പാപമാണോ? ഈ വിധമുള്ള വിചാരങ്ങളിൽ മുഴുകി അവൾ പരിഭ്രമിച്ചു. ഈ ഗഹനവിഷയങ്ങളിൽ അവൾക്കു തീരുമാനം കാണ്മാൻ കഴിഞ്ഞില്ല. അതു ഗീതാകാരന്നേ അറിഞ്ഞുകൂടു.

സ്ത്രീയ്ക്കു് ഇതിലും മീതെ എന്തൊരു ഭാഗ്യമാണുണ്ടാകാനുള്ളതു്? ഭഗവാൻ എന്റെ ഭത്താവിന്നുവന്നുപെട്ട ആപത്തു തീത്തുതന്നു. ഒരു സ്ത്രീയ്ക്കു് ഇതുകൊണ്ടുതന്നെ വേണ്ടേടത്തോളം സന്തുഷ്ടയാകാം.

അവൾ തന്റെ ഹൃദയത്തെ സ്ഥിരമാക്കി. നേത്രങ്ങളിൽ പ്രസന്നത കളിയാടി; തന്റെ ഭത്താവിന്റെ

ലജ്ജ ദൂരീകരിപ്പാനായി അവഠം പറഞ്ഞു:—"പോവുക; നമുക്ക വീട്ടിലേയ്ക്കു പോകാം. ജഗദീശ്വരൻ ദയചെയ്തിട്ടു് നമ്മുടെ പ്രാണനെ രക്ഷിച്ചു. നിങ്ങഠം എന്താണു് ആലോചിച്ചുകൊണ്ടിരിയ്ക്കുന്നതു്?"

അയാളുടെ ഹൃദയത്തിന്നു് വേണ്ടേടത്തോളം സമാധാനം ലഭിച്ചില്ല; എന്തോ ഒരു മുള്ളു് ഹൃദയത്തിൽ തറച്ചിട്ടുള്ളതുപോലെയാണയാഠംക്ക തോന്നിയിരുന്നതു്.

## IV

മൃത്യുശയ്യയിൽക്കിടക്കുന്ന തൻെറ ഭർത്താവിൻെറ തലയ്ക്കലിരുന്നു് ഉഷ ചൂടുള്ള കണ്ണുനീരൊഴുക്കിക്കൊണ്ടിരിയ്ക്കുകയാണു്. ആറുമാസം മുമ്പവളുടെ ഭർത്താവിന്നു് പനി തുടങ്ങി; പിന്നെ ദിനംപ്രതി അദ്ദേഹത്തിൻെറ സ്ഥിതി അധികമധികം ചീത്തയായിവരികയാണു്. ഒരു ദിവസമെങ്കിലും പനി വിട്ടുനില്ക്കുന്നില്ല. ഡോക്ടർ പറയുന്നതു് സുഖക്കേടു് ടി. ബി. ആണെന്നാണു്. ടി. ബി. അത്രവലിയ ഒരു സുഖക്കേടാണോ? അതിൽനിന്നു് വിടുതി ലഭിയ്ക്കുന്നതിന്നു് ഉപായമൊന്നുമില്ലേ? ഈശ്വരൻ എന്തു ചെയ്വാനാണു് പോകുന്നതു്?

ഇവിടുന്നങ്ങോട്ടു ചിന്തിപ്പാൻ അവഠംക്ക കഴിവുണ്ടായിരുന്നില്ല. അവളുടെ കണ്ണും കരളും ഒരുപോലെ കവിഞ്ഞൊഴുകി. അപ്പോഠം അവളെ സാന്ത്വനം ചെയ്യുന്നതിന്നു് ഏകകാരണമായ കുട്ടി അടുത്തൊരു കട്ടിലിൽ കിട

ന്നുറങ്ങിയിരുന്നു; അവൻ അവിടെനിന്നുണൎന്നു 'അമ്മേ' എന്നു വിളിച്ചുകരഞ്ഞു.

അവൾ കുറച്ചിടകണ്ണടച്ചു് ഈശ്വരധ്യാനം ചെയ്തു; എന്നിട്ടു് കരഞ്ഞുകൊണ്ടു് പ്രാൎത്ഥിച്ചു:- "ഈശ്വര, എന്നെ ഈ ലോകത്തിൽ കരഞ്ഞുകൊണ്ടിരിപ്പാൻ തനിയെ വിടരുതേ!"

കുട്ടിയെ മടിയിലിരുത്തി അവൾ ആലോചിച്ചു:— 'ഞങ്ങളുടെ രണ്ടാളുടേയുംശേഷം ഇവന്നെന്താണു് സംഭവിയ്ക്കുക?' പിന്നെ ഈ പ്രപഞ്ചത്തിൽ ഒന്നും അറിഞ്ഞുകൂടാത്ത ഈ കുട്ടിയ്ക്കു് ആരാണൊരു സഹായമുള്ളതു്? ഭൎത്താവിന്നുശേഷവും ഇവനെ രക്ഷിപ്പാൻ വേണ്ടി ജീവിച്ചിരിയ്ക്കുന്നതു് എന്റെ ധൎമ്മമാണോ? ഈ വിചാരം അവളുടെ ഹൃദയത്തിൽ ഒരു കൊടുങ്കാററുണ്ടാക്കി. കണ്ഠം ഇടറി; കണ്ണുകൾ നിറഞ്ഞൊഴുകുവാൻ തുടങ്ങി.

അവളുടെ ശരീരമാകെക്കിടന്നു വിറയ്ക്കുവാൻ തുടങ്ങി; ഇതെന്താണു്? അല്ല, ഇതു വീടു മുഴുവൻ ഇട്ടു് ഇളകുന്നുവല്ലൊ! അതാ ഭൎത്താവിന്റെ കിടയ്ക്കയും കിടന്നിളകുന്നു; അവൾ കുട്ടിയെ എടുത്തു ഭർത്തൃസമീപത്തേയ്ക്കു് ഓടിച്ചെന്നു. അപ്പോഴയ്ക്കു് നാലുപുറത്തുനിന്നും കോലാഹലങ്ങൾ കേട്ടുതുടങ്ങി:-"ഭൂകമ്പം!" "ഭൂകമ്പം!"

രോഗിയായ ഉഷയുടെ ഭൎത്താവു പതുക്കെപ്പറഞ്ഞു:- "ഉഷേ, എനിക്കെഴുനീല്പാൻ വയ്യ; എന്നെപ്പററി ചിന്തി

ച്ചിട്ടാവശ്യമില്ല; കുട്ടിയേയുമെടുത്തു് വേഗം പുറത്തേയ്ക്കു് ഓടിപ്പോയ്ക്കോളൂ."

കാററു ശക്തിയായടിയ്ക്കുന്നതും മണ്ണും പൊടിയും അകത്തുവന്നു നിറയുന്നതും ഉഷകണ്ടു. ഭയങ്കരമായ 'കട' 'കട' ശബ്ദത്തോടുകൂടി വീടിളകി വീഴുവാൻ തുടങ്ങി. ഭർത്താവിനെ രക്ഷിപ്പാൻ അവഠം യാതൊരു ഉപായവും കണ്ടില്ല; അവഠം വീട്ടിൽ തന്നിയേ; പോരെങ്കിൽ മടിയിലൊരു കുട്ടിയും!

അപ്പോഴയ്ക്കു് വീട്ടിലെ ഒരു ചുമരുവീണു. ഉഷയുടെ ഭർത്താവു നിലവിളിച്ചു പറഞ്ഞു:—"ഉഷേ, ഞാൻ പോകുന്നു; ഓടിക്കൊള്ളൂ."

കുട്ടിയെ മാറിലെടുത്തുകൊണ്ടു് ഉഷ ഓടി. പേടിച്ചു നിലവിളിയ്ക്കുന്ന അതിനെ ഒരിടത്തിട്ടു് ഉഷ തൻെറ ഭർത്താവിനെ രക്ഷിപ്പാൻ അകത്തേയ്ക്കു പാഞ്ഞു; പക്ഷെ എല്ലാം വ്യത്ഥം!

കടകട ശബ്ദത്തോടുകൂടി വീടു് ഇടിഞ്ഞമന്നു; ഉഷ ഭത്താവിൻെറ മാറിടത്തിൽ വീണു.

സാധുവായ ഉഷയ്ക്കു് തൻെറ കുട്ടിയെ രക്ഷിപ്പാനായി ഭഗവാനോടു് പ്രാത്ഥന ചെയ്യാൻപോലും സമയം ലഭിച്ചില്ല. ക്ഷുധിതയായ ഭൂമിയുടെ വയററിലേയ്ക്കു് ആ ഭാര്യയും ഭത്താവും ഒരുമിച്ചു് ആണ്ടുപോയി!

# ഭിക്ഷക്കാരൻ

[ഈ കഥ സുശീലകുമാരചൌബെ, എം. എ. ഹിന്ദിയിലെഴുതി 'ഹംസ' എന്ന ഹിന്ദി മാസികയിൽ പ്രസിദ്ധംചെയ്തിരുന്നതാണു്. ആഗ്രയിലെ സെൻറ് ജാൻസ്' കോളേജിലെ ഒരു പ്രൊഫസറാണദ്ദേഹം; അദ്ദേഹത്തിൻെറ പല കൃതികളും പ്രസിദ്ധങ്ങളാണു്. ചിലപ്പോൾ അദ്ദേഹം നിരൂപണങ്ങളും എഴുതാറുണ്ടു്.]

രാവിലെ എട്ടു മണിയായിരിയ്ക്കുന്നു. ആളുകൾ അവരവരുടെ ദൈനന്ദിനകൃത്യങ്ങളിൽ ഏർപ്പെട്ടുതുടങ്ങി. മിഠായികച്ചവടക്കാരൻ തൻെറ മനോഹരവും വാസനയുള്ളതുമായ മിഠായിവർഗ്ഗത്തെ വേർതിരിച്ചു് ഭംഗിയായി അടുക്കിവെയ്ക്കുവാൻ തുടങ്ങുകയാണു്; അതുകണ്ടു് ചിലരുടെ നാവിൽ വെള്ളം ഉറന്നുവരുന്നു. ചിലേടത്തു് വസ്ത്രക്കടകൾ തുറക്കുന്നു. അവയിൽ പലപ്രകാരത്തിലും ഭംഗിയിലുമുള്ള ശീലത്തരങ്ങൾ ക്രമമായി ഒതുക്കി വെച്ചിരിയ്ക്കുന്നു. പലചരക്കുകടകളും തുറന്നുകഴിഞ്ഞു. ആളുകൾ ഓരോരുത്തരായി വന്നുതുടങ്ങി. പട്ടണത്തിൽ അന്നത്തെ ജീവിതം ആരംഭിച്ചുകഴിഞ്ഞുവെന്നു പറയാം. എല്ലാവരും ഉത്സാഹത്തോടുകൂടി അവരവരുടെ പ്രവൃത്തികളിൽ ഏർപ്പെട്ടുകഴിഞ്ഞിരിയ്ക്കുന്നു.

"അനന്തു" ആ പട്ടണത്തിലെ ഒരു ഭിക്ഷക്കാരനാണു്. പ്രഭാതം മുതൽ പ്രദോഷംവരെ അവൻ വീടുതോ

രം ഭിക്ഷയ്ക്കായി നടന്നുകൊണ്ടിരുന്നു. പട്ടണത്തിന്റെ ഒരു മൂലയിലുള്ള ആ ഇടിഞ്ഞുപൊളിഞ്ഞ വീട്ടിലാണു് അവന്റെ താമസം. രാവിലെ അവൻ തന്റെ വസതിയിന്നുനിന്നു് പുറപ്പെട്ടാൽ ഭിക്ഷകഴിഞ്ഞ് രാത്രിയേ തിരിച്ചെത്തുന്ന പതിവുള്ളു. അവൻ ഭിക്ഷയ്ക്കു പോകാത്ത ദിവസമില്ല. ഇന്നൊരു ദിക്കിലേയ്ക്കുപോയാൽ നാളെ വേറൊരു ദിക്കിലേയ്ക്കു്; ഇത്രയേ വ്യത്യാസമുള്ളു.

ഇന്നവൻ അങ്ങാടിതെരുവിലേയ്ക്കുള്ള റോഡിൽ എത്തിച്ചേർന്നു. തടിച്ചു കുടവയറനായ ഒരു മനുഷ്യൻ മിഠായിക്കടയിൽ വില്ക്കുവാനിരിയ്ക്കുന്നുണ്ടായിരുന്നു. ഒരു ബണിയനും ദോത്തിയും വൃത്തികെട്ട തൊപ്പിയും ധരിച്ചിട്ടുള്ള ആ മനുഷ്യൻ ബീഡിവലിച്ചുംകൊണ്ടു് ഭൃത്യനോടിങ്ങിനെ പറഞ്ഞു :— ആ മിഠായിപ്പെട്ടി ഇങ്ങോട്ടു കൊണ്ടുവാ; എന്തു്? അതിലെ മിഠായി മുഴുവനും വിററുതീർന്നുവോ? ആ മധുവില്ലേ, അതു് ബാബുജിയുടെ ഭൃത്യൻവശം അദ്ദേഹത്തിന്നയച്ചുകൊടുക്കണം, കേട്ടോ, മറക്കരുതു്."

വാലിയക്കാരൻ എല്ലാററിന്നും മൂളിക്കൊണ്ടിരുന്നു; അതു കേട്ടാൽ അവന്നു മൂളുവാനേ വശമുള്ളുവെന്നു തോന്നും.

അനന്തു ദൂരത്തുനിന്നുതന്നെ കണ്ണാടിചില്ലുകളിൽക്കൂടെ പലതരത്തിലുള്ള മിഠായി തിളങ്ങിക്കൊണ്ടിരിയ്ക്കുന്നതു് കണ്ടു; അവന്റെ കണ്ണുകൾ അത്യാഗ്രഹത്തോടുകൂടി അവയുടെ നേരെനോക്കി; അവൻ മിഠായിഷാപ്പി

ൻെറ അടുത്തേയ്ക്കുചെന്നു; പക്ഷെ ആ കച്ചവടക്കാര ൻെറ അനുഭാവശൂന്യമെന്നു വിളിച്ചുപറയുന്ന ആ രൂപം കണ്ടപ്പോൾ അവൻെറ കാലുകൾ മടികാണിച്ചുതുടങ്ങി. അവൻ വേറെവഴിയ്ക്കു പോയാലോ എന്നാലോചിച്ചു. ഗ്രാ മത്തിലെ ബലവാനായ നായയെ കാണുമ്പോൾ ദുർബ്ബല നായ നായയ്ക്കുണ്ടാകുന്ന വികാരങ്ങളാണവന്നപ്പോൾ ഉ ണ്ടായതു്. എന്നാൽ നായ ഓടിപ്പോകുമ്പോലെ വേറൊരു വഴിയ്ക്കു് ഓടിപ്പോകുവാൻ അനന്തുവിന്നു കഴിഞ്ഞില്ല. മി ഠായി അവനെ അത്രമേൽ ആകർഷിച്ചിരുന്നു. "പോയിച്ചോ ദിയ്ക്കു്" എന്നവൻെറ വിശപ്പ് അവനെ പ്രേരിപ്പിച്ചു. ഒടു വിൽ അനന്തു ചോദിപ്പാൻതന്നെ തീർച്ചയാക്കി:- "എജമാ മാൻനേ, ദൈവത്തെ വിചാരിച്ചു വല്ലതും തരണേ!" മിഠാ യിക്കാരൻ അതു കേട്ടതേഇല്ലെന്നുതോന്നുംവണ്ണം ബീഡിയും വലിച്ചു് പുകയുംവിട്ടുകൊണ്ടിരുന്നു. ഭിക്ഷക്കാരൻെറ അ പേക്ഷ വീണ്ടും ആവർത്തിച്ചു; പക്ഷെ കച്ചവടക്കാരൻെറ നാസാദ്വാരങ്ങളിൽക്കൂടെ നല്ലവണ്ണത്തിൽ പുകപുറപ്പെട്ടു കൊണ്ടിരുന്നു. അയാൾക്കിടയ്ക്കിടെ കുരയുടെ ഉപദ്രവവും ഉണ്ടായിരുന്നു. സംസാരിപ്പാൻ അയാൾ വളരെ വിഷമി ച്ചിരുന്നു. "നേരംപുലന്നിട്ടില്ല. അപ്പോഴയ്ക്ക് ഇരക്കുവാ നെത്തി. കൈനട്ടംതന്നെ കിട്ടിക്കഴിഞ്ഞിട്ടില്ല. അവിടുന്നു പോ; ഇവിടേ നില്ക്കേണ്ട."

അനന്തു കച്ചവടക്കാരൻെറ ശബ്ദംതന്നെ കേൾക്കു ന്നുണ്ടായിരുന്നില്ല; അയാളുടെ മനസ്സുമുഴുവൻ മിഠായി വെച്ച അൽമാറയിലായിരുന്നു. കയ്യിൽ പൈസ്സയുണ്ടാ

യിരുന്നുവെങ്കിൽ ആ മിഠായി മുഴുവനും അയാൾ വാങ്ങിത്തിന്നുമായിരുന്നു. വീണ്ടും അവൻ യാചിപ്പാൻ തുടങ്ങി:- "ഈ പാവത്തിന്നു കുറച്ചുവല്ലതും തരണെ! ഈശ്വരനെ വിചാരിച്ചു്; വല്ലതും കുറച്ചുമതി!"

കച്ചവടക്കാരൻ കഠിനസ്വരത്തിൽ പറഞ്ഞു:— "എട, വെറുതെ ഇവിടെ നില്ക്കേണ്ട, ഒരു സാധനവും ഇവിടേന്നിന്നു കിട്ടില്ല; ഇതു സത്യമല്ല; അതു മനസ്സിലാക്കിക്കൊ."

അനന്തു മിഠായി നോക്കിക്കൊണ്ടു മുമ്പോട്ടു നടന്നു; അടുത്തുതന്നെ മറെറാരു മിഠായി ഷാപ്പുണ്ടായിരുന്നു; അതിൽ മിഠായി കൂടാതെ വേറേയും പലേതരം പലഹാരങ്ങൾ ഉണ്ടു്. ഉടമസ്ഥനിരുന്നു് എല്ലാം മേലന്വേഷണം ചെയ്യുന്നുണ്ടു്. ഒരു കുട്ടി ആവശ്യക്കാരുടെ ഇഷ്ടംപോലെയുള്ള പലഹാരങ്ങളെടുത്തുകൊടുക്കുന്നു. ഒരാൾ ഇരുന്നു പലഹാരം ഉണ്ടാക്കുകയാണു്. വേവുന്ന പലഹാരങ്ങളിൽനിന്നു് നെയ്യിൻെറ ആകർഷകമായ സുഗന്ധം പുറപ്പെട്ടുകാണ്ടിരുന്നു. അനന്തുവിന്നു വിശപ്പു വർദ്ധിച്ചു. കുറച്ചുകാലം മുമ്പൊരിയ്ക്കൽ അവന്നിവിടെനിന്നൊരപ്പം കിട്ടുകയുണ്ടായിട്ടുണ്ടു്; പിന്നെ ഇതേവരെ കിട്ടീട്ടില്ല! അവൻ മുമ്പോട്ടുചെന്നു പറഞ്ഞു:—"ദൈവത്തെ വിചാരിച്ചു വല്ലതും തരണേ! ഇന്നൊന്നും കിട്ടീട്ടില്ല. വിശന്നിട്ടു ചാവാറായി."

അനന്തുവിൻെറ വാക്കുകേട്ടപ്പോൾ പലഹാരം ഉണ്ടാക്കിക്കൊണ്ടിരിയ്ക്കുന്ന ആൾ തിരസ്കാരഭാവത്തിൽ

പ്പറഞ്ഞു:—"ഇങ്ങോട്ടടുത്തുവാ, നിനക്കു തരാം; അടുത്തേയ്ക്കുവരുവാനല്ലെ പറഞ്ഞതു്? എന്താണു് നീ അവിടെത്തന്നെ നില്ക്കുന്നതു്?"

അനന്തു നിരാശനായി പിന്മടങ്ങി. നേരം രണ്ടുമണി കഴിഞ്ഞിരിയ്ക്കുന്നു. ഒരു കാലണപോലും അവനിന്നു കിട്ടീട്ടില്ല. അടക്കിയാലടങ്ങാത്ത വിശപ്പവനെ കാൻതിന്നു കൊണ്ടിരുന്നു. നടന്നു നടന്നു് ആ പാവം തളൻ കഴിഞ്ഞിരുന്നു. നൈരാശ്യം നിറഞ്ഞ കണ്ണുകളവൻ നാലുപാടും നടത്തിക്കൊണ്ടിരുന്നു. എന്നാൽ ആശയുടെ ഒരു ചെറുരശ്മിപോലും അവൻെറ ഹൃദയത്തെ സ്പർശിച്ചില്ല. വഴിയാത്രക്കാരോടവൻ യാചിച്ചുനോക്കി. അവരതു കേൾക്കുന്നതായി കാണപ്പെട്ടില്ല. ഇങ്ങിനെ ഉഴന്നു നടന്നു് ഒടുവിലാപാവം ഒരു തെരുവിൽക്കൂടെ തൻെറ കുടിലിലേയ്ക്കു തിരിച്ചു. അവൻ നടക്കുന്നതിൻെറ വലത്തുഭാഗത്തു് ഒരു വലിയ മനോഹരമായ ഭവനം സ്ഥിതിചെയ്തിരുന്നു. അവൻ ഒരിയ്ക്കൽക്കൂടി തൻെറ ഭാഗ്യം പരീക്ഷിച്ചുനോക്കുവാൻ തീർച്ചപ്പെടുത്തി അങ്ങോട്ടു നടന്നു. ഒരു നൈരാശ്യം സൂചിപ്പിയ്ക്കുന്ന ശബ്ദത്തോടുകൂടി വാതില്ക്കൽനിന്നു് താണുകേണപേക്ഷിപ്പാൻ തുടങ്ങി:- "എജമാനനേ, വല്ലതും തരണേ! ഇന്നൊന്നും കിട്ടീട്ടില്ല. ഭഗവാനെ വിചാരിച്ചു കുറച്ചു വല്ലതും."

ഏഴോ എട്ടോ വയസ്സായ ഒരു സുന്ദരിയായ പെൺകുട്ടി പുറത്തേയ്ക്കുവന്നു ചോദിച്ചു:-"ബാവാ, എന്താണു്

വേണ്ടതു്?" അനന്തുവിൻെറ കണ്ണുകളിൽ ആശയുടെ പ്രകാശം കാണുവാൻ തുടങ്ങി. താൻ ഒരു സ്വപ്നം കണ്ടുകൊണ്ടിരിയ്ക്കുകയാണോ എന്നവന്നു ശങ്കയുണ്ടായി. "എന്തു തന്നാലും വേണ്ടില്ല കുട്ടി, എന്തെങ്കിലും കുറച്ചു തരു" എന്നായി അനന്തു. കുട്ടി അവൻെറ കീറിപ്പാറിയ വസ്ത്രം നോക്കിക്കൊണ്ടിരിയ്ക്കയായിരുന്നു. "എന്താ നിങ്ങളുടെ വക്കൽ നല്ലവൃത്തിയുള്ള വസ്ത്രങ്ങളില്ലേ?" കുട്ടിയെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരുന്ന അനന്തു അവഠം പറയുന്നതുതന്നെ കേട്ടില്ലെന്നു തോന്നുന്നു. ആ ബാലികയാകട്ടെ വാതിലിൻെറ ചങ്ങലമേൽ കളിച്ചുകൊണ്ടും അനന്തുവിൻെറ കീറിപ്പാറിയ വസ്ത്രം നോക്കികൊണ്ടും നിന്നു; അപ്പോഠം വീട്ടിലെ ഒരു ഭൃത്യ വന്നുപറഞ്ഞു:-"എന്താ അമ്മു, ഇവിടെ നില്ക്കുന്നതു്; അമ്മ വിളിയ്ക്കുന്നുണ്ടു്. വരൂ; അകത്തേയ്ക്കു പോകാം."

കുട്ടി ഭൃത്യയുടെ കൈ വിടുവിച്ചുംകൊണ്ടു പറഞ്ഞു:- "ഞാൻ ബാവയുമായി കൂട്ടംകൂടിക്കൊണ്ടുനില്ക്കുകയാണു്, നോക്കു, ബാവയുടെ കയ്യിൽ നല്ല വസ്ത്രങ്ങളൊന്നുമല്ല."

അനന്തു കിശോരിയേയും നോക്കിക്കൊണ്ടു് അനങ്ങാതെ നില്ക്കുകയായിരുന്നു. ഭൃത്യ ചോദിച്ചു; "എന്താ നിനക്കു കഴിപ്പാൻ വല്ലതും വേണമോ?" "എന്തു തന്നാലും വേണ്ടില്ലമ്മാ; വല്ലാത്ത വിശപ്പുണ്ടു്." എന്നനന്തു പറഞ്ഞു. കുമാരി തുള്ളിച്ചാടികൊണ്ടു്, "ശരി, അവിടെ ഇരുന്നോളു ബാവാ; ഞങ്ങഠം ബാവയ്ക്കു ധാരാളം ഭക്ഷണം കൊണ്ടുവന്നുതരാം; അവിടെത്തന്നെ നില്ക്കണം. ഓടിപ്പോ

കരുതു കെട്ടോ. ആ ബാലിക വാലിയക്കാരത്തിയോടൊപ്പം അകത്തേയ്ക്കുപോയി. കുറച്ചുകഴിഞ്ഞപ്പോൾ ബാലികയും ഭൃത്യയുംകൂടി ഒന്നുരണ്ടു പാത്രങ്ങളിലായി ധാരാളം ഭക്ഷണസാധനങ്ങൾ പിച്ചക്കാരന്നു കഴിപ്പാൻ കൊണ്ടുവന്നുകൊടുത്തു. "കഴിച്ചോളു ബാവാ" കിശോരി പറഞ്ഞു.

അനന്തുവിൻെറ വിശപ്പും ദാഹവുമെല്ലാം നീങ്ങിക്കഴിഞ്ഞിരുന്നു; അവൻ കുട്ടിയുടെ മുഖത്തേയ്ക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. "എന്താ ഒന്നും കഴിയ്ക്കാത്തതു്? വിശപ്പില്ലേ?" കുമാരി ചോദിച്ചു. "കുട്ടി, കുട്ടിയ്ക്കു് ഈശ്വരൻ നന്മയരുളട്ടെ. ഇന്നുമുഴുവനും ഒന്നും കിട്ടീട്ടില്ല. ഈ പിച്ചക്കാരന്നു് കുട്ടിയാണിന്നു ഭക്ഷണം തന്നതു്."

കിശോരി:- "എന്താ നിങ്ങൾ കുട്ടികളെ പിടിച്ചുകൊണ്ടുപോകുമോ? ഞങ്ങളെ പിടിച്ചുകൊണ്ടുപോകരുതെ! കൊണ്ടുപോയാൽപ്പിന്നെ ചോറും ഒന്നും തരികയില്ല."

അനന്തുവിന്നു മറുപടിപറയാൻ ശബ്ദം പുറപ്പെട്ടില്ല. ആ ബാലികയുടെ സംസാരംകേട്ടു് അവൻ ആനന്ദിച്ചുകൊണ്ടിരുന്നു; ഭക്ഷണസാധനങ്ങളിൽക്കൂടി അവൻെറ മനസ്സ് രസിച്ചിരുന്നില്ല. അവൻ കിശോരിയോടു് പറഞ്ഞു:- "ഇല്ല, അമ്മു ഞങ്ങളെ പേടിക്കേണ്ട. ഞങ്ങൾ കുട്ടികളെ പിടിച്ചുകൊണ്ടുപോകില്ല. കെട്ടോ."

കിശോരി ചിരിയ്ക്കുവാൻ തുടങ്ങി. അനന്തു നെടുവീർപ്പിട്ടു; അപ്പോഴേയ്ക്കു് ഭൃത്യ പുറത്തേയ്ക്കുവന്നു പറഞ്ഞു:

"വരൂ, അമ്മൂ, അകത്തേയ്ക്കു വരൂ." അനന്തു ഒരു പഴകിക്കീറിയ വസ്ത്രത്തിൽ ബാക്കിയുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ എടുത്തു കെട്ടി, തൻെറ കുടിലിലേയ്ക്കു നടന്നു. അവനു കഴിഞ്ഞിരുന്നുവെങ്കിൽ സന്ധ്യയാകുന്നതുവരെ അവിടെത്തന്നെയിരുന്നു കിശോരിയുമായി സംസാരിച്ചും വിനോദിച്ചും കഴിച്ചുകൂട്ടുമായിരുന്നു. ഇനി ഇന്നവന്ന് വിശപ്പിനെ ഭയപ്പെടേണ്ടതില്ല. പക്ഷെ കുമാരിയുടെ ഓമനമുഖം അവൻെറ കൺമുമ്പിൽക്കിടന്നു കളിയ്ക്കുന്നതായി തോന്നിക്കൊണ്ടിരുന്നു. കുടിലിലെത്തി; തൻെറ ഭാണ്ഡം ഒരിടത്തുവെച്ചു; അവനെന്തിനെപ്പററിയോ ചിന്തിച്ചുകൊണ്ടിരിപ്പായി.

*    *    *    *    *

ജാനകീപ്രസാദ് പട്ടണത്തിലെ സുപ്രസിദ്ധനായ ഒരു സമിൻറാരായിരുന്നു. എല്ലാവരും അദ്ദേഹത്തെ ആദരിച്ചിരുന്നു. വലിയൊരു വിദ്യാസമ്പന്നനൊന്നുമല്ലായിരുന്നുവെങ്കിലും വളരെ ബുദ്ധിമാനായിരുന്നതുകൊണ്ടു് എല്ലാകാര്യങ്ങളിലും നാട്ടുകാർ അദ്ദേഹത്തിൻെറ ഉപദേശത്തെ വിലമതിച്ചുകൊണ്ടിരുന്നു. ഹിന്ദുവെന്നൊ മുസൽമാനെന്നൊ കൃസ്ത്യനെന്നൊ ഉള്ള ഭേദമൊന്നും ആ വിശാലമനസ്കന്നുണ്ടായിരുന്നില്ല. എല്ലാവരുമായും മൈത്രിയിലാണദ്ദേഹം കഴിഞ്ഞുകൂടിവന്നതു്. അയൽപ്രദേശങ്ങളിലെല്ലാം ആ പരോപകാരിയെ ബഹുമാനപൂർവ്വം ജനങ്ങൾ ആദരിച്ചുവന്നു. പരോപകാരം ചെയ്യാനുള്ള മനഃസ്ഥിതിയും, ന്യായംനട

ത്തുവാനുള്ള ധമ്മബോധവും ഉണ്ടായിരുന്നതുകൂടാതെ കയ്യിൽ ധാരാളം പണവുമുണ്ടായിരുന്നു. മഹാത്മാഗാന്ധിയുടെ അഭിപ്രായങ്ങളിൽ അദ്ദേഹത്തിന്നുള്ള ശ്രദ്ധ സീമാതീതമായിരുന്നു. ഖദർവ്യവസായത്തെപ്പററിയും ഹരിജനോദ്ധാരണത്തെപ്പററിയും ആ ദേശാഭിമാനി അക്ഷീണമായി പരിശ്രമംചെയ്തുവന്നു ; ഹരിജനസേവ ഏററവും വലിയ ഒരു പൊതുസേവനമാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. പട്ടണത്തിലെ വലിയവലിയ ആളുകളുടെ സഹായത്തോടുകൂടി ഹരിജനങ്ങൾക്കുവേണ്ടി കിണറുകൾ കുഴിപ്പിയ്ക്കുന്നതിന്നും സ്കൂളുകളും കോളനികളും ഏപ്പെടുത്തുന്നതിന്നും ശ്രമിച്ചുവരികയാണിപ്പോൾ. കിശോരിയെ അദ്ദേഹം തൻെറ ജീവനെക്കാളും സ്നേഹിച്ചിരുന്നു. വിവാഹം കഴിഞ്ഞശേഷം വളരെക്കാലം കഴിഞ്ഞുവെങ്കിലും സന്താനങ്ങളൊന്നും ഉണ്ടായില്ല. ഇനി ഉണ്ടാകുമെന്നുള്ള ആശയും ഇല്ലാതായി ; തന്നിമിത്തം അദ്ദേഹം ചിന്താഗ്രസ്തനായിത്തീൻ. സെമിൻറാരുടെ ഭാൎയ്യ താൻ സ്ത്രീവൎഗ്ഗത്തിൽവെച്ചു് ഭാഗ്യംകെട്ട ഒരുവളാണെന്നു വിചാരിച്ചു. സന്താനമില്ലാത്ത ഒരുത്തിയെ ഭാഗ്യവതിയാണെന്നു് ആരും വിചാരിയ്ക്കാറില്ല; അവളെ ഭാഗ്യവതിയാക്കിത്തീക്കുന്നതു് അവളുടെ സന്താനങ്ങളാണു്. ഏവംവിധങ്ങളായ വിചാരങ്ങളിൽ ആ സ്ത്രീ മുഴുകിയിരുന്നു. ആ ദമ്പതികൾക്കു് സന്താനത്തെസ്സംബന്ധിച്ചുള്ള ആശകളെല്ലാം നശിച്ചുകഴിഞ്ഞുവെന്നുതന്നെ പറയാം. ഒരു ദിവസം സന്ധ്യാസമയത്തു് ജാനകീപ്രസാദ് ഗംഗാതീരത്തു

ക്കൂടെ നടന്നുകൊണ്ടിരിയ്ക്കുമ്പോൾ പ്രസവംകഴിഞ്ഞിട്ടധി കമാകാത്ത ഒരു കുട്ടിയെ ഒരു ശീലവിരിച്ചു കിടത്തിയിരിയ്ക്കു ന്നതു് കണ്ടു; അദ്ദേഹം ആ കുട്ടിയെ എടുത്തു വീട്ടിലേക്കു കൊണ്ടുപോയി ഭാര്യയെ ഏല്പിച്ചു. അതുകഴിഞ്ഞിട്ടിപ്പോ ഴേയ്ക്കു് ഏഴെട്ടുകൊല്ലമായി; ആ കുട്ടിയാണു് കിശോരി; അവളിപ്പോൾ ജാനകീപ്രസാദിൻെറയും ഭാര്യയുടേയും കണ്മണിയായി വളൎന്നുവരികയാണു്. ആ അനാഥശിശു അവരുടെ ഏകസന്താനമായിത്തീൎന്നു.

കിശോരിയുടെ ആകൃതി വളരെ കോമളവും നിഷ്ക പടവുമായിരുന്നു; അവളെ കണ്ണുനിറയെ കണ്ടുകണ്ടു് ജാനകീപ്രസാദ് ആനന്ദിച്ചു; അദ്ദേഹമിപ്പോൾ തൻെറ സൎവ്വസ്വവും അവൾക്കു് സമൎപ്പണം ചെയ്യുന്നതിന്നു തീൎച്ച പ്പെടുത്തിയിരിയ്ക്കുകയാണു്.

പുറത്തുള്ള വരാന്തയിൽ ഒരു ചാരുകസേലയിലിരു ന്നദ്ദേഹം കിശോരിയുടെ പ്രിയപ്പെട്ട സംസാരം കേട്ടുകൊ ണ്ടിരിയ്ക്കുയാണു്. ചിലപ്പോൾ അവൾ വളരെ ബുദ്ധി പൂൎവ്വം സംസാരിയ്ക്കുന്നതുകേട്ടു് ജാനകീപ്രസാദ് ചകിത നാവാറുണ്ടായിരുന്നു. അദ്ദേഹം അവളുടെ താടിപിടിച്ചു യത്തിച്ചോദിച്ചു:—"അമ്മു, ഇന്നു മാസ്റ്റർ വരില്ലേ?"

കിശോരി മുഖം തിരിച്ചുകൊണ്ടുപറഞ്ഞു:—"വന്നി ല്ലെങ്കിൽ നന്നായിരുന്നു. മാസ്റ്റർസാഹിബ് ദിവസവും 'കുരങ്ങ്'ൻെറ പാഠമാണെടുക്കുന്നതു്; 'പശു'വിൻെറ പാ

റമാണ് കുട്ടികളെല്ലാം വായിയ്ക്കുന്നതു്; അതെടുക്കുവാൻ പറഞ്ഞാൽ മാസ്റ്റർ എടുക്കുന്നില്ല."

ജാനകീപ്രസാദ് സ്നേഹത്തോടുകൂടി പറഞ്ഞു:-"ശരി മാസ്റ്റർ വരട്ടെ; പശ്ശുവിൻെറ പാഠമെടുത്താൽമതിയെന്നു ഞങ്ങൾ പറയാം. ഇതുകേട്ടപ്പോഴയ്ക്കു് കിശോരി ആനന്ദംകൊണ്ടു മതിമറന്നു തുള്ളിച്ചാടാൻ തുടങ്ങി.

കിശോരി പറഞ്ഞു:-"ഞങ്ങളിന്നു പഠിയ്ക്കുകയില്ല; മാസ്റ്റർ സാഹിബിനെ ഇന്നു തോല്പിച്ചുവിടണം. ഞങ്ങളിന്നു ബാബയുമായി സംസാരിച്ചിരിയ്ക്കും."

"ബാബാ! ആരാണിതു്?" ജാനകീപ്രസാദ് ചോദിച്ചു.

കിശോരി:-"അയാളിവിടെ ഭിക്ഷ ചോദിപ്പാൻ വരികയാണ്."

ജാനകീപ്രസാദ് ചിരിപ്പാൻ തുടങ്ങി; കിശോരിയുടെ വാക്കുകൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം അയാൾക്കു മറെറാരിയ്ക്കലും ഉണ്ടാകാറില്ല. അദ്ദേഹം പറഞ്ഞു:-"ഇന്നു ബാബയുടെ അടുത്തേയ്ക്കു പോകേണ്ട; പോയാൽ പിടിച്ചുകൊണ്ടുപോകും."

കിശോരി:-"ഇല്ലില്ല. ബാബാ പറഞ്ഞിട്ടുണ്ടു് പിടിച്ചുകൊണ്ടോവില്ലെന്നു്, ഞങ്ങളയാൾക്കു ചോറു കൊടുക്കാറുണ്ടു്."

വാതിലിന്നടുത്തുനിന്നു് അപ്പോൾ അനന്തുവിൻെറ ശബ്ദംകേട്ടു; അവൻ ഭഗവന്നാമങ്ങൾ സങ്കീർത്തനം ചെ

സ്സിരുന്നു. ഈ ശബ്ദം കിശോരിയുടെ മനസ്സിലെ ഉറക്ക മുണർത്തി. അവൾ 'ബാവയതാ' 'ബാവയതാ' എന്നു പറഞ്ഞു് വാതില്ക്കലേയ്ക്കു് ഓടുവാൻ തുടങ്ങി. അനന്തു വന്നിട്ടുള്ളതു് കിശോരിയെ കാണുവാനാണു്. അല്ലാതെ ഭിക്ഷ വാങ്ങുവാൻ വേണ്ടിയല്ല. കിശോരി ആനന്ദവോടു് നേരമ്പോക്കായിച്ചോദിച്ചു:-"ബാബാ 'പൂരി' ഒന്നാന്തര മായിട്ടുള്ളതുണ്ടു്." അനന്തു പറഞ്ഞു:-"കുട്ടി തന്നാൽ പിന്നെ നന്നാവാത്തതായി വല്ലതുമുണ്ടാവുമോ? ഭഗവാൻ കുട്ടിയെ കാത്തുരക്ഷിയ്ക്കട്ടെ; ഭഗവാൻ എജമാന്മാരെ കാ ത്തു സുഖമായിരിപ്പാനനുഗ്രഹിയ്ക്കട്ടെ."

കിശോരി ഉത്സാഹത്തോടുകൂടി പറഞ്ഞു:-"ബാബാ ഞങ്ങളോടു് അമ്മ പറയുന്നു; സന്ന്യാസികൾ കുട്ടികളെ പിടിച്ചുകൊണ്ടുപോകുമെന്നു്."

അനന്തു പറഞ്ഞു:-"പിടിച്ചുകൊണ്ടുപോകില്ലെന്നു് ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. എന്താ എജമാ നത്തി പറഞ്ഞുവോ എന്റെ അടുത്തേയ്ക്കു് വരരുതു് എന്നു്?"

കിശോരി:-'ഭക്ഷണം കൊണ്ടുപോയി കൊടുത്ത ശേഷം ഓടിപ്പോരേണമെന്നു് അമ്മ പറഞ്ഞു."

ആനന്ദു തന്റെ ഭാണ്ഡത്തിൽനിന്നൊരു കളിക്കോ പ്പെടുത്തു കിശോരിയ്ക്കു കൊടുത്തു പറഞ്ഞു:-"ഇതാ ഇതു കൊണ്ടു കളിച്ചോളൂ."

കിശോരിക്കു വളരെ സന്തോഷമായി. കയ്യിൽ കളിക്കോപ്പെടുത്തു് പറഞ്ഞു :- "ഞങ്ങൾ തനിയെ കളിച്ചുകൊള്ളാം. രാമി ഇവിടെനിന്നു് പോയിരിക്കുന്നു. അവൾ പറയുകയാണ് അമ്മ ഞങ്ങളേക്കാൾ വെള്ളത്തിട്ടാണെന്ന്. ബാബുജിയോട്ട് പറഞ്ഞുകൊടുക്കുമെന്ന് ഞങ്ങൾ പറഞ്ഞു. അനന്തു കിശോരിയുടെ ശബ്ദംകേട്ട് ആനന്ദിച്ചുകൊണ്ടു് പറഞ്ഞു :- "അമ്മു, ഞങ്ങൾ ദിവസവും വരും; ദിവസേന റൊട്ടിതരുമോ?" കിശോരി ചിരിച്ചുകൊണ്ട് പറഞ്ഞു. :- "കളിക്കോപ്പ് കൊണ്ടുവരണം, മറക്കരുത്. നോക്കു ഞാൻ നിങ്ങളുടെ അടുത്തു നില്ക്കുന്നതു്. എനിക്കു് പേടിയില്ല."

അനന്തു കയ്യുനീട്ടി; എന്നാൽ കിശോരി തുള്ളിച്ചാടി ദൂരത്തുപോയിനിന്നു; എന്നിട്ടു പറകയായി :- "പിടിച്ചുകൊണ്ട് പോകയാണെങ്കിൽ അമ്മയോടു പറഞ്ഞുകൊടുക്കും."

അനന്തുവിൻെറ കയ്യ് നീട്ടിക്കൊണ്ടുതന്നെയിരുന്നു; അവൻ ചിരിച്ചുകൊണ്ടിരുന്നു. "എനിയ്ക്കു കുട്ടിയെ വല്ലാത്ത പേടിയാണ്." അവൻ പറഞ്ഞു.

അപ്പോഴേയ്ക്കു് അവിടെ വാലിയക്കാരത്തിയെത്തി; അവൾ കിശോരിയോട് പറഞ്ഞു :- "അമ്മു, ബാവക്കു് ഭക്ഷണം കൊടുത്തുവല്ലൊ; ഇനി അകത്തേയ്ക്കു് പൊയ്ക്കോളുള്ളു. മാസ്റ്റർ വന്നുകഴിഞ്ഞു."

മാസ്റ്റർ വന്ന വത്തമാനം കേട്ടപ്പോഠം കിശോരിയുടെ മുഖം ഒരു വാടിയ പുഷ്പംപോലെയായി. അനന്തുവുമായി സംസാരിച്ചിരിപ്പാനായി ആഗ്രഹിച്ചിരുന്നു. അവഠം അകത്തുപോയി ഭക്ഷണം എടുത്തുകൊണ്ടുവന്നു് അവന്നുകൊടുത്തു. അനന്തു ഭക്ഷണം വാങ്ങി 'കുട്ടി, ഭഗവാൻ കുട്ടിയെ രക്ഷിക്കട്ടെ!' എന്നും പറഞ്ഞു് പോവാൻ ഭാവിച്ചു. കുട്ടി അവിടെത്തന്നെനിന്നു് അനന്തുവിനെ നോക്കിക്കൊണ്ടിരുന്നു.

*   *   *   *   *

അനന്തു ദിവസവും രാവിലെ ഭിക്ഷയ്ക്കായി അവിടെ വരും. രാത്രിമുഴുവൻ അവന്നുറക്കം വരില്ല. നേരം വെളിച്ചമാവുന്നതും പ്രതീക്ഷിച്ചു കഴിച്ചുകൂട്ടുകയാണു് അവൻ ചെയ്തിരുന്നതു്. ഭഗവന്നാമകീത്തനം കേട്ടുകഴിഞ്ഞാൽ കിശോരി അവിടെ ഓടിയെത്തുകയായി. അനന്തുവിനെ കാണുന്നതവഠംക്കത്ര സന്തോഷമാണു്. കുരങ്ങനേയും കരടിയേയും കളിപ്പിച്ചുകൊണ്ടു നടക്കുന്നവരുടെ പിന്നാലെ കുട്ടികഠം ഓടിയെത്തുംപോലെയാണു് കിശോരി അനന്തുവിൻെറ അടുത്തേയ്ക്കോടിയെത്തിയിരുന്നതു്. അനന്തുവിന്നു കിശോരിയെക്കാണുന്നതു് അതിലധികം ആനന്ദമായിരുന്നു. അവൻ പലപ്പോഴും കിശോരിയെ നോക്കിക്കൊണ്ടിരുന്നു് സവ്വവും വിസ്മരിച്ചുകളയും. അവളെ കാണുമ്പോഠം അനന്തു തൻെറ ഭൂതകാലജീവിതത്തിലെ ചില സംഭവങ്ങഠം

സ്മരിച്ചുവരാറുണ്ടു്; അവൻ രാത്രിതോറും തൻെറ ജീവിത കഥയോൎത്തു കണ്ണുനീർ വാൎക്കുകയാണു് ചെയ്യാറുള്ളതു്.

അവൻെറ ജീവിതം മുഴുവനും ദാരിദ്ര്യത്തിൽത്തന്നെ കഴിഞ്ഞുകൂടി. ഭിക്ഷയാചിക്കലായിരുന്നു അന്നും അവൻെറ ജീവനോപായം. അനന്തുവിന്നു ഭാൎയ്യയുണ്ടായിരുന്നു; എട്ടു വൎഷത്തിന്നുമുമ്പവർ മരിച്ചുപോയി. ഒരു സന്ധ്യാസമയത്തു് അവൻെറ ഗൎഭിണിയായ ഭാൎയ്യ ഒരു പെൺകുട്ടിയെ പ്രസവിച്ചു; തുടൎന്നുണ്ടായ സ്ഥിതി മോശമായിരുന്നു. അനന്തുവിൻെറ കയ്യിൽ ഒരു പൈസപോലും ഉണ്ടായിരുന്നില്ല. പിന്നെ ഡോക്ടൎക്കോ വൈദ്യനൊ വല്ലതും കൊടുക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നു പറയേണ്ടതില്ലല്ലൊ. പിന്നെ അവരെങ്ങിനെയാണു് വിളിച്ചുകൊണ്ടുവരിക? ആ സ്ത്രീ അങ്ങിനെ മൂന്നുദിവസം കിടന്നശേഷം മരിച്ചുപോയി. അനന്തുവിൻെറ മേൽ ഇടിവെട്ടേററ ഒരു നിലയിലായി; ഈ പ്രപഞ്ചംതന്നെ നഷ്ടമായതായി അവന്നു തോന്നി. ദീനത്തിൽ കിടന്നിരുന്ന ഭാൎയ്യയെ അവൻ രാവും പകലുമിരുന്നു ശുശ്രൂഷിച്ചു; അവസാനം ഇങ്ങിനെവന്നപ്പോൾ അവൻ ദുഃഖംകൊണ്ടു ഭ്രാന്തനായിത്തീൎന്നു. ഭക്ഷണത്തിന്നുയാതൊന്നും അവൻെറ കൈവശം ഉണ്ടായിരുന്നില്ല. പിറേറന്നു വൈകുന്നേരം ആ മൂന്നുദിവസം പ്രായമായ കുട്ടിയെ ഗംഗാതീരത്തിൽ ഒരു ശീലവിരിച്ചു കിടത്തി അവൻ വീട്ടിലെക്കു മടങ്ങിപോന്നു; പക്ഷെ രാത്രി മുഴുവനും ഉറക്കമുണ്ടായില്ല. പ്രഭാതമായതോടുകൂടി അവൻ

പുഴവക്കത്തെത്തി; പക്ഷെ അവിടെകിടത്തിയിരുന്ന കുട്ടിയുണ്ടായിരുന്നില്ല; അപ്പോഠം അനന്തു ദുഃഖപൂൎണ്ണനായി പ്പറഞ്ഞു:- "ജഗദീശ്വര, അങ്ങയുടെ ഇഷ്ടം എന്തൊക്കെയാണെന്നാരുകണ്ടു!"

കിശോരിയെ അനന്തു ആദ്യമായി എപ്പോഠം കണ്ടുവോ അപ്പോഠംമുതല്ക്കവൻെറ ഹൃദയം വ്യാകുലമായിത്തീൎന്നു. അവളെ കാണുമ്പോഠം ഒരദൃശ്യവേദന അവൻെറ ഹൃദയത്തിൽ തെളിഞ്ഞുനിലീനമാകാറുണ്ട്. അവളെ കാണാതെ അവന്നു സുഖവുമില്ല. എല്ലാ ദിവസവും അവൻ ഒന്നല്ലെങ്കിൽ മറെറാന്ന് എന്നനിലയിൽ ഓരോ കളിക്കോപ്പ് അവഠംക്ക കൊണ്ടുപോയിക്കൊടുക്കും. അവന്നു ഭക്ഷണം കിട്ടുമോ ഇല്ലയോ എന്നവൻ നോക്കിയിരുന്നില്ല. കിശോരിയാണെങ്കിൽ എപ്പോഴും അവൻെറ അടുത്തിരുന്ന് വളരെ ഇഷ്ടമായനിലയിൽ ഓരോന്നു സംസാരിച്ചുകൊണ്ടിരിയ്ക്കും. അവഠം മാസ്റ്റർ വരാൻ വൈകിയാൽ അനന്തുവിനെ തൻെറ പാഠങ്ങഠം ചൊല്ലിക്കേഠംപ്പിച്ചുകൊണ്ടിരിയ്ക്കും. ഇടയ്ക്കിടയ്ക്ക് അനന്തു തൻെറ സ്വപ്നലോകത്തിൽ സഞ്ചരിയ്ക്കുകയായിരിയ്ക്കും; അപ്പോഠം അവഠം അവൻെറ കൈപിടിച്ചു ചോദിയ്ക്കും:— "ബാവാ, ഉറങ്ങുകയാണോ? ഞാൻ പറയുന്നതൊന്നും കേഠംക്കുന്നില്ലേ?" അപ്പോഠം അനന്തു തൻെറ സ്വപ്നലോകത്തിൽ നിന്നുണർന്ന് കിശോരിയുടെ കോമളാംഗുലികഠം പിടിച്ച് അവളെ കളിപ്പിയ്ക്കുവാൻ തുടങ്ങും. അനന്തുവിന്ന്

നിവൃത്തിയുണ്ടായിരുന്നുവെങ്കിൽ ദിവസം മുഴുവനും അവൻ ജാനകീപ്രസാദിൻെറ വീട്ടിന്നടുത്തുനിന്നു് കിശോരിയുടെ കോമളവാക്യങ്ങൾ കേട്ടുകൊണ്ടിരിയ്ക്കുമായിരുന്നു.

കയ്യിൽനിന്നു് ഒരാളുടെ ധനം വീണുപോയി. അതു പിന്നെ കിട്ടിയെങ്കിലും അയാൾക്കതിൽ അധികാരമില്ലാതായി എന്നിരിയ്ക്കട്ടെ. അതിനെ വ്യാകുലതകൂടാതെ അയാളെങ്ങിനെ നോക്കിക്കാണും? ഒരു ഭിക്ഷക്കാരന്നു് ഒരു മൂല്യരത്നത്തെയെങ്ങനെയാണു് തൻേറതാണെന്നവകാശപ്പെട്ടുവാൻ കഴിയുക? അതൊരസാദ്ധ്യകാര്യംതന്നെയാണു്; അനന്തുവിന്നു് അവളെ കാണുമ്പോൾ ആനന്ദം വളരെയുണ്ടായിരുന്നു; എന്നാൽ അതോടുകൂടിത്തന്നെ അവളെക്കാണുമ്പോൾ അവൻെറ വ്യാകുലതയും വർദ്ധിച്ചുകൊണ്ടുവന്നു. എന്നാൽ ആ ദുഃഖത്തിലും അവന്നൊരു സുഖമാണുണ്ടായിരുന്നതു്. കിശോരി അനന്തുവെ എപ്പോഴും അലട്ടികൊണ്ടിരിക്കും; ചിലപ്പോൾ അവൾചെന്നു അവൻെറ മടിയിൽ ഇരിക്കും. മുമ്പവൾ അനന്തുവെ അടുത്തുകാണുമ്പോൾ പേടിച്ചിരുന്നു; എന്നാലിന്നവൾ അവനെ വളരെയധികം ഇഷ്ടപ്പെട്ടുന്നു. അവൾ അവനോടു് പല ചോദ്യങ്ങളും ചോദിച്ചുകൊണ്ടിരിയ്ക്കും. കിശോരി തൻെറ അടുത്തുണ്ടാകുമ്പോൾ അനന്തുവിന്നു് ഒരാനന്ദത്തിൻെറ ഭ്രാന്തു പിടിയ്ക്കും. ഈ സുഖവും ആനന്ദവും വഹിപ്പാനുള്ള ശക്തി അവനില്ലെന്നുകൂടി ചിലസമയം അനന്തുവിന്നു തോന്നാറുണ്ടു്.

ഒരു ദിവസം അനന്തുവിൻെറ മടിയിലിരുന്നുകൊണ്ടു് കിശോരി അവളുടെ ഞായംപറയലിൽ മുഴകിയിരിയ്ക്കുക യായിരുന്നു. അവൾ അനന്തുവിനോട് ചോദ്യത്തിന്മേൽ ചോദ്യമായി അങ്ങിനെ കഴിയുകയാണ്. അനന്തു ശ്രദ്ധാ പൂർവ്വം ആ ചോദ്യങ്ങൾക്ക് ഓരോന്നിന്നും ഉത്തരം പറ ഞ്ഞുകൊണ്ടിരുന്നു. അവൾ അനന്തുവിനോടു ചോദിച്ചു:- "നിങ്ങളെന്താണ് നിലത്തുകിടന്നാണോ ഉറങ്ങുന്നതു് ?"

അനന്തു:- "അതെ അമ്മു."

കിശോരി:- "നിങ്ങളുടെവശം കൊതുവലയില്ലേ ?"

അനന്തു:- "ഇല്ല; കുഞ്ഞേ, ഞങ്ങൾ ദരിദ്രന്മാ രാണ് !!

കിശോരി:- "നിങ്ങളുടെ കയ്യിൽ എത്ര ഉറുപ്പിക യുണ്ടു് ?

അനന്തു:- "ഒരു ഉറുപ്പികയുമില്ല."

കിശോരി:- സത്യം പറയു; നിങ്ങൾ കളവാണ് പറയുന്നതു്; ഞങ്ങളുടെ അച്ഛൻെറവശം വളരെ ഉറു പ്പികയുണ്ട്."

അനന്തുവിൻെറ കണ്ണുകൾ നിറഞ്ഞു; അവൻ പറഞ്ഞു:- "അമ്മു; അമ്മുവിൻെറ അച്ഛൻ ഒരു വലിയ ധനവാനാണ്."

കിശോരി:- "എപ്പോഴാണ് നിങ്ങൾ നിങ്ങളുടെ കുട്ടിയെ ഇങ്ങോട്ടുകൊണ്ടുവരിക ? ഞാൻ ആ കുട്ടിയൊ

ന്നിച്ചാണു് കളിയ്ക്കുക. എൻെറ ചെറിയ പാവ ഞാന വരംക്കു കളിപ്പാൻ കൊടുക്കും."

അനന്തു :- "എനിയ്ക്കു കളിയ്ക്കാൻ കൊണ്ടുവരുവാൻ എൻേറതായി ഒരു കളിയുമില്ല."

അനന്തുവിൻെറ കണ്ഠം ബാഷ്പനിരുദ്ധമായിത്തീൎന്നു.. കിശോരി ശാഠ്യം പിടിച്ചുകൊണ്ടു് പറഞ്ഞു :- "ബാബാ, ഞാനിനി നിങ്ങളോട് മിണ്ടില്ല; നിങ്ങരം പറയുന്നതു കളവാണ്. ഞാൻ രാമിയുടെക്കൂടെ ഇനി കളിയ്ക്കുകയില്ല; നിങ്ങളുടെ കുട്ടിയോടുക്രുടിയേ ഇന്നി ഞാൻ കളിയ്ക്കൂ."

അനന്തു കിശോരിയെ എടുത്തു ചുംബിച്ചു :- "എന്തു് ? അമ്മു എൻെറ കുട്ടിയല്ലെ ?"

കിശോരി :- "ഞാനിനി നിങ്ങളോട് മിണ്ടില്ല."

അനന്തു :- "എന്നാലമ്മു എൻെറ കുട്ടിയല്ല"

കിശോരി 'കലകല' എന്നു ചിരിച്ചു. അപ്പോഴേയ്ക്കു് ജാനകീപ്രസാദ് അതിലേവന്നു് കിശോരിയുടെ കൈപിടിച്ചു് ഭയപ്പെടുത്തിയുംകൊണ്ടു് പറഞ്ഞു :- "അകത്തേയ്ക്കുപോ". കിശോരി പേടിച്ചു വിറച്ചു് അകത്തേയ്ക്കു പോയി. ജാനകീപ്രസാദ് കോപംകൊണ്ടു് ജ്വലിച്ചിരുന്നു. അദ്ദേഹം പറഞ്ഞു :- "എടാ, നീ കുട്ടിയെ മടിയിലെടുത്തുവെച്ചിരിയ്ക്കുന്നു ! ആരാണു് നിനക്കിതിന്നനുവാദം തന്നതു് ?" അനന്തു നിശ്ശബ്ദമായിനിന്നു് ആ പറയുന്നതെല്ലാം കേട്ടു. ജാനകീപ്രസാദ് അനന്തുവിൻെറ

ഈ നിസ്സംബന്ധമായ നിലപാടിനെ തെററിദ്ധരിച്ചു. അവൻ വിശ്വസിയ്ക്കാൻ വയ്യാത്തവനായതുകൊണ്ടാണിങ്ങിനെ മിണ്ടാതെനില്ക്കുന്നതെന്നദ്ദേഹം വ്യാഖ്യാനിച്ചു.

അദ്ദേഹം പിന്നേയും പറഞ്ഞു — "നിനക്കു ഭിക്ഷ വാങ്ങി മിണ്ടാതെ കടന്നുപോയാൽ പോരെ ? കുട്ടികളെ വഞ്ചിച്ചു തട്ടികൊണ്ടുപോവുകയാണ് നിങ്ങളുടെ വർഗ്ഗക്കാരുടെ പണിയെന്ന് എനിയ്ക്കറിയാം. അതിന്ന് ഓരോ പ്രലോഭനങ്ങൾ ഉണ്ടാക്കി അവരെ സ്വാധീനിയ്ക്കുക ! ഇനി ഇവിടെ ഇരിയ്ക്കരുത്. നിനക്കിവിടെ ഇത്ര സ്വാതന്ത്ര്യം കാണിപ്പാൻ എന്താണാവശ്യം ? കുട്ടിയെ എടുത്തു മടിയിൽ വെച്ചിരിയ്ക്കുന്നു !"

അനന്തു :- "എജമാൻനേ, എനിയ്ക്കു മാപ്പുതരണം ; ഞാൻ കുട്ടിയെ കളിപ്പിച്ചുകൊണ്ടിരുന്നുവെന്നേയുള്ളു."

ജാനകീപ്രസാദ് :- "നിന്നെപ്പോലുള്ളവരോടു ഞാൻ ദയകാണിയ്ക്കുന്നു; നിങ്ങളാണെങ്കിൽ അപ്പോഴയ്ക്കു തലയിൽ കയറുന്നു. അവനവൻെറ നിലയിൽനിന്നു തെററിപ്പോകരുത്. എൻെറ കുട്ടി ഭിക്ഷക്കാരൻെറ കൂടെ കളിച്ചുകൊണ്ടിരിയ്ക്കുക !"

അനന്തു :- "എജമാൻനേ, എനിയ്ക്കു കുട്ടികളില്ല; ഞാൻ വളരെ ദരിദ്രനാണ്. ഈ കുട്ടിയെ കാണുമ്പോൾ എനിയ്ക്കു സന്തോഷം തോന്നുകയാണെന്നു മാത്രം".

ജാനകീപ്രസാദ് :- "ശരി, പക്ഷെ നിന്നെപ്പോലെയുള്ള ഭിക്ഷക്കാരെ വിശ്വസിക്കുന്നതു വിഡ്ഢിത്തമാണ്.

കണ്ടാൽ വലിയ സാധുക്കളാണു്; പക്ഷെ അങ്ങേ അററത്തെ കൌശലക്കാരാണു് നിങ്ങൾ. ഓർമ്മവെച്ചോ; ഇനി ഇവിടെ വന്നു് എൻെറ കുട്ടിയുമായി സംസാരിച്ചിരുന്നാൽ .........സാധാരണ ഭിക്ഷക്കാരെപ്പോലെ ഇവിടെ വന്നു് ഭിക്ഷവാങ്ങി പോയ്ക്കൊ; കുട്ടിയുമായി ഇനി സംസാരിച്ചിരിയ്ക്കുന്നതുകണ്ടാൽ ഞാൻ നിന്നെ പോലീസ്സിലേല്പിയ്ക്കും".

അനന്തു :- "എജമാൻനേ, അപ്പോൾ എനിയ്ക്കിനി കുട്ടിയെ കാണാൻ തന്നെ പാടില്ലേ ? എനിയ്ക്കൊരു കുട്ടിയുണ്ടായിരുന്നു. ഇപ്പോൾ അവളും ഇല്ല. എൻെറ വീട്ടുകാരിയും ഈ പ്രപഞ്ചം വിട്ടുപോയി. ഞാൻ തനിച്ചു് ദുഃഖിതനായി ഇങ്ങിനെ കഴിച്ചുകൂട്ടുന്നു."

ജാനകീപ്രസാദ്:- "ഇനിയും കിശോരിയെ കാണാൻ നീയിങ്ങോട്ടു വരുമെന്നോ !"

എവിടേനിന്നാണെന്നറിഞ്ഞുകൂട; അനന്തുവിന്നു ഒരു ശക്തി വന്നുചേൎന്നു.

അയാൾ പറഞ്ഞു :- "ഉവ്വു് എജമാൻനേ."

ജാനകീപ്രസാദ് ക്രോധത്താൽ വിറച്ചുകൊണ്ടു പറഞ്ഞു :- "തെമ്മാടിത്തം എത്രത്തോളമായി? കിശോരിയെക്കാണ്മാൻ നീ വരുമെന്നാണൊ പറയുന്നതു് ? പോ പുറത്തു്! നിന്നെ ഇപ്പോൾ പോലീസ്സിൽ ഏല്പിയ്ക്കയാണു് വേണ്ടതു്; അവിടുന്നു പുറത്തുപോ!"

അനന്തു എഴുന്നേററു:- "നല്ലതു് എജമാൻനേ, ഇനി ഞാൻ വരുന്നില്ല." അനന്തു തിരിഞ്ഞുനോക്കി. കിശോരി വാതിലിന്റെ മറവിൽനിന്നു് തേങ്ങിക്കരയുന്നുണ്ടായിരുന്നു.

കൊല്ലങ്ങൾ പിന്നേയും കഴിഞ്ഞുകൊണ്ടിരുന്നു. അനന്തുവിനെ പിന്നെ ആരും എവിടേയും കാണുകയുണ്ടായിട്ടില്ല.

165525
38453
UNIVERSITY LIBRARY
2 DEC
MUL
165525

18 ... 1956